

T62
V43

# സ്നേഹം

# അനശ്വര സ്നേഹം



T62/YHS

DHARMARAM COLLEGE LIBRARY.
31981
BANGALORE.

പ്രസാധകൻ:

ഫാ. സി. ജെ. വർക്കി

അനശ്വര സ്നേഹം

ഒന്നാം പതിപ്പ്

കോപ്പി 1000

1971 സെപ്തംബർ

വിമല പ്രിൻറിംഗ് പ്രസ്സ്

തലശ്ശേരി-1

വില :

1 ക. 25 പൈസ

# വിഷയവിവരം


| | | |
|---|---|---|
| | | പേജ് |
| 1. | കനിയും കനിവും— | |
| | ശ്രീ. തോമസ് വക്കി, M.A., B.Ed. | 1 |
| 2. | പ്രതീക്ഷകൾ പൂവണിയുന്നു— | |
| | ടി. പി. ജോസഫ്, പുല്ലൂരാമ്പാറ | 11 |
| 3. | അഴലിന്റെ അഴക്— | |
| | സി. ടി. ജോസഫ്, മാനന്തവാടി | 32 |
| 4. | സ്വപ്ന ദർശനം— | |
| | ഫ്രാൻസീസ് ചാക്കോ, അങ്ങാടിപ്പുറം | 54 |
| 5. | ഗെദയോൻ— | |
| | വി. കെ. കൊച്ചുമേരി, കൂരാച്ചുണ്ട് | 72 |
| 6. | സാവൂൾ രാജാവ്— | |
| | എം. എം. ജോസുകുട്ടി, കണ്ണോത്ത് | 91 |
| 7. | ദേവരാജൻ— | |
| | ജോർജ്ജ്കുട്ടി, അങ്ങാടിക്കടവ് | 106 |

# അവതാരിക

മതപഠന ക്ലാസ്സുകൾ കൂടുതൽ ആകർഷകമാക്കേണ്ടതിന്റെ ആവശ്യകത എല്ലാവർക്കും ബോദ്ധ്യപ്പെട്ടിരിക്കയാണല്ലോ. അതിനു് പല മാർഗ്ഗങ്ങളും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടു്. സൺഡേ സ്കൂളിനോടനുബന്ധിച്ചു് കലാപരിപാടികൾ നടത്തണമെന്നുള്ളതാണു് അവയിൽ ഒന്നു്.

ബൈബിൾ കഥകൾ നാടകരൂപത്തിൽ അവതരിപ്പിക്കുന്നതു് കുട്ടികൾക്കു് കൂടുതൽ ഉപകാരപ്രദമാകുമെന്നുള്ള പ്രതീക്ഷയോടുകൂടി നമ്മുടെ രൂപതയിലെ ഏതാനും യുവസാഹിത്യകാരന്മാർ തയ്യാറാക്കിയിട്ടുള്ള ലഘുനാടകങ്ങളാണു് ഈ പുസ്തകത്തിലുള്ളതു്. വേദപാഠക്ലാസ്സുകളോടനുബന്ധിച്ചു് കുട്ടികൾതന്നെ അഭിനയിക്കുന്നതിനുവേണ്ടി എഴുതപ്പെട്ടിട്ടുള്ളതാണു് ഈ ലഘുനാടകങ്ങൾ.

അദ്ധ്യാപകരായ ഈ യുവസാഹിത്യകാരന്മാർ നമ്മുടെ കൃതജ്ഞതയും പ്രോത്സാഹനവും അർഹിക്കുന്നുണ്ടു്. ക്രിസ്തു പ്രവർത്തിച്ചിട്ടുള്ള അത്ഭുതങ്ങളും അരുളിച്ചെയ്തിട്ടുള്ള അന്യാപദേശങ്ങളും നാടകരൂപത്തിൽ അവതരിപ്പിക്കുന്നതു് കൂടുതൽ പ്രയോജനകരമായിരിക്കും. നമ്മുടെ യുവസാഹിത്യകാരന്മാർ ഈ വിഷയങ്ങൾകൂടി താമസിയാതെ അവതരിപ്പിക്കുമെന്നു പ്രതീക്ഷിക്കുന്നു.

നമ്മുടെ വേദപാഠ ക്ലാസ്സുകൾ കൂടുതൽ ആകർഷകവും പ്രയോജനകരവുമാക്കാൻ ഈ ലഘുനാടകങ്ങൾ ഉപകരിക്കട്ടെ എന്നുള്ള ആശംസയോടുകൂടി ഈ ഗ്രന്ഥം നിങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചുകൊള്ളുന്നു.

തലശ്ശേരി,
4—8—1971.

† സെബാസ്റ്റ്യൻ വള്ളോപ്പിള്ളി,
തലശ്ശേരി രൂപതയുടെ മെത്രാൻ.

# ഈ പുസ്തകത്തെപ്പററി രണ്ടു വാക്കു്

രക്ഷണീയ കർമ്മത്തിലേക്കു് വിരൽ ചൂണ്ടുന്ന പഴയ ഉടമ്പടിയിലെ പ്രധാന സംഭവങ്ങളെ ആസ്പദമാക്കി ലഘുനാടകങ്ങളും, ഏകാങ്കങ്ങളും തയ്യാറാക്കിയാൽ അവ നമ്മുടെ വിദ്യാലയങ്ങളിലെ വാർഷികങ്ങളിലും, സൺഡേ സ്കൂളുകളിലും, ഭക്തസംഘടനകളുടെ മീററിംഗുകളിലും, വാർഷികങ്ങളിലും അവതരിപ്പിക്കുന്നതിനു് ഉപകരിക്കുമെന്നുള്ള എൻെറ എളിയൊരാഗ്രഹത്തെ മാനിച്ചുകൊണ്ടു് സാഹിത്യാഭിരുചിയുള്ള ഏതാനും അദ്ധ്യാപകർ തയ്യാറാക്കിയിട്ടുള്ള ഏഴു് ലഘുനാടകങ്ങളാണു് ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ളതു്. ദൈവത്തിനു് മനുഷ്യനോടുള്ള അനശ്വര സ്നേഹത്തെ പ്രകടമാക്കുന്ന ബൈബിൾ സംഭവങ്ങളെ ആസ്പദമാക്കിയുള്ള ലഘുനാടകങ്ങളായതുകൊണ്ടാണു് ഈ പുസ്തകത്തിനു് "അനശ്വര സ്നേഹം" എന്ന പേരു് കൊടുത്തിട്ടുള്ളതു്.

വി. ഗ്രന്ഥത്തിലെ ഏതാനും ചില സംഭവങ്ങൾ മാത്രമേ ഇതിൽ സ്പർശിക്കപ്പെട്ടിട്ടുള്ളു. ഏകാങ്കങ്ങൾക്കും ലഘുനാടകങ്ങൾക്കും പററിയ വേറേയും അനേകമനേകം സംഭവങ്ങൾ പഴയ ഉടമ്പടിയിലും പുതിയ ഉടമ്പടിയിലും നമുക്കു് കാണാൻ കഴിയും. അവയേയും ആസ്പദമാക്കി ഏകാങ്കങ്ങളും മററും രചിക്കാൻ നമ്മുടെ യുവസാഹിത്യകാരന്മാർ മുന്നോട്ടു വരുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു. ഇപ്രകാരമുള്ള ഏകാങ്കങ്ങൾ നമ്മുടെ കുട്ടികളുടെ വി. ഗ്രന്ഥജ്ഞാനത്തെ വർദ്ധിപ്പിക്കുകയും സന്മാർഗ്ഗ ബോധത്തെ ബലപ്പെടുത്തുകയും ചെയ്യുന്നതാണു്.

മേലിലും മെച്ചപ്പെട്ട സാഹിത്യ സൃഷ്ടികൾ നമ്മുടെ ഈ യുവസാഹിത്യകാരന്മാരുടെ തൂലികയിൽനിന്നുത്ഭവിക്കുമെന്നു്

പ്രതീക്ഷിക്കാം. അവരുടെ ഈ സാഹിത്യ പരിശ്രമത്തിനു് അഭിനന്ദനങ്ങൾ !

'സാവൂൾ രാജാവു്', 'ദേവരാജൻ' എന്നീ ഏകാങ്കങ്ങൾ പ്രായേണ ഒരേ വിഷയത്തെ സംബന്ധിച്ചാണെങ്കിലും, രണ്ടു തരത്തിലുള്ള സമീപനമാകയാലും, രണ്ടും നല്ലവയാകയാലു മാണു്, രണ്ടും ചേർക്കാമെന്നു് തീരുമാനിച്ചതു്.

ഈ പുസ്തകത്തിനു് ഒരു നല്ല അവതാരിക എഴുതിത്തന്ന നുഗ്രഹിച്ച തലശ്ശേരി രൂപതയുടെ മെത്രാൻ റൈററ്. റവ. ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമേനിയോടുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

ഫാ. സി. ജെ വർക്കി.

# കനിയും കനിവും

## ലഘു നിഴൽ നാടകം

(ശ്രീ. തോമസ് വക്കി, M. A., B. Ed.)

[രംഗസജ്ജീകരണത്തിനുള്ള ചില പൊതു നിർദ്ദേശങ്ങൾ: മുൻകർട്ടൻ ഞെറിയുള്ളതും നീലസിൽക്കുകൊണ്ടുണ്ടാക്കിയതുമായിരിക്കണം. അതിനു തൊട്ടുപിന്നിൽ നല്ല വെള്ളക്കർട്ടൻ സ്ഥാപിക്കുക. അതിനുപിന്നിൽ ചുരുങ്ങിയത് അഞ്ചടി വീതിയിൽ സ്ഥലം വെറുതെയിട്ടിരിക്കണം. അതിനുപിന്നിൽ ഒരു കർട്ടൻ- കറുത്തതാകുന്നതുത്തമം. വെള്ളക്കർട്ടനുപിന്നിൽ കുറച്ചകലെ ശക്തിയേറിയ ലൈററ് ഘടിപ്പിച്ചിരിക്കണം. സ്റ്റേജിനുമുന്നിലും വിവിധവർണ്ണങ്ങൾ നിഴലിപ്പിക്കുന്നതിനുതകുന്ന ലൈററ് ഘടിപ്പിച്ചിരിക്കണം.

വെള്ളത്തിരയിൽ പ്രതിഫലിപ്പിക്കുവാനുദ്ദേശിക്കുന്ന നിഴലുകൾ അങ്ങേയററം യാഥാർത്ഥ്യപ്രതീതി ജനിപ്പിക്കുന്നവയായിരിക്കണം. വൃക്ഷങ്ങൾ, ഫലംനിറഞ്ഞ മരക്കൊമ്പുകൾ, ചെടികൾ, മൃഗങ്ങൾ എന്നിവയുടെ ഛായപതിയുന്നതിനു് അവ കാർഡ്ബോഡിൽ വെട്ടിയുണ്ടാക്കിയതോ പ്രകൃതിയിൽ നിന്നു ശേഖരിച്ചതോ, പ്ലാസ്റ്റിക്കിൽ നിർമ്മിതമോ ആകാം. പാവക്കൂത്തിനു് (Puppet show) ഉപയോഗിക്കും മട്ടിൽ ച

രട്ടകൾ ഉപയോഗിക്കുന്നതുത്തമം. സൃഷ്ടിയുടെ രംഗത്തേയ്ക്ക് ആദം, ഹവ്വ എന്നിവരുടെ ഛായ പ്രതിഫലിപ്പിക്കുന്നതിനു് പൂർണ്ണവളർച്ചയെത്തിയ അവരുടെ ആകൃതി – തികച്ചും നഗ്നമായിരിക്കണം-കാർഡ്ബോർഡിൽ വെട്ടിയെടുത്തു് അവതരിപ്പിക്കുക. അവതരിപ്പിക്കുമ്പോൾ side pose ആയിരിക്കാൻ ശ്രദ്ധിക്കണം. കിളികൾ തുടങ്ങിയവയുടെ കളകളം ഇൻസ്ട്രുമെൻറുകളുടെ സഹായത്തോടെ പുറപ്പെടുവിക്കാം. വാനഗോളങ്ങൾക്കു് ഇരുണ്ട സ്റ്റേജിൽ തൂക്കിയിരിക്കുന്ന ലൈററുകളുടെ ഒന്നിടവിട്ട പ്രകാശപ്രസരം മതിയാകും. അനൗൺസ്മെൻറു് വികാരോത്തേജകവും നാടകീയവും മുഴങ്ങുന്ന സ്വരത്തോടുകൂടിയതുമാവണം. എല്ലാ രംഗങ്ങളിലും നേരിയ— സ്വർഗ്ഗാനുഭൂതി ജനിപ്പിക്കുന്നതും, അങ്ങകലെനിന്നൊലിച്ചിറങ്ങുന്നതാണെന്നു തോന്നിക്കുന്നതുമായ ഇൻസ്ട്രുമെൻറൽ മ്യൂസിക്കു് ഇടവിട്ടിടവിട്ടുണ്ടാകുന്നതു് ഉത്തമം. സൃഷ്ടിയുടെ രംഗം—(1) അത്യന്തം ആകർഷകവും യഥാതഥവുമാക്കാൻ സംവിധായകർ ശ്രദ്ധിക്കേണ്ടതാണു്.]

—(നാടകകൃത്തു്)

## രംഗം ഒന്നു്

[സൃഷ്ടിയുടെ രംഗം അത്യന്തം വികാരോജ്ജ്വലമാവണം. സൂക്ഷ്മവും ശ്രദ്ധാപൂർവ്വവുമാകണം സംവിധാനം. ഏതാനും സൂചനകൾ താഴെ കൊടുക്കുന്നു: നാടകമാരംഭിക്കുന്നതിനല്പം മുൻപുമുതൽ സ്വർഗ്ഗീയ സംഗീതത്തിൻെറ അലകൾ അങ്ങകലെനിന്നെന്നോണം സ്റ്റേജിൽ പ്രതിദ്ധ്വനിക്കുന്നു. സ്റ്റേജു് ഇരുൾനിറഞ്ഞതാണു്. മ്യൂസിക്കിൻെറ നാദത്തോടൊപ്പം സ്പീഡു ക്രമേണ വദ്ധിച്ചു് ഉച്ചത്തിലെത്തുമ്പോൾ പെരുമ്പറയുടെ ശബ്ദം. എല്ലാം അവസാനിക്കുമ്പോൾ

അനൗൺസർ :- "സൃഷ്ടി"......അതെ, പ്രപഞ്ചസൃഷ്ടി......
(സംഗീതം). "അതാരംഭിക്കുകയായി..............."
(ഘണ്ടാനാദം.)

[തുടൻ്റു ഇരുണ്ട സ്റ്റേജിൻെറ മദ്ധ്യത്തിൽ ബിന്ദുരൂപത്തിൽ ഒരു വെളിച്ചം പ്രത്യക്ഷപ്പെടുന്നു. അതണയുന്നു. പെട്ടെന്നു അരണ്ട പ്രകാശത്തിൽ ഒരു വലിയ ഭൂഗോളം തിരിയുന്ന ഛായ വെള്ളത്തിരയിൽ പ്രത്യക്ഷപ്പെടുന്നു. അതിനനുസൃതമായ മ്യൂസിക്കുണ്ടാകണം.]

അനൗൺസർ:- "അതെ......കാലത്തിൻെറ തുടക്കത്തിൽ യഹോവ ആകാശവും ഭൂമിയും സൃഷ്ടിച്ചു......"

[ഛായ മറയുന്നു. വീണ്ടും ഇരുൾ......പഴയപടി ബിന്ദുരൂപത്തിൽ സ്റ്റേജിൻെറ മദ്ധ്യത്തിൽ ഒരു പ്രകാശ കണിക. അതു ക്രമേണ വളൻ്റു വളൻ്റു സ്റ്റേജ് മുഴവൻ പ്രകാശമാനമാകുന്നു.]

അനൗൺസർ:- "പ്രകാശമുണ്ടാവട്ടെയെന്നു ദൈവം കല്പിച്ചു. പ്രകാശമുണ്ടായി. പകലും രാത്രിയും ഉണ്ടായി".

[പെട്ടെന്നു സ്റ്റേജിൽ വെളിച്ചം അണയുകയും പ്രകാശിക്കുകയും ചെയ്യുന്നു.]

അനൗൺസർ:- "പ്രഭാതവുമായി......" [ഉദിച്ചുയരുന്ന സൂര്യപ്രകാശത്തിൻെറ പ്രതീതി ജനിപ്പിക്കണം ഒരു ലൈററിൻെറ സഹായത്തോടെ]

അനൗൺസർ:- "അതുപോലെ പ്രദോഷവും"

[അന്തിമാർക്കൻെറ പ്രതീതി ജനിപ്പിക്കുന്ന ലൈററ്— ചുവന്ന പ്രകാശം സ്റ്റേജിൽ. ക്രമേണ പ്രകാശം കുറഞ്ഞു കുറഞ്ഞു ഇല്ലാതാവുന്നു.]

അനൗൺസർ:- "തുടൻ്റു വൃക്ഷങ്ങൾ, ലതകൾ, പുല്ലുകൾ.... വാനഗോളങ്ങൾ......എല്ലാമെല്ലാം ഉണ്ടായി......"

[അനൗൺസ്‌മെൻറിനനുസൃതമായി അതാതിൻെറ നിഴലുകൾ ശ്രദ്ധാപൂർവ്വം വെള്ളത്തിരയിൽ പ്രതിഫലിപ്പിക്കണം.]

അനൗൺസർ:- "കടൽ ജീവികൾ.... പക്ഷികൾ...മൃഗങ്ങൾ
—എന്നിവ സൃഷ്ടിക്കപ്പെട്ടു."

[പക്ഷികളുടെ കളകളം ഇൻസ്ട്രുമെൻറുകളുടെ സഹായത്തോടെ പ്രതിദ്ധ്വനിപ്പിക്കണം. മൃഗങ്ങളുടെ ഛായകൾ വെള്ളത്തിരയിൽ പ്രതിഫലിച്ചു മറയുന്നു. ഘണ്ടാനാദം.]

അനൗൺസർ :- "ആറാം ദിവസം (ഘണ്ടാനാദം) തൻെറ സ്വന്തം പ്രതിഛായയിൽ യഹോവ മനുഷ്യനെ സൃഷ്ടിച്ചു"........(ഘണ്ടാനാദം).

[ആദത്തിൻെറയും ഹവായുടെയും ഛായകൾ യഥാക്രമം വെള്ളത്തിരയിൽ പതിയുന്നു. അല്പം കഴിഞ്ഞു് മറയുന്നു. തുടന്നു അനൗൺസ്‌മെൻറ്]

അനൗൺസർ:- "ഏഴാം ദിവസം യഹോവ സ്വസ്ഥനായിരുന്നു." (ഘണ്ടാനാദം)

[സ്റ്റേജിൽ പ്രകാശം മാത്രം—നിഴലുകളൊന്നുമില്ല— നേരിയ സംഗീതമുണ്ടാകുന്നതു നന്നു്.]

[കർട്ടൻ]

## രംഗം രണ്ടു്

[പക്ഷികളുടെ കളകളശബ്ദങ്ങൾക്കിടയിൽ മുൻകർട്ടൻ നീങ്ങുന്നു. പിന്നിലുള്ള വെള്ളത്തിരയിൽ ചെടികളുടെയും ഫലവൃക്ഷശാഖകളുടെയും ഛായകൾ പതിയുന്നു.]

അനൗൺസർ:-"അതാ-അതാണ് ദൈവദത്തമായ ഏദൻ!"
(സ്റേറജിലെ പ്രകാശം രണ്ടുതവണ മിന്നിമറയുന്നു. വീണ്ടും നീലപ്രകാശം-വീണ്ടും പകൽവെളിച്ചം.)

അനൗൺസർ:- "ഏദൻ! — അതായിരുന്നു ആദിമമനുഷ്യൻെറ വിഹാരരംഗം". (ആദത്തിൻെറ ഛായ വെള്ള

ത്തിരയിൽ. അതു നടന്നു മറയുന്നു) "അവിടെയാണു് ജനനമരണങ്ങളുടെ ആരംഭം." (ഘണ്ടാനാദം)

(പ്രകാശം അണഞ്ഞു വീണ്ടും തെളിയുന്നു. ഒരു മധുരസംഗീതധ്വനി ഉടനീളം ഉണ്ടായിരിക്കണം.)

അനൗൺസർ:- "അതാ, അതായിരുന്നു വിലക്കപ്പെട്ട കനി! വിലക്കപ്പെട്ട കനി! വിലക്കപ്പെട്ട കനി!" (ഘണ്ടാനാദം. കനികൾ തൂങ്ങുന്ന വൃക്ഷശാഖകളിളകുന്ന ദൃശ്യം. തുടൎന്നു് ഹവ്വാ നടന്നടുക്കുന്ന ദൃശ്യം.)

അനൗൺസർ:- (ആശ്ചര്യദ്യോതകം) "ആരു് ? ഹവ്വായോ? അതെ-മനുഷ്യവൎഗ്ഗത്തിൻെറ അമ്മ." (ഹവ്വാ കനികൾ തൂങ്ങുന്ന വൃക്ഷശാഖയുടെ സമീപത്തേക്കു നടന്നടുക്കുന്ന ദൃശ്യം—ഇൻസ്ട്രമെൻറൽ മ്യൂസിക്കു്.) (വീണ്ടും കനികളെ ഉററുനോക്കിനില്ക്കുന്ന ദൃശ്യം.)

ഫ്ളാഷ് ബാക്കു് (സ്ത്രീസ്വരം)

'ഹാ! മനോഹരങ്ങളായ തേൻകനികൾ! രത്നമുകുളങ്ങൾ പോലെ തോന്നുന്നു!......ഓ! അവ തിന്നരുതെന്നല്ലേ യഹോവയരുളിയതു് ?......"

[ഹവ്വ മെല്ലെ പിന്തിരിയുമ്പോൾ മരക്കൊമ്പുകൾ ഇളകുന്നു ]

ഫ്ളാഷ് ബാക്കു്:- (പുരുഷസ്വരം) "കഷ്ടം! ഹവ്വ ! നീയീ മധുരക്കനികളുപേക്ഷിച്ചു് പോവുകയോ ?...... [ഹവ്വ ഇളകുന്ന മരക്കൊമ്പുകളിലേക്കുററു നോക്കുന്നു.] "ഈ പഴങ്ങൾ ഭക്ഷിക്കുന്നവർ ദേവതുല്യരാകും". [വീണ്ടും ചില്ലകളുയരുകയും താഴുകയും ചെയ്യുന്നു.]

(ഹവ്വ നിൎന്നിമേഷയായി മരക്കൊമ്പിലേക്കു നോക്കിനില്ക്കുന്നു.)

ഫ്ളാഷ് ബാക്കു്:- (പുരുഷസ്വരം) "സുന്ദരിയായ നീ ബുദ്ധിമതിയാണെന്നു കരുതുന്നു. ......നോക്കു...ഈ പഴങ്ങൾ നിങ്ങൾക്കുള്ളതാണു്.... അല്ലെങ്കിൽ, മററാർക്കു

വേണ്ടി ഇവ ഇവിടെ സൃഷ്ടിച്ചു?...... നിങ്ങൾക്കുവേണ്ടി...... നിങ്ങൾക്കുവേണ്ടിത്തന്നെ.......ഇതാ ഇഷ്ടംപോലെ പറിച്ചോളൂ".

[മരക്കൊമ്പിളകി, താണുവരുന്നു. ഹവ്വ അല്പനേരം ചിന്താഗ്രസ്തയായിരുന്നശേഷം രണ്ടു കൈയുമുയത്തി പഴങ്ങൾ പറിക്കുന്നു... പതുക്കെ തിന്നുന്നു.]

ഫ്ളാഷ് ബാക്ക്:– (പുരുഷസ്വരം) "ഹവ്വാ, നീ സമർത്ഥ തന്നെ. ഉടൻതന്നെ ഒന്നു നിന്റെ ജീവിതസഖാവിന്നും കൊടുക്കൂ."

[വൃക്ഷശാഖകളിളകുന്നു. ഹവ്വാ കൈനിറയെ കനികളുമായി പിന്തിരിഞ്ഞോടുന്നു. ക്രമേണ മറയുന്നു.]

ഫ്ളാഷ് ബാക്ക്:- (സ്ത്രീസ്വരം) "മധുരക്കനികൾ...തേൻതുള്ളികൾ"... (ഉച്ചത്തിൽ) "ആദം! ആദം! ......... അങ്ങെവിടെയാണ് ?"

(കർട്ടൻ)

## രംഗം മൂന്ന്

[ഏദൻതോട്ടം. ചെടികളുടെ നിഴലുകൾ. ഒരു വൃക്ഷച്ചുവട്ടിൽ ആദം ഇരിക്കുന്ന ദൃശ്യം. പക്ഷികളുടെ കളകളം ഉയരുന്നുണ്ട്.]

ഫ്ളാഷ് ബാക്ക്:– (സ്ത്രീസ്വരം ഉച്ചത്തിൽ) "ആദം!... ആദം!..."

[കൈയിൽ പഴങ്ങളുമായി ഹവ്വാ ഓടിയണയുന്ന ദൃശ്യം. ആദം എഴുന്നേല്ക്കുന്നു.]

ഫ്ളാഷ് ബാക്ക്:- (സ്ത്രീസ്വരം) "നോക്കൂ, ഞാനെവിടെയെല്ലാം തേടിയെന്നോ ? ഓ നല്ല പഴങ്ങൾ!......"

[ഹവ്വാ ആദത്തിന്നു പഴംവച്ചു നീട്ടുന്നു.]

ഫ്ളാഷ് ബായ്ക്ക്:– (പുരുഷസ്വരം - ഉൽക്കടമായ വേദന നിഴലിക്കുന്ന ശബ്ദം.)

"ഹവ്വാ!......ഓ!... ..... നീയെന്താണീ ചെയ്തതു്?..."

[ആദം ഹവ്വായെ തുറിച്ചുനോക്കിനില്ക്കുന്ന ദൃശ്യം]

ഫ്ളാഷ് ബായ്ക്ക്:– (സ്ത്രീസ്വരം) "വിശേഷിച്ചൊന്നും ചെയ്തില്ല; ഈ പഴം പറിച്ചു.......ആ മരത്തിലുണ്ടായിരുന്ന ഒരു സുവർണ്ണസർപ്പമാണിതു പറിച്ചോളാൻ എന്നോടു പറഞ്ഞതു്."

ഫ്ളാഷ് ബായ്ക്ക്:- (പുരുഷസ്വരം-ഞെട്ടിത്തെറിക്കുന്ന മട്ടിൽ) "ഹവ്വാ!—എന്റെ പ്രിയപ്പെട്ട ഹവ്വാ! നീ യഹോവയുടെ ആജ്ഞ ലംഘിച്ചു......സാത്താന്റെ..."

ഫ്ളാഷ് ബായ്ക്ക്:– (സ്ത്രീസ്വരം) "അയ്യോ! നാമിനിയെന്തു ചെയ്യും ?...ആദം!...എനിക്കു ഭയമാകുന്നു.......യഹോവയുടെ കോപം!........."

[ആദവും ഹവ്വായും തല കുമ്പിട്ടു നില്ക്കുന്ന ദൃശ്യം—ഹവ്വായുടെ ദീനരോദനമെന്നുതോന്നുന്ന മ്യൂസിക്ക് ]

ഫ്ളാഷ് ബായ്ക്ക്:- (പുരുഷസ്വരം; ദൃഢനിശ്ചയവും വേദനയും നിഴലിക്കുന്ന ശബ്ദം)
"ഹവ്വാ! എന്റെ ജീവിത സഖീ...യഹോവയുടെ നിയമം അലംഘ്യമാണ്....ആ പഴമിങ്ങു തരൂ....നമുക്കൊരുമിച്ചു യഹോവയുടെ ശിക്ഷക്കു പാത്രമാകാം.........
(ഘണ്ടാനാദം)

[ആദം കനിവാങ്ങുന്നതും, രണ്ടാളും നടന്നുമറയുന്നതുമായ ദൃശ്യം]

(കർട്ടൻ)

## രംഗം നാലു്

[ഏദൻ. കർട്ടനുയരുമ്പോൾ അരണ്ടവെളിച്ചം. ക്രമേണ വെളിച്ചം വ്യാപിക്കുന്നു. പക്ഷികളുടെ കളകളം പിന്നണിയിൽ. ചില ചെടികളുടെ നിഴലുകൾ വെള്ളത്തിരയിൽ. മരക്കൊമ്പുകളും. ആദം മുമ്പിലും ഹവ്വാ പിമ്പിലുമായി നടക്കുന്ന ദൃശ്യം.]

ഫ്ളാഷ് ബാക്ക്:—(ഗംഭീരസ്വരം)

"ആദം"............... (ഘണ്ടാനാദം) "ആദം".........

(ഘണ്ടാനാദം)

[ആദവും ഹവ്വായും നാലുപാടും മുകളിലും നോക്കി അമ്പരക്കുന്ന ദൃശ്യം.]

ഫ്ളാഷ് ബാക്ക്:—(ഗംഭീരസ്വരം)

"ആദം!...... നീയെന്തിനൊളിക്കുന്നു?"

ഫ്ളാഷ് ബാക്ക്:—(പുരുഷശബ്ദം)

"അതാ. യഹോവ വിളിക്കുന്നു. എനിക്കു പേടിയാവുന്നു........."

ഫ്ളാഷ് ബാക്ക്:—(സ്ത്രീസ്വരം)

"എനിക്കും...... ആദം നമ്മളിനിയെന്തുചെയ്യും?......"

[രണ്ടാളും ഒരുമിച്ചൊരു മരച്ചുവട്ടിലൊളിച്ചിരിക്കുന്ന ദൃശ്യം.]

ഫ്ളാഷ്ബാക്ക്:—(ഗംഭീരസ്വരം)

"ആദം!...... എൻെറ ആജ്ഞ നീങ്ങൾ ലംഘിച്ചു......"

[ആദവും ഹവ്വായും എഴുന്നേററു് അന്തരീക്ഷത്തിലേക്കു കൂപ്പുകൈകളുയർത്തി നോക്കിനില്ക്കുന്ന ദൃശ്യം]

ഫ്ളാഷ് ബാക്ക്:-(പുരുഷസ്വരം ഇടറിയതു്)

"പ്രഭോ!......... ക്ഷമിക്കണേ...... ഇവൾ........."

ഫ്ളാഷ് ബാക്ക്:–(ഗംഭീരസ്വരം)

"എല്ലാം ഞാനറിയുന്നു. സാത്താൻ ഇവളെ വഞ്ചിച്ചു... നീ അവളോടു ചേർന്നു... ......"

ഫ്ളാഷ് ബാക്ക്:–(പുരുഷശബ്ദവും സ്ത്രീ സ്വരവും ഒന്നിച്ച്)

"പ്രഭോ!........."

ഫ്ളാഷ് ബാക്ക്:–(ഗംഭീരസ്വരം)

"അതെ-നാരിയെ വഞ്ചിച്ച സപ്പത്തിൻെറ തല, ഒരു നാരിതന്നെ കാല്ക്കീഴമത്തും......... ഹേ സർപ്പമേ...! നീ മേലിലെക്കാലവും ഉരഗമായിരിക്കട്ടെ......"

[മരക്കൊമ്പിളകി, സർപ്പം നിലത്തുവീഴുന്ന നിഴൽ—ശബ്ദം]

ഫ്ളാഷ് ബാക്ക്:– (പുരുഷസ്വരവും സ്ത്രീശബ്ദവും ചേർന്ന്)

"പ്രഭോ!......മാപ്പ്........."

[നടന്നുകഴിഞ്ഞ ദൃശ്യം]

ഫ്ളാഷ് ബാക്ക്:–(ഗംഭീരസ്വരം)

"നിയമം ലംഘിച്ച നിങ്ങൾക്കിനി ഏദനിലിടമില്ല.... ഉടൻ പുറത്തുപോകുക...... ആദം! നിൻെറ നെററിയിലെ വിയർപ്പുകൊണ്ടു് നീ അപ്പം ഭക്ഷിക്കും...... വെറും പൂഴി മാത്രമായ നീ, വീണ്ടും പൂഴിയിലേക്കു മടങ്ങുകയും ചെയ്യും......"

[ഘണ്ടാനാദം...... ആദവും ഹവ്വായും ഭയവിഹ്വലരായി കൂപ്പുകൈകളോടെ നില്ക്കുന്നു.]

ഫ്ളാഷ് ബാക്ക്:–(പുരുഷസ്വരവും സ്ത്രീ ശബ്ദവും ഒന്നിച്ച്)

"പ്രഭോ! ക്ഷമിക്കണേ...... ഇനിയിതാവത്തിക്കുകയില്ല...... പ്രഭോ...... മാപ്പ്......"

ഫ്ളാഷ് ബാക്ക്:-(ഗംഭീരസ്വരം)

"ആദം!...... നിന്നിൽ ഞാൻ കാരുണ്യവാനാണ്...... ഇതാ, നിനക്കും അനന്തര തലമുറകൾക്കുമായി രക്ഷ ഞാൻ വാഗ്ദാനം ചെയ്യുന്നു!" (ഘണ്ടാനാദം. ലൈററ് അണഞ്ഞ് വീണ്ടും തെളിയുന്നു. ആദവും ഹവ്വായും തല കുമ്പിട്ട് ഏദനിൽ നിന്ന് നടന്നു മറയുന്ന ദൃശ്യം-തുടന്ന്)

[ശോകസംഗീതം—ഫ്ളാഷ് ബാക്ക്]

അനൗൺസർ:—

"അതെ- മനുഷ്യവർഗ്ഗത്തിൻെറ ആദിമാതാപിതാക്കൾ, അനന്യലഭ്യമായ ആ ജീവിതസൗഖ്യം അങ്ങനെ നഷ്ടപ്പെടുത്തി......... രക്ഷകൻെറ ആവിർഭാവത്തിനതു നാന്ദികുറിച്ചു......... (ഘണ്ടാനാദം)

(കർട്ടൻ)



# പ്രതീക്ഷകൾ പൂവണിയുന്നു

(ടി. പി. ജോസഫ്, പുല്ലൂരാമ്പാറ)

(കർട്ടനു പിന്നിൽനിന്നു് ഗംഭീരസ്വരത്തിൽ)

കർത്താവു് അബ്രാഹമിനോടു് അരുൾചെയ്തു: ''നിൻെറ രാജ്യത്തുനിന്നു്, ചാർച്ചക്കാരിലും പിതൃഭവനത്തിലുംനിന്നു പുറപ്പെട്ടു് ഞാൻ കാണിച്ചുതരാൻ പോകുന്ന സ്ഥലത്തേക്കു വരു. ഞാൻ നിന്നിൽനിന്നു വലിയൊരു ജനവിഭാഗത്തെ നിർമ്മിക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും. നിൻെറ നാമം മഹത്വമുള്ളതാക്കും. നീ അനുഗ്രഹീതനാവുകയും ചെയ്യും. നിന്നെ ആശീർവ്വദിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നീവഴി ലോകത്തിലെ എല്ലാ വംശങ്ങളും അനുഗ്രഹിക്കപ്പെടും.

കർത്താവിൻെറ ആജ്ഞയനുസരിച്ച് അബ്രാം യാത്രപുറപ്പെട്ടു. ലോത്തും അദ്ദേഹത്തോടുകൂടെ പോയി. ഗാദാനിൽനിന്നു പുറപ്പെട്ടപ്പോൾ അബ്രാമിനു് എഴുപത്തഞ്ചു വയസ്സ് പ്രായമായിരുന്നു. അദ്ദേഹം തൻെറ ഭാര്യയായ സാറായേയും, സഹോദരപുത്രനായ ലോത്തിനേയും കൂട്ടിക്കൊണ്ടു്, അവരുടെ സമസ്തസമ്പാദ്യത്തോടും ആശ്രിതരോടുംകൂടെ കാനാൻ ദേശത്തേയ്ക്കു് പുറപ്പെട്ടു. അവർ ആ രാജ്യത്തിൽ എത്തിയശേഷം............ കർത്താവു പ്രത്യക്ഷപ്പെട്ടു് അബ്രാമിനോടു് അ

ദർശനത്തിൽ ചെയ്തു "ഈ ദേശം നിന്റെ സന്തതികൾക്കു ഞാൻ നല്കും." തനിക്കു പ്രത്യക്ഷനായ കർത്താവിനു് അബ്രാം അവിടെ ഒരു ബലിപീഠം നിർമ്മിച്ചു...... അബ്രാമിനോടുകൂടി ഉണ്ടായിരുന്ന ലോത്തിനും ആട്ടിൻപററങ്ങളും കാലിക്കൂട്ടങ്ങളും കൂടാരങ്ങളുമുണ്ടായിരുന്നു. ഒരുമിച്ചു താമസിക്കുന്നതിനു് അവർക്കവിടെ സ്ഥലം മതിയായിരുന്നില്ല. അത്രയധികം സമ്പത്തു് അവർക്കുണ്ടായിരുന്നു. ആകയാൽ അവർക്കു് ഒരുമിച്ചു താമസിക്കുക സാധ്യമല്ലായിരുന്നു. തൽഫലമായി അബ്രാമിന്റേയും ലോത്തിന്റേയും ഇടയന്മാർ തമ്മിൽ ഒരു കലഹമുണ്ടായി. തന്നിമിത്തം അബ്രാം ലോത്തിനോടു പറഞ്ഞു: "നമ്മൾ സഹോദരന്മാരാണല്ലോ. അതിനാൽ ഞാനും നീയും തമ്മിലും, എന്റെ ഇടയന്മാരും നിന്റെ ഇടയന്മാരും തമ്മിലും യാതൊരു കലഹവുമുണ്ടാകരുതു്. ഇതാ നാടു മുഴുവനും നിന്റെ മുമ്പിലുണ്ടു്. നീ എന്നിൽനിന്നു പിരിഞ്ഞുപോയാലും. നീ ഇടത്തുഭാഗത്തേക്കു പോകയാണെങ്കിൽ ഞാൻ വലത്തുഭാഗം സ്വീകരിച്ചുകൊള്ളാം. നീ വലത്തുഭാഗമാണു് തിരഞ്ഞെടുക്കുന്നതെങ്കിൽ ഞാൻ ഇടത്തോട്ടു പൊയ്ക്കൊള്ളാം." ലോത്തു നോക്കിയപ്പോൾ കർത്താവിന്റെ പറുദീസാപോലെയോ, ഈജിപ്തുപോലെയോ, സേഗോർ ഭാഗത്തുള്ള പ്രദേശങ്ങളെല്ലാം ജോർദ്ദനാൻ നദികൊണ്ടു നനയ്ക്കപ്പെടുന്നതായി കണ്ടു. സോദോമും ഗൊമോറായും കർത്താവു നശിപ്പിക്കുന്നതിനു മുമ്പുള്ള സ്ഥിതിയാണിതു്. ആകയാൽ യോർദ്ദനാൻ നദീതടങ്ങൾ ലോത്തു തനിക്കായി തിരഞ്ഞെടുക്കുകയും, കിഴക്കുഭാഗത്തുനിന്നു പിന്മാറുകയും ചെയ്തു. അവർ അങ്ങിനെ വേർപിരിഞ്ഞു. അബ്രാം കാനാൻദേശത്തു വാസമുറപ്പിച്ചു. ലോത്തു യോർദ്ദനാൻ പരിസരങ്ങളിലുള്ള നഗരങ്ങളിൽ വസിക്കുകയും സോദോമിനടുത്തു കൂടാരമടിക്കുകയും ചെയ്തു. അവിടുത്തെ രാജാവും കൂട്ടാളികളും ഒരു യുദ്ധത്തിൽ മററു രാജാക്കന്മാരാൽ തോൽപ്പിക്കപ്പെടുകയും, ലോത്തിനേയും അവർ പിടിച്ചുകൊണ്ടു പോവുകയും

ചെയ്തു. ഈ വിവരം അറിഞ്ഞയുടനെ അബ്രാം, തന്റെ കുടുംബത്തിൽ ജനിച്ച മുന്നൂററിപ്പതിനെട്ട വീരയുവാക്കളെ ശത്രുക്കൾക്കെതിരായി അയയ്ക്കുകയും, ദാൻവരെ അവരെ പിന്തുടരുകയും ചെയ്തു. അദ്ദേഹം തന്റെ അനുചരന്മാരെ ചെറുഗണങ്ങളായി തിരിച്ച്; രാത്രിയിൽ ശത്രുക്കളെ ആക്രമിച്ചു തോല്പിക്കുകയും, ഡമാസ്കസിന്റെ ഇടത്തുവശത്തു സ്ഥിതിചെയ്യുന്ന ഹോബാവരെ അവരെ ഓടിക്കുകയും ചെയ്തു.

അദ്ദേഹം എല്ലാ വസ്തുവകകളും, സഹോദരപുത്രനായ ലോത്തിനേയും, അയാളുടെ സമ്പാദ്യങ്ങളും, സ്ത്രീകളേയും, അയാളുടെ ജനങ്ങളേയും തിരികെ കൊണ്ടുപോന്നു. ശത്രുരാജാക്കന്മാരെ വധിച്ചതിനുശേഷം തിരിച്ചുവന്നപ്പോൾ സോദോമിലെ രാജാവ് സാലേ എന്ന രാജകീയ താഴ്‌വരയിൽവച്ച് അദ്ദേഹത്തെ എതിരേററു. അത്യുന്നതദൈവത്തിന്റെ പുരോഹിതനും, ശാലേമിലെ രാജാവുമായ മെൽക്കീസെദെക്ക് അപ്പവും വീഞ്ഞും കൊണ്ടുവന്ന് അദ്ദേഹത്തിനു കാഴ്ചവച്ചു. അനന്തരം അദ്ദേഹത്തെ ആശീർവ്വദിച്ചുകൊണ്ട് മെൽക്കീസെദെക്ക് പറഞ്ഞു: "ആകാശവും ഭൂമിയും സൃഷ്ടിച്ച അത്യുന്നതദൈവത്താൽ അബ്രാം അനുഗ്രഹിക്കപ്പെട്ടവനാകട്ടെ."

## രംഗം ഒന്ന്

[അബ്രാഹത്തിന്റെ ഭവനത്തിലെ ഒരു മുറി. ഒരു മേശയും ഇരിപ്പടവും, ഒരു വശത്തേക്കുമാറി ഒരു ബെഞ്ചും കിടക്കുന്നു. കർട്ടൻ ഉയരുമ്പോൾ യൂദാ പ്രവേശിക്കുന്നു. ആരെയൊ പ്രതീക്ഷിച്ചെന്നപോലെ നാലുഭാഗവും നോക്കുന്നു.]

യൂദാ:- (ഉറക്കെ) ഹേയ്, ജോവാൻ, നീ എവിടെയാണ്? ഒന്നു വേഗം വരൂ.

ജോവാൻ:- (അകത്തുനിന്നു്) ഇതാ വന്നു കഴിഞ്ഞു; ഒരു നിമിഷം.........

യൂദാ:- നീ എന്തു ചെയ്യുകയാണു് ? സമയം വല്ലാതെ പുലർന്നിരിക്കുന്നു.

(ജോവാൻ കടന്നു വരുന്നു)

ജോ:- എന്തൊരു ധൃതിയാണു് യൂദാ നിനക്കു്? നേരം വെളുത്തതല്ലേ ഉള്ളു.

യൂദാ:- നീ എപ്പോൾ ഉണരുന്നൊ, അപ്പോൾ നേരം വെളുക്കുന്നു എന്നാണു് നിൻെറ വിചാരം.

ജോ:- ശരി, നേരം പുലന്നിട്ടു് വളരെ നേരം ആയിരിക്കുന്നു; സമ്മതിച്ചിരിക്കുന്നു. ഞാൻ എന്തു ചെയ്യണമെന്നാണു് നീ പറയുന്നതു്?

യൂദാ:- നോക്കു ജോവാൻ......, ഇന്നലെ നമ്മൾ കണ്ടുവെച്ച ആ പച്ചപ്പുൽപ്രദേശത്തു് നമ്മുടെ ആടുകളെ ഇന്നു മേയ്ക്കണം.

ജോ:- (അതേ ഗൗരവത്തിൽ) വേണം, തീർച്ചയായും വേണം.

യൂദാ:- നീ തമാശ കളഞ്ഞു് കാര്യം മനസ്സിലാക്കു......, മററാരെങ്കിലും രാവിലെ ആടുകളുമായി അവിടെ എത്തിയാൽ......

ജോ:- (സാധാരണഗതിയിൽ) എത്തിയാൽ ബാക്കികാര്യം ഞാൻ നോക്കിക്കോളാം. നമ്മളല്ലാതെ ഒരുത്തനും അവിടെ പ്രവേശിക്കുകയില്ല.

യൂദാ:- എന്നു നീ പറയുന്നു. നാം ചെല്ലുമ്പോൾ ആരെങ്കിലും അവിടെ കൈവശപ്പെടുത്തികഴിഞ്ഞെങ്കിലൊ?

ജോ:- അവൻെറ എല്ലു ഞാനൊടിക്കും. ധൈര്യമുള്ളവൻ വരട്ടെ.

(യൂദാ പൊട്ടിച്ചിരിക്കുന്നു)

ജോ:- എന്താണു നീ ചിരിക്കുന്നതു്?

യൂദാ:- ഒരു എലിയുടെ അനക്കം കേട്ടാൽ പേടിച്ചു വിറക്കുന്ന നീയൊ എല്ലൊടികുന്നതു് !

ജോ:- യൂദാ, നീ കളിയാക്കേണ്ടാ. നാം അവിടെ ചെല്ലുമ്പോൾ ആരെങ്കിലും മൈതാനം കൈവശപ്പെടുത്തട്ടെ. അപ്പോൾ എന്റെ ധൈര്യം കാണിച്ചുതരാം.

യൂദാ:- (പെട്ടെന്നു പുറത്തേയ്ക്കു നോക്കിയിട്ടു്) അല്ല, ജോവാൻ; നീയുമായി ഇന്നലെ വഴക്കുണ്ടാക്കിയ ചെക്കനല്ലെ ആ വരുന്നതു്?

ജോ:- (ഭയത്തോടെ) എവിടെ യൂദാ...... ഞാൻ....... ഞാൻ ഇവിടെ ഇല്ലെന്നു പറഞ്ഞേക്കു..... (ഓടാൻ ഭാവിക്കുന്നു)

യൂദാ:- (ഉറക്കെ ചിരിക്കുന്നു)

ജോ:- എന്താണു് യൂദാ............ നീ എന്നെ കളിപ്പിക്കുകയാണൊ?

യൂദാ:- ഇപ്പോൾ കണ്ടില്ലെ നിന്റെ ധൈര്യം.

ജോ:- (അല്പം ജാള്യതയോടെ) എനിക്കു ഭയമൊന്നുമില്ല.

യൂദാ:- അല്പം പേടി മാത്രം. അതൊഴിച്ചാൽ എന്റെ ജോവാൻ വീരപരാക്രമിയാണ്.

(ലോത്തു് കടന്നുവരുന്നു. ഇടയന്മാർ ഭവ്യതയോടെ മാറി നിൽക്കുന്നു)

ലോത്തു്:- നിങ്ങൾ ഇതുവരെ പോയില്ലെ ? ആട്ടിൻ പറ്റങ്ങൾ വിശന്നു കരയാൻ തുടങ്ങിയല്ലൊ. (ബഞ്ചിൽ ഇരിക്കുന്നു)

ജോ:- ഉറക്കം തെളിഞ്ഞു കാണില്ല. സ്വപ്നം കണ്ടു കരയുന്നതായിരിക്കും.

യൂദാ:- ജോവാന്റെ കണക്കനുസരിച്ചു് ഇപ്പോഴും നേരം പുലന്നിട്ടില്ല.

ലോത്തു്:- (ചിരിക്കുന്നു) ജോവാൻ, പെട്ടെന്നു് ഉത്തരം പറയാനുള്ള നിന്റെ കഴിവിനെ ഞാൻ അഭിനന്ദിക്കുന്നു.

യൂദാ:- (ജോവാനെ ഒരു കൈകൊണ്ടു കെട്ടിപിടിക്കുന്നു) എന്റെ ജോവാൻ മിടുക്കനാണു്. എനിക്കവനെ മറക്കാൻ കഴിയില്ല. എന്റെ സഹായത്തിനെപ്പോഴും ഓടിയെത്തുന്നതു് അവനാണു്.

ലോത്തു്:- എന്തു സഹായമാണു് ജോവാൻ നിനക്കു ചെയ്തു തരുന്നതു് ?

യൂദാ:- മററിടയന്മാരുമായി തക്കങ്ങൾ ഉണ്ടാകുമ്പോൾ ജോവാൻ ഓടിയെത്തുന്നു. ഇവന്റെ പ്രസംഗം കേൾക്കുമ്പോൾ വഴക്കിനു വരുന്നവർ മിത്രങ്ങളാകുന്നു.

ജോ:- (യൂദായെ അകററി നിർത്തിക്കൊണ്ടു്) അതിന്റെയൊന്നും സ്നേഹം നിനക്കെന്നോടില്ല.

യൂദാ:- (വികാരത്തോടെ) ഉണ്ടു് ജോവാൻ...... എനിക്കു നിന്നോടുള്ളത്ര സ്നേഹം ഈ ലോകത്തിൽ മററാരോടുമില്ല. (വീണ്ടും തോളിൽ കൈ വെയ്ക്കുന്നു) ഞാൻ ഇദ്ദേഹത്തിന്റെ ആടുകളെ മേയ്ക്കുന്നു. നീ പിതാവായ അബ്രാഹത്തിന്റെ ആടുകളെ മേയ്ക്കുന്നു. എങ്കിലും നമ്മൾ ഒന്നാണു്......... ജോവാൻ...... ഒന്നാണു്.

ലോത്തു്:- നിങ്ങളുടെ സ്നേഹം കാണുമ്പോൾ എനിക്കു രോമാഞ്ചമുണ്ടാകുന്നു. പരസ്പര സ്നേഹത്തിന്റെ പുതിയൊരു പ്രകാശം നിങ്ങൾ പരത്തുന്നു.

യൂദാ:- ഞങ്ങൾ എന്നും അങ്ങിനെ ആയിരിക്കും. സഹോദര സ്നേഹത്തിലൂടെ മാത്രമേ ദൈവത്തെ സ്നേഹിക്കാൻ കഴിയൂ എന്നു് ഞങ്ങൾക്കറിയാം.

ജോ:- വരൂ യൂദാ, ഇനി നമുക്കു പോയേക്കാം. (പോകാൻ ഭാവിക്കുന്നു.)

(അബ്രാഹം കടന്നു വരുന്നു. പ്രസന്നമായ മുഖത്തു് ഗാംഭീര്യം തിങ്ങിനിൽക്കുന്നു.)

അബ്രാ:- പോകാൻ വരട്ടെ (ഇരിപ്പിടത്തിൽ ഇരിക്കുന്നു.) ലോത്തേ.

ലോത്തു്:- എന്താണമ്മാവാ?

അബ്രാ:- സാറാ എവിടെ?

ലോത്തു്:- അമ്മായി ഭക്ഷണം പാകം ചെയ്യുകയാണു്.

അബ്രാ:- അവളേയും ഇങ്ങു വിളിക്കു.

ലോത്തു്:- (വാതിൽക്കൽചെന്നു്) അമ്മായി.........അമ്മായീ.........ഇങ്ങോട്ടു വരാൻ.........

(നിമിഷങ്ങൾക്കകം സാറാ കടന്നു വരുന്നു. ക്ഷീണിതയെങ്കിലും ഐശ്വര്യം നിഴലിക്കുന്ന മുഖം)

സാറാ:- എന്തിനാണു് വിളിച്ചതു്?

അബ്രാ:- ഭക്ഷണം തയ്യാറായോ?

സാറാ:- നോക്കണേ.........ഇതു ചോദിക്കാനാണൊ വിളിച്ചതു്!

അബ്രാ:- പിണങ്ങേണ്ട. യഹോവാ ആയ ദൈവത്തിൻെറ നാമത്തിൽ, സന്തോഷകരമായ ഒരു കാര്യം ഞാൻ നിങ്ങളെ അറിയിക്കാൻ പോകുന്നു.

ജോവാ:- (മുന്നോട്ടു കടന്നു നിൽക്കുന്നു) എന്താണു്.........?!

അബ്രാ:- നമ്മുടെ പിതാവായ ആദം ചെയ്ത പാപത്തിൻെറ ഫലം നാമുൾപ്പെടെയുള്ള എല്ലാ ജനങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുന്നു.

ലോത്തു്:- തെററുകൾ ചെയ്യുന്നതിനു് ഇന്നു ജനങ്ങൾക്കു യാതൊരു സങ്കോചവും ഇല്ല.

അബ്രാ:- പിതാവായ ദൈവം കരുണയുടെ മൂർത്തീഭാവമാണ്. പാപപങ്കിലമായ ഈ ലോകത്തെ രക്ഷിക്കാൻ ഒരു രക്ഷകനെ അവിടുന്ന് അയയ്ക്കുമെന്നു നാം വിശ്വസിക്കുന്നു.

എല്ലാവരും:- സത്യമായും വിശ്വസിക്കുന്നു.

അബ്രാ:- പക്ഷെ, അതെന്നായിരിക്കുമെന്നു നമുക്കു നിശ്ചയമില്ല.

സാറാ:- ആകാംക്ഷയോടെ നമ്മൾ കാത്തിരിക്കുന്നു.

അബ്രാ:- ഈ സ്മരണ ജനങ്ങളിൽ നിലനിർത്തേണ്ടതു് അത്യാവശ്യമാണ്. പിതാവായ ദൈവം എന്നെ അതിന്നായി തെരഞ്ഞെടുത്തിരിക്കുന്നു.

എല്ലാവരും:- (സന്തോഷത്തോടെ) യഹോവ ആയ ദൈവം വാഴ്ത്തപ്പെടട്ടെ!

സാറാ:- ഈ സന്തോഷം താങ്ങാൻ എന്റെ ഹൃദയത്തിനു ശക്തിയില്ല.

അബ്രാ:- പിതാവിന്റെ കല്പന നിർവ്വഹിക്കാനായി നാം ഈ നാട്ടിൽനിന്നും പിരിയേണ്ടിയിരിക്കുന്നു.

ലോത്തു്:- ഏതു സ്ഥലത്തേയ്ക്കാണ് നമുക്കു പോകേണ്ടതു്?

അബ്രാ:- സമ്പൽസമൃദ്ധമായ കാനാൻദേശം ദൈവം നമുക്കു നല്കിയിരിക്കുന്നു. യാത്രയിൽ വരുന്ന എല്ലാ ക്ലേശങ്ങളും നിങ്ങൾ ക്ഷമയോടെ സഹിക്കണം.

യൂദാ:- ദൈവത്തിനു വേണ്ടിയുള്ള എന്തു ത്യാഗവും ഞങ്ങൾക്കു മധുരമാണ്.

ലോത്തു്:- എന്നാണ് നാം യാത്ര തിരിക്കേണ്ടതു്?

അബ്രാ:- രണ്ടു ദിവസങ്ങൾക്കുശേഷം—നമ്മുടെ എല്ലാ വേലക്കാരും മൃഗങ്ങളും യാത്രയിൽ നമ്മോടുകൂടി ഉണ്ടായിരിക്കണം.

ലോത്തു്:- എല്ലാം തയ്യാറാക്കിക്കൊള്ളാം.

അബ്രാ:- (യൂദായോടും ലോത്തിനോടും) നമ്മുടെ ആട്ടിൽപററത്തിൻെറയും വേലക്കാരുടേയും ചുമതല നിങ്ങളിലാണ്.

ഇരുവരും:- സന്തോഷമേ ഉള്ളു.

സാറാ:- ഞാനൊരു വിരുന്നു് ഒരുക്കാൻ പോകയാണ്.

അബ്രാ:- വളരെ സന്തോഷം. എല്ലാം നിൻെറ ഇഷ്ടത്തിനു വിട്ടിരിക്കുന്നു (എഴുന്നേൾക്കുന്നു) ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

എല്ലാവരും:- യഹോവാ ആയ ദൈവം വാഴ്ത്തപ്പെടട്ടെ!

[കർട്ടൻ]

## രംഗം രണ്ട്

[കാനാൻ ദേശം. അബ്രാഹത്തിൻെറ ഭവനം. അബ്രാഹം ഇരിപ്പിടത്തിൽ ഇരിക്കുന്നു. യൂദായും ജോവാനും ഒരു വശത്തേയ്ക്കു മാറി നില്ക്കുന്നു. അവരുടെ മുഖങ്ങൾ മ്ലാനമാണ്.]

അബ്രാ:- നമ്മുടെ പിതാവായ ദൈവത്തിൻെറ കല്പന അനുസരിച്ചാണ് നാം ഈ പ്രദേശത്തെത്തിയിരിക്കുന്നതു്. ലോകത്തിൻെറ സമാധാനമാണ് നമ്മുടെ ലക്ഷ്യം.

യൂദാ:- (വിനയത്തോടെ) എല്ലാം ഞങ്ങൾ മനസ്സിലാക്കുന്നു.

അബ്രാ:- ഇടയന്മാർ തമ്മിലുള്ള കലഹത്തിനു കാരണം എന്താണ് ?

ജോവാൻ:- പുതിയൊരു പുൽപ്രദേശം കണ്ടെത്തി. ഞാനും യൂദായും ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ എൻെറ കീഴിലുള്ള ഇടയന്മാരും യൂദായുടെ കീഴിലുള്ള ഇടയന്മാരും ആടുകളേയുംകൊണ്ടു് അവിടെ പ്രവേശിച്ചു. സ്ഥലത്തിനുവേണ്ടി ഇരുകൂട്ടരും തർക്കമായി.

അബ്രാ:- ഒടുവിൽ അതു വലിയ കലഹത്തിൽ കലാശിച്ചു.

യൂദാ:— ഞങ്ങൾ എത്ര പറഞ്ഞിട്ടും അവർ കൂട്ടാക്കിയില്ല.

അബ്രാ:- നിങ്ങൾ വ്യസനിക്കേണ്ട. എല്ലാറ്റിനും സമാധാനം ഉണ്ടാക്കാം. (യൂദായോട്) നീ പോയി ലോത്തിനെ ഇങ്ങു വിളിക്കൂ.

(യൂദാ പോകുന്നു)

ജോവാൻ:- ഇടയന്മാർ തമ്മിലുള്ള കലഹം അങ്ങയുടെ ഹൃദയത്തെ വല്ലാതെ വേദനിപ്പിക്കുന്നുണ്ടാകും.

അബ്രാ:- സാരമില്ല ജോവാൻ. ഇങ്ങനെയുള്ള കലഹങ്ങളൊക്കെ പതിവാണ്. സമാധാനപരമായ രീതിയിൽ അവയൊക്കെ പരിഹരിക്കാൻ കഴിയണം എന്നുമാത്രം.

(യൂദായും ലോത്തും വരുന്നു)

അബ്രാ:— ലോത്ത്, നീ അവിടെ ഇരിക്കൂ.

ലോത്ത്:- ഞാൻ നിന്നുകൊള്ളാം—എന്തിനാണ് എന്നെ വിളിപ്പിച്ചത്?

അബ്രാ:- പിതാവായ ദൈവം നമ്മെ അഗാധമായി സ്നേഹിക്കുന്നു.

ലോത്ത്:— അവിടുത്തെ അനുഗ്രഹമാണ് നമ്മെ നയിക്കുന്നത്.

അബ്രാ:- സത്യമായും അതെ. (വികാരത്തോടെ) നാം ഇതുവരെ സമാധാനത്തോടെ ജീവിച്ചു.

ലോത്ത്:- ഇനിയും അങ്ങനെതന്നെ ജീവിക്കും.

അബ്രാ:- ജീവിക്കണം. അതാണെൻെറയും ആഗ്രഹം. (കണ്ണുകളെ വിദൂരതയിലേക്കയച്ചുകൊണ്ട്) വൃദ്ധനായ എന്നെ എൻെറ പിതാവ് അവിടുത്തേക്കായി തെരഞ്ഞെടുത്തു. എന്നിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ വിജയകരമായി ചെയ്തു തീർക്കണം.

ലോത്ത്:- അങ്ങ്, എല്ലാം വേണ്ടവിധത്തിൽ ചെയ്യുന്നുണ്ടല്ലോ—

അബ്രാ:- സമാധാനത്തിൻെറ വെളിച്ചം എന്നും നമ്മുടെ ഇടയിൽ ലോഭംകൂടാതെ പ്രവഹിക്കണം.

ലോത്തു്:- തീച്ചയായും വേണം. ഇതുവരെ അതിനു ഭംഗം വന്നിട്ടില്ലെന്നാണു് എൻെറ വിശ്വാസം.

അബ്രാ:- ഇന്നു് നമ്മുടെ ആട്ടിടയന്മാർ തമ്മിൽ കലഹം ഉണ്ടായി.

ലോത്തു്:- ഞാനറിഞ്ഞു. കലഹത്തിനു കാരണക്കാരായവരെ ജോലിയിൽനിന്നും പിരിച്ചുവിടാൻ ഞാനാഗ്രഹിക്കുന്നു.

അബ്രാ:- പാടില്ല. അവരുടെ ജോലി വിജയകരമായി ചെയ്തു തീക്കാനാണു് അവർ ശ്രമിച്ചതു്. പുതിയ മേച്ചിൽപുറം തങ്ങൾക്കു കിട്ടണമെന്നു് ഇരുകൂട്ടരും ആഗ്രഹിച്ചു.

ലോത്തു്:- പരസ്പരം കലഹിച്ചിട്ടാണോ ചുമതല നിവ്വഹിക്കുന്നതു് ?

അബ്രാ:- സാരമില്ല. അവരുടെ വാശിയെ നല്ല മാഗ്ഗത്തിലൂടെ തിരിച്ചു വിടാൻ നമുക്കു കഴിയണം.

ലോത്തു്:- ഞാനെന്തു ചെയ്യണം? അങ്ങയുടെ ഇഷ്ടംപോലെ എല്ലാം ചെയ്യാം.

അബ്രാ:- എൻെറ നന്മയേക്കാളധികമായി നിൻെറ നന്മയെ ഞാനാഗ്രഹിക്കുന്നു. നിനക്കൊരിക്കലും പരാജയം സംഭവിക്കാൻ പാടില്ല.

ലോത്തു്:- പിതാവായ ദൈവത്തിൻെറയും അങ്ങയുടേയും അനുഗ്രഹമുണ്ടെങ്കിൽ എനിക്കെന്നും വിജയമായിരിക്കും.

അബ്രാ:- (ചിന്തിച്ചിട്ടു്) എനിക്കു പറയാൻ പ്രയാസമുണ്ടു്.

ലോത്തു്:- എന്താണമ്മാവാ ?

അബ്രാ:- കടമകൾ നന്നായി നിവ്വഹിക്കാനായി, നാം വേർപെട്ടു ജീവിക്കുന്നതാണു് നല്ലതു്.

ലോത്തു്:- (വികാരത്തോടെ) എന്നു വെച്ചാൽ.........

അബ്രാ:- നമ്മൾ തമ്മിൽ അകലണം.........

ലോത്തു്:- എൻെറ അമ്മാവനെ പിരിഞ്ഞു് ഞാനെങ്ങനെ പോകും ?

അബ്രാ:- പോകണം; പോയേ മതിയാകൂ. എന്നാൽ എൻെറ സഹായം എപ്പോഴും നിനക്കുണ്ടായിരിക്കും. നമ്മുടെ ഇടത്തും വലത്തും വിശാലമായ ഭൂവിഭാഗം ദൈവം നമുക്കായി തന്നിരിക്കുന്നു. നിനക്കിഷ്ടമുള്ള ഭാഗം തെരഞ്ഞെടുത്തുകൊള്ളൂ.

ലോത്തു്:- (വേദനയോടെ) ഞാൻ തെരഞ്ഞെടുക്കണോ ?

അബ്രാ:- തീർച്ചയായും...... നമ്മുടെ സമാധാനത്തിനു് അതാവശ്യമാണു്.

ലോത്തു്:- എങ്കിൽ എൻെറ അമ്മാവൻെറ അനുഗ്രഹത്തോടെ യോർദ്ദിനാന്റ സമീപത്തേക്കു ഞാൻ പോയ്ക്കൊള്ളാം.

അബ്രാ:- ശരി; നിൻെറ ഇടയന്മാരെയും മൃഗങ്ങളേയുമെല്ലാം തയ്യാറാക്കിക്കൊള്ളൂ. (അടുത്തുചെന്നു് തലയിൽ കൈ വയ്ക്കുന്നു) പിതാവായ ദൈവം നിനക്കു നന്മകൾ മാത്രം വരുത്തും. (പുറത്തേയ്ക്കു പോകുന്നു. ലോത്തും അപാരമായ വേദനയോടെ പോകുന്നു)

(യൂദായും ജോവാനും പരസ്പരം നോക്കുന്നു, ദയനീയമായി)

യൂദാ:- ജോവാൻ..., നമ്മൾ വേർപെടാൻ പോകുകയാണു്... ഇത്രയും കാലം നാമൊന്നിച്ച് സന്തോഷത്തോടെ ജീവിച്ചു......

ജോവാൻ:- യൂദാ... നീ പോയാൽ പിന്നെ എനിക്കാരുണ്ടു്... ഞാനെങ്ങനെ ജീവിക്കും...... എനിക്കു സഹിക്കാൻ കഴിയുന്നില്ല...... (കണ്ണുകൾ നിറയുന്നു)

യൂദാ:- നീയെൻെറ കൊച്ചനുജനാണ്.... എന്നും നീയെൻെറ ഹൃദയത്തിലുണ്ടാകും......... എന്നും.........

ജോവാ:- അവർ വഴക്കുണ്ടാക്കി. വേദന അനുഭവിക്കുന്നതു നമ്മളാണ്.

യൂദാ:- ജോവാൻ......, ഞാൻ നിന്നോട്ട് എന്തെങ്കിലും തെററു ചെയ്തിട്ടുണ്ടെങ്കിൽ നീയെന്നോടു ക്ഷമിക്കണം.

ജോവാൻ:- ഇല്ല...... നീ ഒന്നും ചെയ്തിട്ടില്ല......

യൂദാ:- നിൻെറ നിഷ്ക്കളങ്കത എനിക്കു മറക്കാൻ കഴിയില്ല. ഇന്നും...... എന്നും...... ഞാൻ നിന്നെ അഗാധമായി സ്നേഹിക്കുന്നു......

(കർട്ടൻ)

## രംഗം മൂന്ന്

[അബ്രാഹത്തിൻെറ ഭവനം. അബ്രാഹം പ്രാത്ഥനാനിരതനാണ്. ഒരു ഗ്ലാസ്സിൽ വീഞ്ഞുമായി സാറാ വരുന്നു.]

സാറാ:- ഇാ ാ വീഞ്ഞ്. (അബ്രാഹം നിശ്ശബ്ദം) ഇതാ-ഇതു കഴിക്കു.........

അബ്രാ:- (കണ്ണുകൾ തുറന്നു സാറായെ ശ്രദ്ധിക്കുന്നു) നീ വന്നു നില്ക്കാൻ തുടങ്ങിയിട്ട് ഏറെ നേരം ആയൊ ?

സാ:- അധികമായില്ല.

(അബ്രാഹം വീഞ്ഞു വാങ്ങി കുടിയ്ക്കുന്നു)

അ:- (ഗ്ലാസ്സ് തിരികെ കൊടുക്കുന്നു) എനിക്കു വളരെ പ്രയാസം തോന്നുന്നു.

സാ:- ലോത്തിൻെറ കാര്യത്തിലാണോ ?

അ:- അവൻ ദൈവത്തിൻെറ കരുണയാൽ സുഖമായിത്തന്നെ കഴിയുന്നുണ്ട്. അതല്ല.

സാ:- പിന്നെ എന്താണ് ?

അ:- ദൈവത്തിൻെറ ശബ്ദം ജനങ്ങൾ ശ്രവിക്കുന്നില്ല. നാശത്തിൽനിന്നും നാശത്തിലേക്ക് ലോകം നീങ്ങുകയാണ്.

സാ:- ശിക്ഷ ലഭിക്കുമ്പോൾ പഠിച്ചുകൊള്ളും.

അ:- പാടില്ല. എല്ലാവരും നല്ലവരാകണം. അതിനുവേണ്ടി എന്തു ത്യാഗവും നാം സഹിക്കണം.

സാ:- ദൈവത്തിൻെറ അഗാധമായ സ്നേഹം മനസ്സിലാക്കാൻ ഇവക്ക് കഴിയാത്തതാണ് അത്ഭുതം.

അ:- അവരതറിയണം. യഹോവയുടെ സ്നേഹം അളവററതാണ്. വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനെ സ്വീകരിക്കാനായി എല്ലാവരും തയ്യാറാകണം.

സാ:- നമ്മൾ മാത്രം ശ്രമിച്ചാൽ ഇതെല്ലാം കഴിയുമൊ ?

അ:- എൻെറ പിതാവ് എന്നെ ഏല്പിച്ചിരിക്കുന്ന ചുമതലകൾ ഗൗരവതരങ്ങളാണ്. വിശ്രമിക്കാൻ എനിക്കു സമയമില്ല. അടിയുറച്ച വിശ്വാസത്തോടെ ശ്രമിച്ചാൽ കഴിയാത്തതായി ഒന്നും ഇല്ല.

സാ:- അങ്ങു വല്ലാതെ ക്ഷീണിച്ചിരിക്കുന്നു...... ഈ നിലയ്ക്കു പോയാൽ.........

അ:- നീ ഭയപ്പെടുന്നു; അല്ലെ. പക്ഷെ എനിക്ക് ആ ഭയമില്ല. എൻെറ ചുമതലകൾ നിർവ്വഹിച്ചു കഴിയുന്നതിനു മുമ്പായി ദൈവം എന്നെ തിരിച്ചു വിളിക്കില്ല.

സാ:- ഒരു പുത്രനുവേണ്ടി എത്ര കാലമായി നാം കൊതിക്കുന്നു.

അ:- ആത്മാർത്ഥമായി പ്രാർത്ഥിക്കു. ഒരിക്കലും നിരസിക്കപ്പെടുകയില്ല.

(ജോവാൻ ഓടിവരുന്നു)

സാ:- എന്താണു ജോവാൻ ?

ജോവാൻ:- പുറത്തൊരു പരദേശി വന്നു നില്ക്കുന്നു; എന്തൊ വിശേഷ വൎത്തമാനം ഉണ്ടു്.

അ:- വിളിച്ചുകൊണ്ടു വരു.

(ജോവാൻ പുറത്തേയ്ക്കു പോയി ആഗതനെ കൂട്ടിക്കൊണ്ടു വരുന്നു. ആഗതൻ അബ്രാഹത്തെ വണങ്ങുന്നു)

അ:- നിങ്ങൾ എവിടെനിന്നു വരുന്നു ?

ആഗതൻ:- ഞാൻ സോദോമിൽ നിന്നാണു് വരുന്നതു്.

അ:- (അല്പം ഞെട്ടലോടെ) എന്താണു വിശേഷം ?

ആഗ:- ചില രാജാക്കന്മാർ സോദോം, അമ്മോറ എന്നീ പട്ടണങ്ങൾ ആക്രമിച്ചു. അവർ ലോത്തിനെ സകല സമ്പത്തുകളും അടക്കം അടിമയാക്കി കൊണ്ടുപോയി.

സാ:- (ഗദ്ഗദം) എന്തു്......എന്റെ ലോത്തിനെ അവർ പിടിച്ചുകൊണ്ടുപോയെന്നോ........ അവനെന്തെങ്കിലും സംഭവിച്ചാൽ......(നിലത്തിരിക്കുന്നു.)

അ:- നീ സമാധാനമായിരിക്കു. ദൈവം എന്നെ കൈവിടില്ല. എനിക്കു വിശ്വാസമുണ്ടു്.

ജോ:- നമുക്കുടനെ പോകണ്ടെ?

അ:- പോകണം. നമ്മുടെ വേലക്കാരിൽ ഒരു മുന്നൂറുപേരോടു വേഗം തയ്യാറാകാൻ പറയൂ. (ആഗതനോടു്) നിങ്ങൾ ജോവാന്റെകൂടെ അപ്പുറത്തേക്കു പൊയ്ക്കൊള്ളു. ഞാനിതാ വരുന്നു. (ജോവാനും ആഗതനും പോകുന്നു.) സാറാ, നീ എന്തിനു കരയുന്നു. അതു നിന്റെ വിശ്വാസക്കുറവിനെയാണു് കാണിക്കുന്നതു്.

സാ:- എന്റെ ലോത്തിനെ എനിക്കിനി കാണാൻ കഴിയുമോ......

അ:- തീർച്ചയായും......ദൈവം നമ്മോടുകൂടിയുണ്ട്. ശരി, ഞാൻ പോകാൻ നോക്കട്ടെ. (കണ്ണുകൾ ഉന്നതങ്ങളിലേക്കുയർത്തി കൈകൾ കൂപ്പുന്നു.) പിതാവായ ദൈവമേ അങ്ങയുടെ ഭൃത്യൻ അങ്ങയുടെ കൈകളിൽ......

(കർട്ടൻ)

## രംഗം നാല്

[അബ്രാഹത്തിൻെറ ഭവനം. ജോവാനും യൂദായും ഒരു പ്രാർത്ഥനാഗാനം പാടുന്നു. ഗാനം കഴിയാറാകുമ്പോൾ ലോത്തു കടന്നു വരുന്നു.]

ലോത്ത്:- (പാട്ടു തീരുമ്പോൾ) നിങ്ങളുടെ പ്രാർത്ഥന ഭംഗപ്പെടുത്തിയതിൽ ക്ഷമിക്കണം.

യൂദാ:- ഇല്ല, ഞങ്ങളുടെ പ്രാർത്ഥന കഴിഞ്ഞപ്പോഴാണ് അങ്ങ് വന്നത്.

ലോ:- (ഇരിക്കുന്നു) ജോവാൻെറയും യൂദായുടെയും മുഖങ്ങൾ ഇന്ന് എത്രയോ പ്രസന്നമാണ്.

ജോവാൻ:- ഞങ്ങൾക്കിന്നു സന്തോഷത്തിൻെറ ദിനമാണ്. അങ്ങയെ ശത്രുക്കൾ അടിമയായി പിടിച്ചു കൊണ്ടുപോയെന്നറിഞ്ഞപ്പോൾ എൻെറ ജീവൻ പകുതി പോയി.

യൂ:- പോയ ജീവൻ ഇപ്പോൾ തിരിച്ചു കിട്ടിക്കാണുമല്ലോ ? (ജോവാൻെറ രണ്ടു തോളിലും മാറിമാറി കുലുക്കുന്നു.) ഏതു ഭാഗത്തെ ജീവനാണ് നഷ്ടപ്പെട്ടതു്?

ജോ:- യൂദാ, നീ എല്ലാം തമാശയാക്കുന്നു. ഒന്ന് ഓർത്തുനോക്കു; ആ യുദ്ധത്തിൽ ഞങ്ങൾ പരാജയപ്പെട്ടിരുന്നെങ്കിൽ...

യൂ:- (ജോവാനെ കെട്ടിപ്പിടിക്കുന്നു.) എനിക്കറിയാം ജോവാൻ......ദൈവം എപ്പോഴും നമ്മോടുകൂടിയുണ്ട്.

ലോ:- ജോവാൻ, നിൻെറ സംസാരം കേൾക്കുമ്പോൾ, പ്രവൃത്തികൾ കാണുമ്പോൾ, എൻെറ ഹൃദയം കുളിരണിയുന്നു. ഹൊ... യുദ്ധത്തിൽ രാജാക്കന്മാരെ പരാജയപ്പെടുത്തിയ ശേഷം നീ കാണിച്ചതെന്തൊക്കെയാണ്.

ജോ:- ഞാനെന്തു ചെയ്തു?

യൂ:- അവനെല്ലാം മറന്നിരിക്കുന്നു.

ലോ:- ഒന്നു പറയൂ യൂദാ. അവൻ കേൾക്കട്ടെ.

യൂ:- ആദ്യമായി നീ ഇദ്ദേഹത്തെ എടുത്ത് ആകാശത്തിലേക്കുയർത്തി അപ്പോൾ നമ്മുടെ ജനങ്ങൾ അപാരമായ സന്തോഷത്താൽ ആർത്തട്ടഹസിച്ചു.

ലോ:- (ചിരിച്ചുകൊണ്ട്) ഇവനെന്നെ താഴെ ഇടുമെന്നു ഞാൻ പേടിച്ചു.

യൂ:- പിന്നത്തെ സംഭവങ്ങൾ കേൾക്കണൊ?

ജോ:- കേൾക്കട്ടെ.

യൂ:- പിന്നീട് നീ എൻെറ അടുത്തേക്കു വന്നു. ഇരുകരങ്ങൾ കൊണ്ടും നീ എന്നെ വരിഞ്ഞു മുറുക്കി. എൻെറ നെററിയിലും കവിളിലും നീ ചുംബിച്ചു.

ജോ:- ഇതൊക്കെ നീ വെറുതെ പറയുകയാണ്.

ലോ:- അല്ല ജോവാൻ, എല്ലാം സത്യമാണ്. നിർമ്മലമായ സ്നേഹത്തിൻെറ ഒരു കെടാവിളക്കാണ് നീ.

യൂ:- എൻെറ കണ്ണുനീരും നിൻെറ കണ്ണുനീരും ചേർന്ന് ഒരു വലിയ പ്രവാഹംതന്നെ ഉണ്ടായി.

ലോ:- നിങ്ങളുടെ ഈ സ്നേഹം ലോകത്തിനൊരു മാതൃകയാണ്. ആത്മാർത്ഥമായ സ്നേഹത്തിൻെറ വെളിച്ചത്തിൽ എത്ര വലിയ ത്യാഗവും നിസ്സാരമെന്നു നിങ്ങൾ തെളിയിച്ചു.

യൂ:- ഞങ്ങൾ ഈ ദിവസം ആഘോഷപൂർവ്വം കൊണ്ടാടാൻ തീരുമാനിച്ചു.

ലോ:- എങ്ങനെ ?

ജോ:- ഏററവും നല്ല വീഞ്ഞു് രണ്ടു ഗ്ലാസ്സു വീതം.

യൂ:- തടിച്ചുകൊഴുത്ത ഒരു മുട്ടനാടിനെ ഞങ്ങൾ തയ്യാറാക്കി നിർത്തിയിട്ടുണ്ടു്.

ലോ:- ഓഹോ, അങ്ങനെയാണല്ലെ. ശരി; എൻെറ വീത മായി ഓരോ ഗ്ലാസ്സ് വീഞ്ഞുകൂടി—

ജോ:- എനിക്കു മാത്രം. യൂദായിക്കു വേണ്ട.

ലോ:- അതെന്താ ?

ജോ:- അവനു വേഗം സുബോധം മറയും. പിന്നെ എന്തെ ല്ലാമൊ വിളിച്ചു പറയും.

യൂ:- വെറും നുണ. ഞാനൊരിക്കലെങ്കിലും കുടിച്ചു സുബോധം നഷ്ടപ്പെട്ടിട്ടുണ്ടോ ?

ജോ:- നീ ഓക്കുന്നില്ലെ......അന്നൊരു ദിവസം - മലയിൽ വെച്ചു്—

യൂ:- അതു നിന്നെ ഒന്നു പററിക്കാനായി ഞാൻ അഭിനയിച്ച തല്ലെ.

ജോ:- പിന്നെ, പിന്നെ. അന്നു വീഞ്ഞാണെന്നു പറഞ്ഞു് പച്ചവെള്ളം നിന്നെ ഞാൻ കുടിപ്പിച്ചു.

യൂ:- ജോവാൻ, നുണകൾ മെനഞ്ഞുണ്ടാക്കുന്നതിൽ നീ വളരെ സമത്ഥനാണു്.

(അബ്രാഹം വരുന്നു. എല്ലാവരും ഭവ്യതയോടെ മാറി നില്ക്കുന്നു)

അ:- (ഇരിക്കുന്നു) യഹോവ ആയ ദൈവം വാഴ്ത്തപ്പെടട്ടെ!

ലോ:- അമ്മാവൻ വല്ലാതെ ക്ഷീണിച്ചിരിക്കുന്നു.

അ:– സാരമില്ല. എനിയ്ക്കു സമാധാനമായി. യുദ്ധത്തിൽ എൻെറ പിതാവെന്നെ അത്ഭുതകരമായി സഹായിച്ചു.

ലോ:– എൻെറ ദൈവത്തിൻെറയും അമ്മാവൻെറയും കരുണ എന്നെ രക്ഷിച്ചു.

അ:– ദൈവത്തിനു നന്ദി പറയൂ. മനുഷ്യൻ എത്ര അദ്ധ്വാനിച്ചാലും അവിടത്തെ അനുഗ്രഹമില്ലെങ്കിൽ ഒന്നും വിജയത്തിൽ കലാശിക്കയില്ല. (യൂദായോടും ജോവാനോടും) നിങ്ങൾക്കു ഞാൻ കുറെ വീഞ്ഞു് വേലക്കാരെ ഏല്പിച്ചിട്ടുണ്ടു്. പോയി കുടിച്ചുകൊള്ളൂ. സന്തോഷമായി ഇന്നു കൊണ്ടാടൂ.

(ഇരുവരും പോകുന്നു)

അ:– നിർമ്മലതയുടെ ധവളവസ്ത്രം ധരിച്ച രണ്ടു മാലാഖാമാർ!

ലോ:– അവരുടെ സ്നേഹം ലോകത്തിനൊരു മാതൃകയാണു്.

അ:– നിന്നെ വീണ്ടെടുക്കാനായി ഏററവും കൂടുതൽ ത്യാഗം സഹിച്ചതു ജോവാനാണു്.

ലോ:– വീണ്ടും നാം ഒത്തുചേരുമെന്നു് ഞാൻ വിചാരിച്ചില്ല.

അ:– നിൻെറ പിതാവായ ദൈവത്തിൽ അടിയുറച്ചു വിശ്വസിക്കൂ. ഒരിക്കലും അവിടന്നു് കൈവിടുകയില്ല. (ചിന്തിച്ചു്) ദൈവത്തിൻെറ വാക്കുകൾ ജനങ്ങൾ ഇന്നു ചെവിക്കൊള്ളുന്നില്ല. വരാൻ പോകുന്ന രക്ഷകനു വഴി ഒരുക്കേണ്ടവർ തെററുകളിലേയ്ക്കു വഴുതി വീഴുന്നു. എല്ലാം...... എല്ലാം നേരെയാക്കാനുള്ള ശക്തി എൻെറ പിതാവെനിക്കു നൽകട്ടെ!

[കർട്ടൻ]

## രംഗം അഞ്ചു്

(അബ്രാഹത്തിൻെറ ഭവനം. സമയം രാത്രി. നേരിയ പ്രകാശം പരത്തുന്ന ഒരു ചെറിയ വിളക്ക് രംഗത്തുണ്ടു്. അബ്രാഹം പ്രാത്ഥനാനിരതനാണു്. കണ്ണുമടച്ചിരിക്കുന്നു. ഒന്നു രണ്ടു് നിമിഷം കഴിയുമ്പോൾ ദിവ്യമായ ഒരു പ്രകാശം രംഗത്തുണ്ടാകുന്നു. ക്രമേണ അതു വദ്ധിക്കുന്നു. തുടന്നു് അശരീരിയുടെ ശബ്ദം.)

ശബ്ദം:— അബ്രാഹം......അബ്രാഹം......

(അബ്രാഹം മിഴികൾ തുറക്കുന്നു. വീണ്ടും 'അബ്രാഹം' എന്നുള്ള വിളി. അബ്രാഹം എഴുന്നേൽക്കുന്നു.)

ശ:- അബ്രാഹം, നിൻെറ പിതാവായ ദൈവമാണു് വിളിക്കുന്നതു്.

അ:- (പ്രകാശം വരുന്ന ഭാഗത്തേക്കുനോക്കി കൈകൾ കൂപ്പുന്നു.) എൻെറ കത്താവേ, എൻെറ ദൈവമേ! ഇതാ നിൻെറ ഭൃത്യൻ.

ശ:- അബ്രാഹം......നീ സന്തോഷവാനായിരിക്കുക. നിൻെറ സന്തതികൾ ആകാശത്തിലെ നക്ഷത്രങ്ങൾപോലെ വദ്ധിക്കും.

അ:— എൻെറ പിതാവിൻെറ കരുണ എന്നെ നയിക്കുന്നു.

ശ:- അബ്രാഹം......നീ എൻെറ വിശ്വസ്ത ഭൃത്യനായിരിക്കുക. നിന്നിൽ ഞാൻ വളരെ സംപ്രീതനായിരിക്കുന്നു.

അ:- പിതാവായ ദൈവമേ, ഞാനെന്നും അങ്ങയുടെ വിശ്വസ്ത ഭൃത്യനായിരിക്കും—എന്നും—

ശ:- നീ സന്തോഷിക്കുു. നിനക്കു ഞാനൊരു പുത്രനെ വാഗ്ദാനം ചെയ്യുന്നു.

അ:- സന്തോഷത്താൽ ഞാൻ മതിമറക്കുന്നു. ഒരു പുത്രനു വേണ്ടി എത്ര കാലമായി ഞാൻ കൊതിക്കുന്നു.

ശ:- നിൻെറ ആഗ്രഹങ്ങൾ സഫലീകരിക്കട്ടെ! അവനു് ''ഇസഹാക്കു്'' എന്നു നീ പേർ കൊടുക്കണം.

അ:- എല്ലാം അവിടുത്തെ കല്പനപോലെ.

(തുടന്നു് പ്രകാശം മങ്ങുന്നു. അവസാനം പഴയ വെളിച്ചം അവശേഷിക്കുന്നു. അബ്രാഹം അവിടെത്തന്നെ നില്ക്കുകയാണു്. സാറാ കടന്നു വരുന്നു.)

സാ:- ഇതെന്താണു് ഇങ്ങനെ നില്ക്കുന്നതു് ? എന്തുപററി ?

അ:- (പെട്ടെന്നു തിരിയുന്നു. സന്തോഷപൂർണ്ണമായ മുഖം)— നമ്മുടെ പ്രാത്ഥന ദൈവം കൈക്കൊണ്ടു.

സാ:- (ആശ്ചര്യത്തോടെ) എന്താണു് ? പറയൂ.

അ:- ദൈവം നമുക്കൊരു പുത്രനെ വാഗ്ദാനം ചെയ്തിരിക്കുന്നു. അവനു് ഇസഹാക്കു് എന്നു പേർ കൊടുക്കണം.

സാ:- (അപാരമായ സന്തോഷത്തോടെ) ഹൊ! ഞാൻ സ്വപ്നം കാണുകയാണൊ......

അ:- ആത്മാവിൻെറ ഉള്ളറയിൽനിന്നും വരുന്ന പ്രാത്ഥന ദൈവം നിരസിക്കയില്ല. ദൃഢമായ വിശ്വാസം വിജയത്തിൻെറ അടിത്തറയാണു്.

(ഈ സമയം യൂദായും ജോവാനും ഒരു ഗാനം പതുക്കെ ആലപിച്ചുകൊണ്ടു് വരുന്നു. അബ്രാഹത്തെ കണ്ടപ്പോൾ ഇരുവരും നിശ്ശബ്ദരാകുന്നു.)

അ:- നിങ്ങൾ പാടിയ ആ ഗാനം നന്നായിരിക്കുന്നു. ഒന്നുകൂടി പാടൂ. (ഇരിക്കുന്നു)

(യൂദായും ജോവാനും പാടുന്നു. ഈ ഗാനം ദൈവം നമുക്കു ചെയ്യുന്ന ഉപകാരങ്ങൾക്കു് നന്ദിപറഞ്ഞുകൊണ്ടുള്ളതായിരിക്കണം. ലോത്തു് കടന്നു വരുന്നു. പാട്ടിൽ ശ്രദ്ധാലുവായി ഒരു ഭാഗത്തു നില്ക്കുന്നു. പാട്ടു തീരുമ്പോൾ രംഗം അവസാനിക്കുന്നു.)

(കർട്ടൻ)

# അഴലിൻെറ അഴക്

## ലഘുനാടകം

(സി. ടി. ജോസഫ്, മാനന്തവാടി)

കഥാപാത്രങ്ങൾ:

(1) അബ്രാഹം (വൃദ്ധൻ)

[നീണ്ട രോമക്കുപ്പായം. അരയിൽ തോലുകൊണ്ടുള്ള പട്ട്. ഒരു വളഞ്ഞ വടി. നീണ്ടുവളൎന്നുകിടക്കുന്ന നരച്ച താടി. ഘനഗംഭീരവും, പ്രശാന്തത സ്പുരിക്കുന്നതും, ദൈവത്തിൻെറ ശബ്ദം കേൾക്കുമ്പോൾ ശിശുഭാവം കൈക്കൊള്ളുന്നതുമായ പ്രത്യേകതരം മുഖഭാവം]

(2) സാറാ (വൃദ്ധ)

[നീണ്ട രോമക്കുപ്പായം. തലയിൽ മൃദുരോമനിൎമ്മിതമായ തട്ടം. വൃദ്ധയെങ്കിലും ഒരു മഹാ സൗന്ദൎയ്യധാമത്തിൻെറ മറഞ്ഞിരിക്കുന്ന ചുക്കിച്ചുളിഞ്ഞ മുഖഭാവം കാണാൻ കഴിയും. വന്ധ്യതയിൽനിന്നു് മുക്തയായതിൽ എപ്പോഴും ആനന്ദംകൊള്ളുന്നു; ഏതാനും രംഗത്തേക്കു മാത്രം.]

(3) ഇസ്മായിൽ (വയസ്സ് 13)

[രോമംകൊണ്ടുള്ള ഷോർട്ട്സിൻെറ പ്രാകൃത രൂപം]

(4) ഇസഹാക്കു്:- [ഇസഹാക്കിനെ തൊട്ടിൽ കിടത്തിയിരിക്കുന്ന രംഗത്തു് വല്ല ബൊമ്മയോ മറേറാ വെച്ചാലും മതി. പിന്നീടുള്ള രംഗങ്ങളിൽ വയസ്സു് 10.]

(5) ദൈവദൂതൻ:– [പ്രായം യുക്തംപോലെ – വെള്ളയങ്കി വേഷം.]

[ബോസ്, യർലപ്പി, ഹാസേ, ഗാസാ, കാസാറു്, ഓസ്, ലോതാൻ, ശോബാൽ, സിബയോൻ, ദീശാൻ തുടങ്ങിയ എട്ടുപത്തു് കുട്ടികൾ. വയസ്സു് 10ഉം 12ഉം.]

## രംഗം ഒന്നു്

[ഒരു തൊട്ടിലിൽ ശിശുവായ ഇസഹാക്കിനെ കിടത്തി സാറാ താരാട്ടു പാടിക്കൊണ്ടിരിയ്ക്കുന്നു. ചുക്കിച്ചുളിഞ്ഞ ആ വൃദ്ധസൗന്ദര്യധാമത്തിൻെറ മുഖത്തുനിന്നും ഊറെന്റൊഴുകുന്ന ആ ഗാനം കുറച്ചുമാറി ഒരു തോലുറ തുന്നിക്കൊണ്ടിരിക്കുന്ന വൃദ്ധനായ അബ്രാഹം ശ്രദ്ധിക്കുന്നു. സന്തോഷത്തിൻെറ അലകൾ രണ്ടുപേരുടേയും മുഖത്തു് ഉയന്നുവരുന്നതു കാണാം. പ്രാചീനത തോന്നിക്കുന്ന കട്ടിൽ, തൊട്ടിൽ, ചുവരു് തുടങ്ങിയവ ശ്രദ്ധാഹ്മാണു്.]

### സാറാ പാടുന്നു
(മഞ്ജരി)

തൊണ്ണൂറാം കാലത്തെനിക്കു കിട്ടിയൊരെൻ
പൊന്മണിപ്പൈതലേ നീയുറങ്ങു്;
ലില്ലിയെ വെല്ലും നിന്നാനന്ദം കാണുമ്പോൾ
വാദ്ധ്ക്യമെന്നിൽ നിന്നോടിടുന്നു.
വന്ധ്യയാം സാറായെന്നെന്നെയനാരതം
പുശ്ചമായ്ച്ചൊല്ലിയീ നാട്ടാരെല്ലാം.

ചന്ദനച്ചാറായ നിന്നുടെ പുഞ്ചിരി-
പ്പഞ്ചാരപ്പാലിലലിഞ്ഞിടുന്നു.
നിത്യപിതാവെൻെറ പ്രാർത്ഥന കേട്ടല്ലോ,
വന്ധ്യമാം ശാപത്തിൻ ക്രൂപേനിന്നും
അന്തമില്ലാതെഴും ഭാവിതൻകാലേക്കായ്
അന്തക ശാപമൊഴിഞ്ഞുവല്ലോ!

(പാട്ടുകേട്ട് അബ്രാഹം തലയാട്ടി ആനന്ദിക്കുന്നു. തുന്നിക്കൊണ്ടിരുന്ന തോല്പറ അവിടെ വെച്ചിട്ട് തൊട്ടിലിൽ കിടക്കുന്ന ഇസഹാക്കിനെ ഉമ്മവെയ്ക്കുന്നു. വെള്ളിക്കമ്പിപോലെ നീണ്ടുകിടക്കുന്ന താടി ഉയരുകയും താഴുകയും ചെയ്യുന്നു.

അബ്രാഹം:- സാറാ, നീ പാടിയ താരാട്ടു കേട്ട് എനിക്കുവരെ ഉറക്കം വന്നുപോയി. പക്ഷേ, ആ താരാട്ടിൽ നിൻെറ സന്താനദാഹത്തെ മാത്രം ദൈവം കേട്ടു എന്ന് സൂചിപ്പിക്കുകയുണ്ടായി. അതു ശരിയല്ല. ല്ല ദൈവം നമ്മുടെ രണ്ടാളുടേയും ദുഃഖം ഇല്ലാതാക്കുകയല്ലേ ചെയ്തതു?

അ:- (സാറായുടെ മുഖത്തു നോക്കിയിട്ട്) സാറാ, ഞാൻ വെറുതെ പറഞ്ഞതാണ്. നിൻെറ പുത്രദാഹത്തിൻെറ സീമ എത്രത്തോളമാണെന്ന് എനിക്ക് നന്നായി അറിയാം. അക്കാരണത്താലാണല്ലോ പതിമൂന്നു വർഷം മുമ്പ് നമ്മുടെ ദാസിയായ ഹാഗാറിൽ ഇസ്മായേലിനെ ജനിപ്പിക്കുവാൻ ദൈവനിശ്ചയപ്രകാരം നീ എന്നെ നിർബ്ബന്ധിച്ചതു്. നീ നല്ലവളാണ്. അനുഗ്രഹിക്കപ്പെട്ടവളാണ്. ശക്തനായ ദൈവം നമ്മളിൽ കരുണ ചൊരിഞ്ഞു. എൻെറ 100-ാമത്തെ വയസ്സിൽ ഈ കുഞ്ഞിനെ ദൈവം നമുക്കു തന്നു.

സാ:- ഇതാ നോക്കു, (ഇസഹാക്കിനെ നോക്കി ചിരിച്ചുകൊണ്ട്) നമ്മുടെ കുട്ടൻ ചിരിക്കുന്നു. കള്ളൻ ഉറക്ക

ത്തിൽ എന്തോ സ്വപ്നം കാണുകയാണ്. മധുരമായ സ്വപ്നം.

അ:- അയ്യോ! നീയവനെ കള്ളനെന്നു വിളിച്ചു. അതു കഷ്ടമല്ലേ ? കളങ്കമെന്തെന്നറിയാത്ത നമ്മുടെ പൊന്നോമനക്കുട്ടനെ. (സാറാ മുഖം വീണ്ടും താഴ്ത്തുന്നു.)

സാ:- പ്രഭോ, എൻെറ വായിൽനിന്നാനന്ദംകൊണ്ടു് പുറപ്പെട്ട വാക്കാണതു്. ഇപ്പോൾ എനിയ്ക്കു് രണ്ടാം പ്രാവശ്യമാണല്ലോ ഈ അബദ്ധം പററുന്നതു്!

അ:- സാറാ, നീ വിഷമിക്കാതിരിക്കു. വയസ്സുകാലത്തു പറയുന്നതൊക്കെ ചിലപ്പോൾ എനിക്കും പിശകിയെന്നുവരാം. എന്നാലും നാം കഴിയുന്നത്ര ശ്രദ്ധിച്ചു സംസാരിക്കണം. നിസ്സാരമായ വാക്കുകളാണെങ്കിലും ദൈവത്തെ സ്നേഹിക്കുന്ന നാം കഴിയുന്നതും സൂക്ഷിച്ചു സംസാരിക്കുന്നതു നല്ലതാണു്.

സാ:- നമ്മുടെ കുഞ്ഞിനു് വല്ല അസുഖവും വന്നാൽ നാം എന്തു ചെയ്യും ? കുറച്ചു പച്ചമരുന്നെങ്കിലും പറിച്ചുകൊണ്ടു വന്നു് സൂക്ഷിച്ചുവെക്കണം.

അ:- സാറാ, നീ നമ്മുടെ നല്ല ദൈവത്തിൽ ശക്തിയായി വിശ്വസിക്കു. അവന്നു് മരുന്നും വേണ്ട, മന്ത്രവും വേണ്ട.

സാ:- (അത്ഭുതത്തോടെ) പ്രഭോ, അതെന്താണു് ?

അ:- എൻെറ സാറാ, ഒരിക്കൽ ദൈവം എന്നെ, പ്രാർത്ഥിച്ചുകൊണ്ടിരുന്ന സ്ഥലത്തുനിന്നും പുറത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി. ആകാശത്തിലേയ്ക്കു നോക്കുവാൻ എന്നോടു പറഞ്ഞു. നക്ഷത്രങ്ങളെ എണ്ണുവാനാവശ്യപ്പെട്ടു. ഞാൻ അന്ധാളിച്ചുപോയി. ദൈവം എന്നോടു പറഞ്ഞു: "അബ്രാഹം, നിൻെറ സന്തതിപരമ്പരകളെ ഞാൻ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽക്കര

യിലെ മണൽത്തരികൾപോലെയും വദ്ധിപ്പിക്കും''
എന്നു്. പിന്നെന്തിനാണു' ഞാനവനു് മരുന്നു കരുതി
വെക്കാൻ കാട്ടും മലയും കയറുന്നതു്.

സാ:- പ്രഭോ, എന്നോടു ക്ഷമിക്കേണ; പുത്രവാത്സല്യം
നിമിത്തം ഞാൻ ദൈവകാര്യത്തിൽനിന്നും അല്പം അക
ന്നുപോയി.

അ:- ദൈവത്തിൽ നാം എപ്പോഴും വിശ്വസിക്കണം. പാറ
പോലെ ഉറച്ചതായിരിക്കണം നമ്മുടെ വിശ്വാസം.
മാത്രമല്ല, ദൈവത്തെ മുഴുഹൃദയത്തോടുകൂടിയും നാം സ്നേ
ഹിക്കണം; അനുസരിക്കണം. ഈ പുത്രനും നമ്മുടെ
അളവില്ലാത്ത മററു് സമ്പത്തുക്കളും നല്ല ദൈവത്തിൻെറ
ദാനമല്ലേ? ഇക്കാര്യം നാം ഒരിക്കലും മറക്കരുതു്, സാറാ.

[ഈ സമയത്തു് ഇസ്മായേൽ അകത്തുനിന്നും ഓടിവരു
ന്നു. പ്രായം 13 വയസ്സ്'. തോലുകൊണ്ടുള്ള ഷോർട്ട്
സിൻെറ പ്രാകൃതരൂപം ധരിച്ചിരിക്കുന്നു.]

ഇസ്മായേൽ:- അപ്പാ, പ്രാത്ഥന ചൊല്ലുന്ന സമയമായല്ലോ?

അ:- ശരിയാണല്ലോ മകനേ നീ പറഞ്ഞതു്. നിൻെറ അമ്മ
ഹാഗാറെവിടെ ?

ഇ:- നമ്മുടെ അടുത്ത വീട്ടിലെ യർലപ്പിയുടെ അമ്മ വിളിച്ചു
കൊണ്ടുപോയി.

സാ:- പ്രഭോ, ഇതാ ഇങ്ങോട്ടു നോക്കു.

അ:- എന്താണു് സാറാ ?

സാ:- നമ്മുടെ ദാസിയുടെ പുത്രനായ ഈ ഇസ്മായേലിനു് ഇ
പ്പോൾ കുസൃതി വളരെ കൂടുതലാണു്. ഇന്നാളൊരി
ക്കൽ നമ്മുടെ ഇസഹാക്കുകുഞ്ഞിനെ ഇവൻ ഉരുട്ടിയിട്ടു.
പിന്നീടൊരിക്കൽ പിടിച്ചു് ശക്തിയായി ആട്ടി. കു
ഞ്ഞിൻെറ തല ആ മരത്തൂണിൽച്ചെന്നടിച്ചു. കുഞ്ഞു

കിടന്നു് വല്ലാതെ കരഞ്ഞു. ഇവൻെറ അമ്മയുടെ ഭാവവും ഇപ്പോൾ മാറിയിരിക്കുകയാണു്. കണ്ടില്ലേ, പ്രാർത്ഥന ചൊല്ലേണ്ട സമയത്തു് അയലത്തെ വീട്ടിൽ പോയിരിക്കുകയല്ലേ ?

അ:- സാറാ, നീ എന്തിനാണു് മററുള്ളവരെ കുററം പറയുന്നതു് ?

സാ:- ഞാൻ വൃദ്ധയായി പ്രസവിക്കാതെ തന്നെ മരിക്കുമെന്നാണു് അവൾ കരുതിയതു്. പക്ഷേ, ദൈവം അതു് അനുവദിച്ചില്ല. അവൾ അസൂയപ്പെട്ടിട്ടു് ഇനി കാര്യമില്ല.

അ:- സാറാ, നീ കുറെക്കൂടി ശാന്തത പാലിക്കു.

സാ:- നാഥാ, ഇക്കാര്യത്തിൽ ഞാൻ ഒരു കടുത്ത നിലപാടു് എടുക്കുകയാണു്. എന്നോടു് ക്ഷമിക്കണം. ഇവനേയും ഇവൻെറ അമ്മയേയും ഇന്നുതന്നെ ഇവിടെനിന്നും ഇറക്കിവിടണം. അല്ലെങ്കിൽ ഇവനും ഇവൻെറ അമ്മയുംകൂടി നമ്മുടെ കുഞ്ഞിനെ കൊല്ലും.

അ:- സാറാ..., (എന്നു് നീട്ടി വിളിക്കുന്നു. മുഖം ഗൗരവം കൊള്ളുന്നു.)

(ഇസ്മായേലിൻെറ മുഖത്തു് ദുഃഖം നിഴലിക്കുന്നു.)

ഇസ്മാ:- അപ്പാ, വലിയമ്മച്ചിക്കു് ഇഷ്ടമില്ലെങ്കിൽ ഞങ്ങൾ ഈ വീട്ടിൽ ഇനി താമസിക്കുന്നില്ല. ഞങ്ങൾ എവിടെയെങ്കിലും പോയി അടിമവേലചെയ്തു ജീവിച്ചുകൊള്ളാം. (കരഞ്ഞുകൊണ്ടു് അകത്തേയ്ക്കു് ഓടുന്നു.)

അ:- (ദുഃഖത്തോടെ ഇസ്മായേൽ പോയ വഴിക്കു നോക്കി) ഇസ്മായിലേ, ഒന്നവിടെ നില്ക്കു. (പെട്ടെന്നു് ആകാശത്തു് ഇടിയും മിന്നലും ഉണ്ടാകുന്നു. അബ്രാഹം ഭയന്നു് മുട്ടിന്മേൽ നില്ക്കുന്നു. സാറാ തൊട്ടിൽക്കയറിൽപ്പിടിച്ചു് പ്രജ്ഞയററവളെപ്പോലെ നില്ക്കുന്നു. ദൈവത്തിൻെറ ശബ്ദവും മുഴങ്ങുന്നു.)

"അബ്രാഹം, അബ്രാഹം, നീ നിൻെറ ദാസിയായ ഹാഗാറിനെക്കുറിച്ചും അവളുടെ പുത്രനായ ഇസ്മായിലിനെക്കുറിച്ചും ഒട്ടും വ്യസനിക്കേണ്ട. സാറ പറഞ്ഞതുപോലെ പ്രവർത്തിക്കുക. നിൻെറ ദാസിയുടെ പുത്രനെ ഞാൻ ഒരു വലിയ ജനമാക്കും. എന്തെന്നാൽ അവൻ നീതിമാനായ നിൻെറ സന്തതിയാണല്ലൊ ?"

(ശബ്ദം നിലച്ചു) അന്തരീക്ഷം ശാന്തമായി. അബ്രാഹം മുട്ടിൽനിന്നെഴുന്നേററ് അകത്തേക്കു പോകുന്നു. സാറാ തൊട്ടിൽക്കയറിൽ ബലമായി പിടിച്ച് അത്ഭുതസ്തബ്ധയായിത്തന്നെ അബ്രാഹം നടന്നകലുന്നതു് നോക്കി നില്ക്കുന്നു.

(കർട്ടൻ)

## രംഗം രണ്ട്

[ഒരു കളിസ്ഥലം. ഇസഹാക്കു്, ഓസ്, ബോസ്, യർലപ്പി, ഗാസാ, കാസാറു് തുടങ്ങിയ പത്തുപന്ത്രണ്ടു കുട്ടികൾ കബടി (ചുടുകുടു) കളിയിൽ മുഴുകിയിരിക്കുന്നു. എല്ലാവരും തോലുകൊണ്ടുള്ള പ്രാകൃതഷോർട്സ് ധരിച്ചിരിക്കുന്നു. പ്രായം പത്തും പന്ത്രണ്ടും വയസ്സ്.]

[ആദ്യമായി ഇസഹാക്കു് 'ചുടുകുടു', 'ചുടുകുടു' എന്ന ശബ്ദമുണ്ടാക്കി ഓസ്, ബോസ് തുടങ്ങിയവരെ പുറത്താക്കുന്നു. കളി ഏതാണ്ട് എട്ടു പത്തു മിനിട്ടു് നീണ്ടുനില്ക്കുന്നു. കൂട്ടുകാരെല്ലാം ഇസഹാക്കിനെ വളയുന്നു. പൊക്കിയെടുത്തു് തോളിൽകയററി കൊണ്ടുനടക്കുന്നു.]

യർലപ്പി:- ഇസഹാക്കു് ജയിക്കട്ടെ.

കാസാറു്:- ഇന്നത്തെക്കളിയിലെ മിടുക്കനിതാ.

ബോസ്:- അബ്രാഹത്തിൻെറ മകൻ നീണാൾ വാഴട്ടെ.

(ഇങ്ങനെ എല്ലാവരുംകൂടി മിടുക്കനായ ഇസഹാക്കിനെ തോളിലേററി ജയാരവം മുഴക്കികൊണ്ടു നടക്കുന്നു. പിന്നീട്ട് ശബ്ദം നിലക്കുന്നു. എല്ലാവരും വട്ടം കൂടിയിരിക്കുന്നു.)

ബോസ്:- ഇസഹാക്കേ, ഇന്നലെ ഞങ്ങൾ ഒരു മന്ത്രവാദിയെക്കണ്ടു.

ഇസഹാക്ക്:- മന്ത്രവാദിയോ ? ആരാണീ മന്ത്രവാദി ? എന്താണയാളുടെ പണി ?

ബോസ്:- ആളുകളെ മന്ത്രത്തിൻെറ ശക്തികൊണ്ട് പല അത്ഭുതങ്ങളും കാണിക്കും. അയാൾ പറയുന്ന ദുഷ്ടദേവനിൽ വിശ്വസിക്കുകയാണെങ്കിൽ അയാൾ വലിയ സമ്മാനങ്ങൾ നമുക്ക് തരുമത്രെ.

ഇസ:- ഓഹോ! അങ്ങനെയോ. ഞാൻ അപ്പനോട്ട് അതിനെക്കുറിച്ചൊന്നു ചോദിക്കട്ടെ. ആകട്ടെ. അയാൾ നിങ്ങളെ കാണിച്ച അത്ഭുതമെന്താണെന്നു പറയാമോ ?

ബോസ്:- അതൊരു മഹാ അത്ഭുതമാണ്. ഞാനും, ഓസും, കാസാറും, യർലപ്പിയും, ഗാസായും ഒക്കെകണ്ടതാണ്.

ഇസ:- (കൂട്ടകാരുടെ നേരെ തിരിഞ്ഞു) ഈ ബോസു പറയുന്നതു ശരിയാണോ ?

കാസാറ്:- ശരിയാണ്. ഞങ്ങളെ ആ മന്ത്രവാദി ഒരു കുളക്കരയിൽ കൊണ്ടുപോയി അയാളുടെ തോൽ സഞ്ചിയിൽനിന്നും ഒരു മുട്ടയെടുത്ത് കുളക്കരെവെച്ചു. എന്നിട്ടു ഞങ്ങളോട്ട് ആ മന്ത്രവാദി ഒരു മന്ത്രവടി ഉയർത്തിക്കാണിച്ചുകൊണ്ട് പറഞ്ഞു "കുട്ടികളെ, ഇതാ നോക്കിക്കൊള്ളു. ഇപ്പോൾ ഈ മുട്ട കുളത്തിലേക്ക് ഉരുണ്ടുചാടും" എന്നു. (എല്ലാവരുടേയും മുഖത്ത് അത്ഭുതത്തിൻെറഓമ്മ. അത്ഭുതം വരുത്തുന്നു.) പിന്നീട്ട് ഞങ്ങളോട്ട് കുളത്തിൻെറ മറുകരയിൽ പോയിനില്ക്കാൻ പറഞ്ഞു. മുട്ട നിങ്ങളെ അന്വേഷിച്ചുവരു

മെന്നു്. ഞങ്ങൾ മറുകരെ പോയി നിന്നു. അത്ഭുതം! അതാ മുട്ട ഞങ്ങളെ അന്വേഷിച്ചു വരുന്നു. ഉടനെ ഞങ്ങളോടു് മന്ത്രവാദി ആദ്യം നിന്ന സ്ഥലത്തു വന്നു നില്ക്കാൻ പറഞ്ഞു. ഞങ്ങൾ അങ്ങനെ ചെയ്തു. മുട്ടയതാ പിന്നേയും ഞങ്ങളെ അന്വേഷിച്ചു് വെള്ളത്തിന്റെ മീതെക്കൂടി ഓടിവരുന്നു. ഞങ്ങളെല്ലാം മിഴിച്ചുനിന്നു. മന്ത്രവാദി മുട്ടയെടുത്തു് സഞ്ചിയിലിട്ടു.

ഇസ:- എന്നിട്ടു് ?

(ബാക്കി എല്ലാകുട്ടികളും കൂടി) ഞങ്ങൾ ഭയന്നു് എല്ലാവരും വീട്ടിലേയ്ക്കു് ഓടിപ്പോയി.

ഇസ:- നാം സത്യദൈവത്തിൽ വിശ്വസിക്കുന്നവരാണ്. മററുള്ള ചീത്തയാളുകൾ എത്രവലിയ സമ്മാനം തരാമെന്നു പറഞ്ഞാലും നാം നമ്മുടെ ദൈവത്തിനിഷ്ടമില്ലാത്ത ഒരു തിന്മപോലും ചെയ്യരുതു്.

യർലപ്പി:-അങ്ങനെയാണെങ്കിൽപ്പിന്നെ ഈ അതിശയം കാണിക്കാൻ അയാൾക്കു് എങ്ങനെ കഴിഞ്ഞു ?

ഇസ:- ഇക്കാര്യം ഇന്നു് ഞാൻ വീട്ടിൽപോയി എന്റെ അപ്പനോടു് പറയാം. നാളെ ഈ അതിശയം എന്റെ അപ്പൻ നിങ്ങളെ കാണിച്ചുതരും. നോക്കിക്കോ എന്റെ അപ്പൻ ദൈവത്തോടു് എന്താവശ്യപ്പെട്ടാലും ഉടനെ സാധിച്ചുകൊടുക്കും.

(കുട്ടികളെല്ലാവരും കൂടി) എന്നാലൊന്നു നിന്റെ അപ്പന്റെ ചുണ ഞങ്ങളൊന്നു കാണട്ടടാ.

ഇസ:- നാളെ നിങ്ങളെല്ലാം എന്റെ വീട്ടിൽ വരു. നാളത്തെക്കളിയും മററു പരിപാടികളും നമുക്കവിടെവെച്ചാകാം.

കൂട്ടകാർ:- ഇന്നുതന്നെ ഞങ്ങൾക്കു് ആ അതിശയം പ്രവത്തിക്കുന്നതു് കാണണം. നിൻേറയും നിൻെറ അപ്പൻേറയും അഹങ്കാരം കുറെ കൂടിപ്പോകുന്നുണ്ടു്.

ഇസ:- എന്തിനാണ് നീങ്ങൾ ഇങ്ങനെയൊക്കെപ്പറയുന്നതു്. നേരം പോയില്ലേ. ഇന്നു നമുക്കു വീട്ടിലേക്കു മടങ്ങാം. അല്പം ക്ഷമ മനുഷ്യനു് വേണം. അതിശയം നാളെത്തന്നെ നമുക്കു കാണാമല്ലോ.

(എല്ലാവരും അവരവരുടെ വീട്ടിലേയ്ക്കു പിരിഞ്ഞുപോകുന്നു.)

(കർട്ടൻ)

## രംഗം മൂന്നു്

[ഒരു ബലിപീഠം. അബ്രാഹം മുട്ടുകുത്തി നിശ്ചലനായി നില്ക്കുന്നു. പ്രാത്ഥനാവചനം ഉയന്നു കേൾക്കുന്നു.]

അബ്രാഹം:- "സവ്വശക്തനായ പിതാവെ, അങ്ങു് എന്നിൽ ചൊരിഞ്ഞ കരുണയ്ക്കു് ഞാൻ എങ്ങനെയാണ് നന്ദി പ്രകാശിപ്പിക്കേണ്ടതു്. എന്നെയും എൻെറ കുടുംബത്തെയും ഞാൻ മുഴുവനായി അങ്ങേയ്ക്കു് സമപ്പിക്കുന്നു."

(പെട്ടെന്നു് ആകാശത്തിൽ കാർമേഘങ്ങൾ ഉരുണ്ടുകൂടുകയും മിന്നലും ഇടിയും ഉണ്ടാവുകയും ചെയ്യുന്നു. ഒരു ദീപ്തിവലയം അവിടെ പ്രത്യക്ഷപ്പെടുന്നു. ദൈവത്തിൻെറ ശബ്ദം അബ്രാഹം കേൾക്കുന്നു. "അബ്രാഹം, അബ്രാഹം!!"

അ:- ഇതാ, അവിടുത്തെ ദാസൻ.

ശബ്ദം:- നീ വളരെയധികം സ്നേഹിക്കുന്ന ഏകപുത്രനായ ഇസഹാക്കിനെ കൂട്ടിക്കൊണ്ടു് ആമോറായക്കാരുടെ നാട്ടിലേയ്ക്കു പോവുക. അവിടെ നിന്നോടു ഞാൻ പറയുവാ

നിരിക്കുന്ന മലയിൽ അവനെ എനിക്കു ദഹനബലിയർപ്പിക്കുക.

അ:- (ഒരു ഞെട്ടലോടെ) അടിയൻ.

(ഉടനെ ആ പ്രകാശവലയം മറഞ്ഞു)

(അബ്രാഹം എഴുന്നേല്ക്കുന്നു. വേദനിക്കുന്ന പിതൃഹൃദയം ഒരു വശത്തും ദൈവസ്നേഹത്താൽ കത്തിയെരിയുന്ന അനുസരണാഭാവം മറുവശത്തുംനിന്നു സംഘട്ടനം ചെയ്യുന്നത് ആ മുഖത്ത് കാണാം. അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. അന്തിമമായി അദ്ദേഹം ഒരു തീരുമാനമെടുത്തുകഴിഞ്ഞു; ദൈവത്തെ ശക്തമായി അനുസരിക്കുക. അകത്തേയ്ക്കു നോക്കി സാറാ എന്നു് നീട്ടി വിളിക്കുന്നു. സാറാ പ്രവേശിക്കുന്നു.)

സാ:- പ്രഭോ, അങ്ങെന്നെ വിളിച്ചോ ?

അ:- നീ ഇസഹാക്കിനെ കുളിപ്പിച്ച് ആ പുതുവസ്ത്രങ്ങളൊക്കെ ധരിപ്പിക്കു.

സാ:- പ്രഭോ, അവനെ രാവിലെ കുളിപ്പിച്ചതല്ലേ? പിന്നെന്തിനാണു് ഈ അസമയത്തു് കുളിപ്പിക്കുന്നതു്?

അ:- നാളെ, അതിരാവിലെ ഞങ്ങൾക്കു് ആമോറായക്കാരുടെ നാടുവരെ ഒന്നു പോകണം. അതിനാണു് ഇപ്പഴേ ഒന്നു കുളിപ്പിച്ചേക്കാൻ പറഞ്ഞതു്. പിന്നെ നീ ചെറുപ്പക്കാരത്തിയൊന്നുമല്ലല്ലോ. അതിരാവിലെ നിനക്കു് എഴുന്നേല്ക്കാൻ കഴിഞ്ഞെന്നു വരില്ല.

സാ:- പ്രഭോ, അങ്ങെന്താണീ പറയുന്നതു് ? ഇസഹാക്കിനെക്കൂടാതെ ഒരു നിമിഷം എനിക്കിവിടെ കഴിയുവാൻ പററുമെന്നു അങ്ങു് കരുതുന്നുണ്ടോ ?

അ:- അതെനിക്കറിയാം.

സാ:- എന്നാൽ ഞാൻകൂടി വരട്ടെ.

അ:- വേണ്ട, വേണ്ട, എനിക്കുതന്നെ നടക്കാൻ കഴിയുന്നില്ല. പിന്നെ ഈ തൊണ്ണൂറാം വയസ്സിൽ നീയെന്തിനാണു് മൂന്നു ദിവസത്തെ യാത്രയ്ക്കൊരുങ്ങുന്നതു്?

സാ:- (ആശ്ചര്യത്തോടെ) പ്രഭോ, എന്തു്? മൂന്നു ദിവസത്തെ യാത്രയോ. (ഭാവം വീണ്ടും മാറുന്നു) ഇതിൽ എന്തോ രഹസ്യമുണ്ടു്. നാഥാ! അങ്ങു് എന്നിൽനിന്നു് എന്തോ ഒളിച്ചുവെയ്ക്കുകയാണു്. (മുഖത്തു നോക്കുന്നു) ഇതാ, അങ്ങയുടെ മുഖംതന്നെ അതു് വിളിച്ചു പറയുന്നുണ്ടു്. എന്നോടു് സംഗതിയെന്താണെന്നു് പറയുകയില്ലേ?

അ:- പറയാം. പക്ഷേ, അതിനുമുമ്പു് നീ എനിയ്ക്കു് ചില ഉറപ്പുകൾ തരേണ്ടിയിരിക്കുന്നു.

സാ:- പ്രഭോ, അങ്ങു് എന്തൊക്കെയാണിപ്പറയുന്നതു്? ഇതിനു മുമ്പു് ഇത്രകാലം ഒന്നിച്ചു ജീവിച്ചിട്ടും അങ്ങു് എന്നെ അവിശ്വസിച്ചിരുന്നില്ലല്ലോ. പിന്നെന്താണിന്നിങ്ങനെ?

അ:- ഞാൻ പറയുന്നതു കേൾക്കു സാറാ. ചില സംഗതികൾ ഞാൻ നിന്നോടു പറയുവാൻ പോകയാണു്. ഞാൻ ഇനി പറയുവാൻ പോകുന്നതിനു് നീ എതിരു നില്ക്കുകയില്ലെന്നു് സത്യം ചെയ്യു.

സാ:- (പരിഭ്രമം കലന്ന സ്വരത്തിൽ) നാഥാ, ഞാനിതാ ഉറപ്പു തരുന്നു. അങ്ങയുടെ അഭീഷ്ടത്തിനെതിരായി ഞാനൊന്നും പറയുകയോ പ്രവൎത്തിക്കുകയോ ചെയ്യുകയില്ല.

അ:-(ഇടറിയ കണ്ഠത്തോടെ) നമ്മുടെ പ്രിയ പുത്രനായ ഇസഹാക്കിനെ നമുക്കു് കൎത്താവിനു് ദഹനബലി സമൎപ്പിക്കണം.

(മുഴവൻ കേൾക്കുന്നതിനുമുമ്പ് സാറാ ഇരുചെവികളും പൊത്തുകയും "എൻെറ പൊന്നുമകനെ, ഞാനെന്താണീ കേൾക്കുന്നതു്" എന്നു പറഞ്ഞശേഷം മാറത്തടിക്കുകയും മൂർച്ഛിച്ചു വീഴുകയും ചെയ്യുന്നു. ഈ ബഹളത്തിനിടയിൽ അബ്രാഹം അകത്തേയ്ക്കോടുന്നു. ബഹളം കേട്ട ഇസഹാക്ക് മറുവശത്തുകൂടി ഓടിവരുന്നു. അമ്മ മൂർച്ഛിച്ചു വീണുകിടക്കുന്നതുകണ്ടു് ഞെട്ടുന്നു. പിന്നീട് 'അമ്മേ' 'അമ്മേ' എന്നു് വിളിച്ച് കരയുന്നു. അപ്പോഴേയ്ക്കും ഒരു പാത്രത്തിൽ വെള്ളവുമായി അബ്രാഹം പ്രവേശിക്കുന്നു.)

ഇസ:- അപ്പാ, അപ്പാ, അമ്മ ഒന്നും മിണ്ടുന്നില്ല. എൻെറ അമ്മയ്ക്കു് എന്തു പററി, അപ്പാ? (കരയുന്നു. അബ്രഹത്തിൻെറ കണ്ണിൽ നിന്നു് കണ്ണീർ അടന്നു് സാറായുടെ മുഖത്തു പതിക്കുന്നു. പിന്നീട് പാത്രത്തിൽ കൊണ്ടുവന്ന വെള്ളം അബ്രാഹം സാറായുടെ മുഖത്തു തളിക്കുന്നു.)

അ:- (ഇസഹാക്കിനോട്) കരയാതെ മകനെ, നിൻെറ അമ്മ ഇപ്പോൾ എഴുന്നേല്ക്കും. (സാറാ ഒരു ഞരക്കത്തോടെ അങ്ങോട്ടുമിങ്ങോട്ടും മറിയുന്നു. അബ്രാഹം സാറായെ വിളിച്ച് വലത്തു കൈയ്ക്കും ഇസഹാക്ക് ഇടത്തു കൈയ്ക്കും പിടിച്ച് എഴുന്നേല്പിക്കുന്നു. സാറായുടെ വിളറിയ മുഖത്തുള്ള ചൈതന്യമററ കണ്ണുകൾ ഭർത്താവിലും മകനിലും മാറിമാറിപ്പതിയുന്നു. നില്ക്കാൻ അശക്തയായി അവരുടെ സഹായത്തോടെയിരിക്കുന്നു. പിന്നീട് അബ്രാഹത്തിൻെറ കൈവിടുവിച്ച് മകനെ എന്നു വിളിച്ച് ഇസഹാക്കിനെ കെട്ടിപ്പിടിച്ച് ഉമ്മവെയ്ക്കുന്നു. കണ്ണുനീരു കൊണ്ടു് അവൻെറ ശിരസ്സ് നനയുന്നു. അബ്രാഹം ഇതികർത്തവ്യാ മൂഢനായി നില്ക്കുന്നു.)

ഇസ:- അപ്പാ, എൻെറ അമ്മയ്ക്കു് ഇന്നു് എന്തുപററി?

അ:- മകനെ, ഞങ്ങൾക്ക വയസ്സായില്ലേ. മനുഷ്യനു വയസ്സായാൽ പിന്നെ ബോധക്കേടും മററു പല ബലഹീനതകളും ഒക്കെ ഉണ്ടാകും. നീ അതുകണ്ട് ഒന്നും പരിഭ്രമിക്കേണ്ട. കുറച്ചു കഴിയുമ്പോൾ അമ്മയുടെ വിഷമമൊക്കെ മാറിക്കൊള്ളും.

അ:- (സാറായോട്) ഇതാ നീ ഒന്ന് ഇങ്ങോട്ടു നോക്കു. നീ എന്താണീ കാണിക്കുന്നതു്? നീ എനിക്ക് എന്താണ് ഉറപ്പുതന്നതു്?

സാ:- അടിയൻ. (ദയനീയമായി അബ്രാഹത്തിൻെറ മുഖത്തു നോക്കുന്നു. അബ്രാഹത്തിനു് ആ നോട്ടം സഹിക്കുവാൻ കഴിയുന്നില്ല.)

അ:- ഇസഹാക്കേ, നീ ചെന്നു് നമ്മുടെ വേലക്കാരനോട് നല്ലതുപോലെ ഉണങ്ങിയ ഒരുകെട്ടു വിറകു തയാറാക്കുവാൻ പറയു. അതു ചുമന്നുകൊണ്ടു പോകാനുള്ള കഴുതയെ ഒരുക്കി നിർത്തുവാനും പറയു. (ഇസഹാക്ക് അനുസരിക്കുന്നു. അബ്രാഹം സാറായുടെ മുഖത്തേയ്ക്കു് വീണ്ടും നോക്കുന്നു. ആ കണ്ണുകൾ നിറഞ്ഞൊഴുകുകയാണ്.)

അ:- (സ്വരമുയർത്തി) സാറാ, നിനക്ക് ദൈവവിശ്വാസം കുറഞ്ഞുപോയോ? ദൈവത്തിൻെറ കല്പനയല്ലേയിതു്? നീ വിചാരിച്ചിരുന്നതു് ഇതു എൻെറ ഇഷ്ടം മാത്രമാണെന്നാണോ? നാം ദൈവത്തെ അനുസരിക്കുവാൻ എപ്പോഴും കടപ്പെട്ടവരല്ലെ?

സാ:- (കണ്ണീർ തുടച്ചിട്ട്) ഇല്ല നാഥാ, എൻെറ വിശ്വാസമൊന്നും കുറഞ്ഞിട്ടില്ല. ഒരു അമ്മയുടെ ഹൃദയവികാരമെന്താണെന്നു് ഒരു പുരുഷനായ അങ്ങേയ്ക്കു് ഈ സന്ദർഭത്തിൽ ശരിക്കും അറിയാൻ കഴിയുകയില്ല.

അ:- എൻെറ സാറാ, ഞാനതു് തികച്ചും മനസ്സിലാക്കുന്നുണ്ട്. അതല്ലേ ഞാനീ സന്ദർഭത്തിൽ ഇത്ര ദൗർബല്യം

കാണിച്ചുപോയതു്? പക്ഷേ, ഒന്നു നീ ഓർമ്മിക്കുന്നതു് നന്നു്; ഈ തൊണ്ണൂറാം കാലത്തു് വന്ധ്യയായിരുന്ന നീ പ്രസവിക്കുമെന്നും, ഇസഹാക്കിനെ കിട്ടുമെന്നും നീ പ്രതീക്ഷിച്ചിരുന്നോ ?

സാ:- ഇല്ല നാഥാ!

അ:- എന്നാൽ ഇതു ദൈവനിശ്ചയമാണ്. നീ അകത്തുപോയി അവനെ കുളിപ്പിച്ചു് യാത്രക്കൊരുക്കൂ. ഇത്രയുമൊക്കെ കരുണ കാണിച്ച ദൈവം ഇനിയും പലതും നമ്മോടു കാണിക്കും. നീ ധൈര്യമായിരിക്കൂ. സമാധാനത്തോടുകൂടി പോകൂ. (ചെല്ലു് എന്നുപറഞ്ഞു് കൈക്കു പിടിച്ചു് വാത്സല്യത്തോടെ യാത്രയാക്കുന്നു. സാറാ ആ സ്നേഹധനന്റെ ആജ്ഞക്കു് കീഴ്‌വഴങ്ങി ഇടറിയ കാൽവെപ്പോടെ അകത്തേക്കു പോകുന്നു. അബ്രാഹം ആ കാഴ്ച ഇമവെട്ടാതെ നോക്കിനില്ക്കുന്നു.)

അ:- ഹാവൂ........; ദയാപരനായ എന്റെ കർത്താവെ, അങ്ങേയ്ക്കു സമർപ്പിക്കാൻ പോകുന്ന ദഹനബലിയുടെ ഏററവും വിഷമമേറിയ പടി ഞാനിതാ കടന്നിരിക്കുന്നു. അങ്ങേയ്ക്കു നന്ദി. ഞാനിതാ പുറപ്പെട്ടു കഴിഞ്ഞു.

(നടന്നു നീങ്ങുന്നു)

(കർട്ടൻ)

## രംഗം നാലു്

(പാശ്ചാത്തലം: ഉത്തുംഗമായ മല. അബ്രാഹവും ഇസഹാക്കും മലകയറിക്കൊണ്ടിരിക്കുന്നു. അബ്രാഹം ഒരു കയ്യിൽ വടിയൂന്നിക്കൊണ്ടാണു് നീങ്ങുന്നതു്. മറുകയ്യിൽ ഒരു മൺപാത്രത്തിൽ തീ പുകയുന്നു. ഇസഹാക്കിന്റെ കയ്യിൽ ഒരുകെട്ടു വിറകുണ്ടു്. നടന്നു മല കയറുന്നു-ഇടക്കിടെ രണ്ടാളുടേയും കാലിടറുന്നുണ്ടു്.)

ഇസ:- (വലിയ ക്ഷീണം നടിച്ച്) അപ്പാ, രണ്ടു ദിവസം കഴിഞ്ഞല്ലോ നാം നടക്കാൻ തുടങ്ങിയിട്ട്. ഇനി എപ്പോഴാണ് ആ മലമുകളിൽ എത്തുക. (കണ്ണുകളുയർത്തി മലയെ നോക്കുന്നു) എനിക്ക് വലിയ ക്ഷീണം അപ്പാ; എനിക്ക് ഒന്നു കിടന്നുറങ്ങാൻ തോന്നുന്നു.

അ:- മകനെ, അതാ ആ കാണുന്ന മലയുടെ മുകളിലാണ് നമുക്കെത്തേണ്ടതു്. ഇനി കുറച്ചു ദൂരംകൂടി നടന്നാൽ മതി.

ഇസ:- അപ്പാ, എന്നാൽ നമുക്ക് യാത്രതുടരാം.

അ:- ഇസഹാക്കേ, നിനക്ക് വലിയ ക്ഷീണം തോന്നുന്നുണ്ടെങ്കിൽ കുറെ നേരം ഇവിടെക്കിടന്നു് ഉറങ്ങിക്കൊള്ളു. ആ വിറകുകെട്ട് ആ മരച്ചുവട്ടിൽ ഇറക്കി വെയ്ക്കു. (ഇസഹാക്ക് സന്തോഷത്തോടെ അനുസരിക്കുന്നു. അബ്രാഹവും തൻെറ കൈയിലിരുന്ന തീയുള്ള പാത്രവും മററും അവിടെ വെയ്ക്കുന്നു.)

ഇസ:- അപ്പാ, ആ വേലക്കാരനേയും വിറകു കൊണ്ടുവന്ന കുഴതയേയുമൊക്കെ ആ മലയുടെ അടിവാരത്തിൽ നിർത്തിയിരിക്കുന്നതെന്തിനാണ്?

അ:- ഇസഹാക്കെ, നാം കർത്താവിനു് ബലിയർപ്പിക്കുന്നതു് മററാരും കാണുന്നതു് എനിക്കിഷ്ടമല്ല. അതുകൊണ്ടാണു് അവരെ അവിടെ നിർത്തിയിരിക്കുന്നതു്.

ഇസ:- അപ്പാ, ആകാശത്തിലേയ്ക്കു നോക്കു. എത്ര നക്ഷത്രങ്ങളാണ് നമ്മെ നോക്കി ചിരിക്കുന്നതു്. നമ്മുടെ ചുററുമുള്ള മരങ്ങൾ പൂത്തുനില്ക്കുന്നതുപോലെ ആകാശം പൂത്തുനില്ക്കുന്നു. അല്ലേ അപ്പാ?

[അബ്രാഹം ചിന്തയിൽ മുഴുകിയിരിക്കുന്നു. കുറച്ചുസമയം കഴിഞ്ഞു് അബ്രാഹത്തെ ഇസഹാക്ക് കുലുക്കി വിളിക്കുന്നു.]

ഇസ:- എന്താണ് അപ്പനൊരു മൗനം ?

അ:- ഒന്നുമില്ല മകനെ, നീ അതുമിതും പറയാതെ ഇതാ ഈ വിരിപ്പിൽ കിടന്നുറങ്ങിക്കൊള്ളൂ. ഞാൻ വിളിക്കുമ്പോൾ ഉണർന്നാൽ മതി. (ഇസഹാക്ക് അനുസരിക്കുന്നു. അബ്രാഹം ചിന്താമഗ്നനായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. ഇടക്കിടക്ക് ഇസഹാക്ക് ഉറങ്ങിയോ എന്നു ശ്രദ്ധിക്കുന്നുമുണ്ട്. നാളെ പുലർച്ചക്ക് മലമുകളിൽ എത്തുമ്പോൾ ഇസഹാക്കിനോട് കാര്യം തുറന്നു പറയേണ്ടിവരും. അവൻ കുഞ്ഞല്ല. ദഹനബലിക്കുവേണ്ടി വാളുയർത്തുമ്പോൾ അവൻ മലമുകളിൽനിന്നു് ഓടിക്കളഞ്ഞാൽ ഈ വയസ്സുകാലത്തു് താനെന്തുചെയ്യും ? അതും യാതൊരു പരിചയവും ഇല്ലാത്ത മലമുകളിൽവെച്ച്. ഇങ്ങനെ വിവിധ ഭാവങ്ങൾ ആ മുഖത്തു പ്രത്യക്ഷപ്പെട്ടുന്നു. രാപ്പാടികളുടെ ശബ്ദം ആ ഏകാന്തതയെ ഭഞ്ജിച്ചുകൊണ്ടിരുന്നു.)

(അബ്രാഹം കരങ്ങൾകൂപ്പി പ്രാർത്ഥനാഗീതം ആലപിക്കുന്നു. ഇതിനുശേഷം നിദ്രാഭാരം തിങ്ങിയ കണ്ണുകൾകൊണ്ടു കൂർക്കംവലിച്ചുറങ്ങുന്ന ഇസഹാക്കിനെ വീക്ഷിക്കുന്നു. പിന്നീട് വളരെ ക്ഷീണിതനായി ഇസഹാക്ക് കിടന്നുറങ്ങുന്നതിൻെറ തലയ്ക്കലുള്ള ഒരു മരത്തോട്ട് ചാരിയിരുന്നു് ഉറങ്ങുന്നു.)

(കർട്ടൻ)

## രംഗം അഞ്ചു്

(പിറേറദിവസത്തെ പ്രഭാതം. അബ്രാഹവും ഇസഹാക്കും യാത്ര തുടരുന്നു. നാലാം രംഗത്തിലുണ്ടായിരുന്ന സാധനങ്ങളെല്ലാം ഉണ്ടു് കൈവശം)

ഇസ:- (പെട്ടെന്നു് നില്ക്കുന്നു. പൊട്ടിച്ചിരിക്കുന്നു.) അയ്യോ, അപ്പനൊരു കാര്യം മറന്നു. ഇന്നു് മൂന്നാം ദിവസമാണല്ലോ, ഞാനുമക്കാര്യം ഓർത്തതു് ?

അ:- (തിരിഞ്ഞുനോക്കീട്ടു്) എന്താ കാര്യം മകനെ ?

ഇസ:- (വിറകുകെട്ടു് താഴെ വെയ്ക്കുന്നു) അപ്പാ, ദഹനബലിക്കുള്ള മൃഗമെവിടെ ? എന്തേ വീട്ടിൽനിന്നു് അതിനെ കൊണ്ടുവരാഞ്ഞതു്? ഇനി നാം വീടുവരെ മടങ്ങിപ്പോയി വീണ്ടും വരേണ്ടതായി വന്നില്ലേ ?

(അബ്രാഹത്തിൻെറ ഹൃദയത്തിൽക്കൂടി മിന്നൽപിണർ പായുന്നു. മനസ്സിൽ ദൈവമേ ഈ പരീക്ഷയിൽനിന്നു് എന്നെ രക്ഷിക്കണമെ എന്നു് പ്രാർത്ഥിക്കുന്നതായി മുഖത്തുനോക്കിയാൽ മനസ്സിലാകും. പെട്ടെന്നു ദുഃഖഭാവം മാററി ചിരിക്കാൻ ശ്രമിക്കുന്നു.)

അ:- മകനെ, നീ വിചാരിച്ചമാതിരി ഞാനാക്കാര്യം മറന്നിട്ടില്ല.

ഇസ:- (അബ്രാഹത്തെ സൂക്ഷിച്ചുനോക്കിയിട്ടു്) അപ്പനെന്താണീപ്പറയുന്നതു് ? യാത്രയുടെ ക്ഷീണംകൊണ്ടു് അപ്പനെല്ലാം മറന്നു. ഇതാ എൻെറ കൈവശം ഒരു കെട്ടു് വിറകു്. അപ്പൻെറ കൈവശം ഒരു വാളും, തീയും ഒരു വടിയും, ചുമലിൽ ഒരു ഭാണ്ഡവുമേയുള്ളു. പിന്നെയെവിടെയാണു് ബലികഴിക്കാനുള്ള ആടിനെ അപ്പൻ സൂക്ഷിച്ചിരിക്കുന്നതു് ?

അ:- (ഇസഹാക്കിനെ സാകൂതം നോക്കുന്നു.)
മകനെ, നാം ബലിയർപ്പിക്കാനുള്ള മലമുകളിലെത്തുമ്പോൾ ദൈവം നമുക്കു് ബലിവസ്തുവെ അവിടെ കൊണ്ടുവന്നുതരും.

ഇസ:- ഓ, അപ്പനെന്തുപറഞ്ഞാലും ദൈവം തരുമല്ലോ ? ഞാനതങ്ങു മറന്നുപോയി. പിന്നെ ഒരു കാര്യം, മലമു

കളിൽ എത്തുമ്പോൾ അന്നു് മുട്ടകൊണ്ടു് മന്ത്രവിദ്യ കാണിച്ചമാതിരി ഒന്നും കാട്ടല്ലേ. ഞാൻ തന്നെയേയുള്ളു. കൂട്ടകാരെകൂടി ഇങ്ങോട്ടു കൊണ്ടുപോന്നിരുന്നെങ്കിൽ എനിക്കു് ഒരു ഭയവുമില്ലായിരുന്നു. എപ്പോഴും അവരെക്കൂടി കൊണ്ടുവരുവാൻ സമ്മതിക്കുന്ന അപ്പൻ ഇപ്രാവശ്യം അതും ചെയ്തില്ല.

അ:- മകനെ, ഇന്നു ഞാൻ കാണിക്കാൻ പോകുന്നതു് അന്നു കാണിച്ചതുപോലുള്ള ചെപ്പടിവിദ്യയൊന്നുമല്ല. തികച്ചും ഗൗരവം അർഹിക്കുന്ന ഒരു പ്രക്രിയയാണ്. മകനേ, ഇതിനു് നിന്റെ സഹായമാണ് എനിക്കാവശ്യം.

ഇസ:- എന്റെ പ്രിയ അപ്പാ, അവിടത്തേക്കുവേണ്ടി ഞാനെന്തുവേണമെങ്കിലും ചെയ്യാം. എന്താണ് വേണ്ടതെന്നു പറയൂ.

അ:- (മകനേ, എന്നു വിളിച്ച് അവന്റെ മൂർദ്ധാവിൽ ഉമ്മ വെയ്ക്കുന്നു.)

ഇസ:- എന്താ അപ്പാ, അപ്പൻ ഒന്നും മിണ്ടാതെ കരയുന്നതു്?

അ:- മകനേ, നീയാണ് ബലി അർപ്പിക്കുവാനുള്ള കുഞ്ഞാട്. (പൊട്ടിക്കരയുന്നു. ഇസഹാക്ക് അപ്പന്റെ കണ്ണുനീർ തുടയ്ക്കുന്നു.)

ഇസ:- അപ്പൻ ദുഃഖിക്കാതിരിക്കു. (ഒരു ദീപ്തി വലയം ഇസഹാക്കിന്റെ തലക്കു മുകളിൽ കാണപ്പെടുന്നു)

അ:-(കണ്ണുനീർ തുടച്ചിട്ടു്) ഇല്ല മോനെ, ഞാൻ കരയുകയില്ല.

ഇസ:- ഇപ്പോഴാണ് എനിക്കു് എല്ലാ രഹസ്യങ്ങളും പിടികിട്ടിയതു്. അന്നു് അമ്മ ബോധംകെട്ടു വീണതും എന്നെ കെട്ടിപ്പിടിച്ചു കരഞ്ഞതും അപ്പന്റെ ഈ എല്ലാവിധ പ്രയാസങ്ങൾക്കുള്ള കാരണങ്ങളും. (മന്ദഹസിക്കുന്നു)

അ:- മകനേ, നീ അവിടെനിന്നു് അല്പനേരം പ്രാൎത്ഥിക്കു. ഞാൻ ബലിപീഠം തയ്യാറാക്കുവാനുള്ള സ്ഥലമൊന്നു കണ്ടുപിടിക്കട്ടെ. (ഇസഹാക്കു് മുട്ടുകുത്തിനിന്നു് മൌനമായി പ്രാൎത്ഥിക്കുന്നു. അബ്രാഹം നടന്നു നീങ്ങുന്നു.)

[കർട്ടൻ]

## രംഗം ആറു്

[അബ്രാഹം ദഹനബലിപീഠം ഒരുക്കിക്കൊണ്ടിരിക്കുന്നു. വിറകു് എടുത്തുകൊടുത്തും മററും ഇസഹാക്കു് സഹായിക്കുന്നു]

അബ്രാ:- മകനെ, ഇതാ ബലിപീഠം തയ്യാറായിക്കഴിഞ്ഞു! നീ ദൈവത്തോടു് അല്പസമയം പ്രാൎത്ഥിക്കു. ദൈവം നിനക്കു ധൈര്യം നല്കട്ടെ.

ഇസ:- അപ്പാ, ഞാൻ പ്രാൎത്ഥിച്ചുകഴിഞ്ഞു. ഇതാ ആ ഭാണ്ഡത്തിലുള്ള ചരടുകൊണ്ടു് എന്റെ കൈകളും കാലുകളും ബന്ധിക്കു.

അ:- (അത്ഭുതം നടിച്ചു്) അതെന്തിനാണു മകനേ?

ഇസ:- അപ്പനു വയസ്സുകാലമല്ലേ. ഒരു വെട്ടിനു് എന്റെ കഴുത്തു് ശരിക്കു മുറിഞ്ഞില്ലെങ്കിൽ ഞാൻ കിടന്നു് വല്ലാതെ പിടയും. പിന്നെ അപ്പൻ ബുദ്ധിമുട്ടേണ്ടിവരും.
(അബ്രാഹത്തിന്റെ കണ്ണിൽ സന്തോഷാശ്രുക്കൾ പൊടിയുന്നു)

അ:- മകനേ, നീ ഇത്ര വലിയവനാണെന്നു് ഞാനറിഞ്ഞിരുന്നില്ല. മകനേ, എന്നോടു ക്ഷമിക്കു.

ഇസ:- അപ്പാ, ക്ഷമിക്കാനൊന്നും ഇതിൽ ഒരു കാൎയ്യവും ഇല്ല. വേഗം അങ്ങു് കടമ നിറവേററൂ. ഞാൻ ദൈവരാജ്യത്തിൽ കഴിയുന്നതും വേഗത്തിൽ എത്തട്ടെ.

(അബ്രാഹം ഭാണ്ഡത്തിൽനിന്നു് ചരടു് എടുക്കുന്നു)

അ:- മകനേ, ഇതാ ഞാൻ ചരടെടുത്തു കഴിഞ്ഞു.

ഇസ:- അപ്പാ, അവസാനമായി ഞാൻ ഒന്നു പറഞ്ഞുകൊള്ളട്ടെ.

അ:- പറയൂ മകനേ.

ഇസ:-അമ്മക്കു എൻെറ പഞ്ചാരയുമ്മ നൂറെണ്ണം അപ്പൻ കൊണ്ടുപോയി കൊടുക്കണം. അമ്മ സ്വര്ഗ്ഗത്തിൽ വരുമ്പോൾ ഞാൻ ദൈവത്തോടു അനുവാദം വാങ്ങി എപ്പോഴും അമ്മയുടെ അടുത്തു തന്നെ ഇരിക്കുമെന്നു് പറയണം. അവിടെ വെച്ച് ഞാൻ കുസൃതിത്തരമൊന്നും കളിച്ച് അമ്മയെ ഒരിക്കലും വിഷമിപ്പിക്കുകയില്ലെന്നു് പ്രത്യേകം പറയണം. (അബ്രാഹത്തിൻെറ കണ്ണുകൾ വീണ്ടും നിറയുന്നു. ഗദ്ഗദകണ്ഠനായി)

അ:- മകനേ! (വിളിച്ച് ആശ്ലേഷിക്കുന്നു. പിന്നീടു് ധൈര്യം സംഭരിച്ച് കൈകാലുകൾ ബന്ധിക്കുന്നു. ഇസഹാക്കു് വഴങ്ങുന്നു. ബലിപീഠത്തിൽ ഇസഹാക്കിനെ കിടത്തുന്നു. വാളെടുത്തു് കഴുത്തു മുറിക്കാൻ ഒരുങ്ങുന്നു. പെട്ടെന്നു് ദൈവദൂതൻ അവിടെ പ്രത്യക്ഷപ്പെട്ടു് കയ്യിൽ പിടിച്ച് "അരുതു്" എന്നു പറഞ്ഞു തടയുന്നു. ദൈവം തൻെറ ദൂതൻവഴി അബ്രാഹത്തോടു സംസാരിക്കുന്നു.)

ദൈവദൂതൻ:- അബ്രാഹം!

അ:- എന്തു്?

ദൈവദൂ:- കുഞ്ഞിൻെറ നേരെ കൈ നീട്ടരുതു്. അവനോടു് നീയൊന്നും ചെയ്യുകയും അരുതു്. എന്തെന്നാൽ നിൻെറ ഏക പുത്രനെ എനിക്കു് ബലികഴിക്കുന്നതിനു് നീ വിരോധിക്കാതിരുന്നതുകൊണ്ടു് നീ ദൈവഭക്തനാണെന്നു് നീ ഇപ്പോൾ കാണിച്ചിരിക്കുന്നു. നിന്നെ ഞാൻ അധികമായി അനുഗ്രഹിക്കും. ആകാശത്തിലെ

നക്ഷത്രങ്ങൾപോലെയും കടലോരത്തിലെ മണൽപോലെയും നിൻെറ സന്തതിയെ ഞാൻ അവസാനമില്ലാതെ വദ്ധിപ്പിക്കും. നിൻെറ സന്തതി അവൻെറ ശത്രുക്കളുടെ ദേശങ്ങളെ അവകാശമായിട്ടും അനുഭവിക്കും. ഭൂമിയിലെ സകലജാതി ജനങ്ങളും നിൻെറ സന്തതിയിൽ അനുഗ്രഹിക്കപ്പെട്ടും.

അ:– ഇതാ അങ്ങയുടെ ദാസൻ.

ദൈവദൂ:– ഇതാ അബ്രാഹമെ, അകലേക്കു നോക്കു. (അബ്രാഹം നോക്കുന്നു; ഒരാട്ടിൻകുട്ടിയിതാ വള്ളികൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നു. അതിനെ കൊണ്ടുവന്നു ഇസഹാക്കിനുപകരം ദഹനബലി സമർപ്പിച്ച് മടങ്ങിപ്പോവുക.

അ:– അടിയൻ (പെട്ടന്നു് ദൈവദൂതൻ അപ്രത്യക്ഷനാകുന്നു. അബ്രാഹം മകൻെറ ബന്ധനങ്ങൾ അഴിച്ചുനീക്കി അവനെ കെട്ടിപ്പിടിച്ച് പലപ്രാവശ്യം ഉമ്മവെയ്ക്കുന്നു)

ഇസ:– ഇനിയെന്തിനാണു് അപ്പൻ കരയുന്നതു്?

അ:– ഇല്ലമോനെ, ഇനി ഞാൻ കരയുകയില്ല. മകനെ, നീ എൻെറ അഴലിൻെറ അഴകാണു്. നിൻെറ വൃദ്ധയായ അമ്മയുടേയും എൻെറയും അഴലിൻെറ അഴകു്!

ഇസ:– അപ്പാ, നമുക്കു് ആട്ടിൻകുട്ടിയെ പിടിച്ചുകൊണ്ടു് വരണ്ടേ?

അ:– മകനെ, സന്തോഷാധിക്യംകൊണ്ടു ഞാനതു മറന്നു. നമുക്കങ്ങോട്ടു നീങ്ങാം.

(ഇരുവരും നീങ്ങുന്നു)

(കർട്ടൻ)

★ ★

# "സ്വപ്ന ദർശനം"

(ഫ്രാൻസീസ് ചാക്കോ, അങ്ങാടിപ്പുറം)

രംഗത്ത്:-

1. ഇസഹാക്ക്—മേലങ്കിയുണ്ട്-താടി-അരക്കെട്ടുണ്ട്-ഉദ്ദേശം 80 വയസ്സ്.
2. റബേക്കാ—ഇസഹാക്കിൻെറ ഭാര്യ-ഉദ്ദേശം 78 വയസ്സു പ്രായം.
3. ഏസാവ്
4. യാക്കോബ്

} ഇസഹാക്കിൻെറ പുത്രന്മാർ - യുവാക്കൾ—മേലങ്കിയും അരക്കെട്ടും.

5. ദൈവദൂതന്മാർ—വെള്ള മേലങ്കി

## രംഗം ഒന്ന്

[ഒരു ഗ്രാമീണഗൃഹത്തിലെ അടുക്കളമുറി. യാക്കോബ് അടുക്കളയിൽ എന്തോ പാകപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പ്രായം 20 വയസ്സ്. മുടി വളന്നു കിടക്കുന്നു. കാഴ്ചക്കു സുമുഖൻ. വിയത്തൊലിച്ച് രോമാവൃതമായ ശരീരത്തോടുകൂടി; നീളം കൂടിയ മുടി ക്രമംതെററി; തോളിൽ ഒരു തുമ്പയും ഏററി

ക്കൊണ്ട്' ക്ഷീണിതനായി ഏസാവ്' കടന്നുവരുന്നു. സമയം സന്ധ്യ. സന്ധ്യാകാശത്തിൻെറ ചുവപ്പു കലന്ന പ്രകാശം സ്റ്റേജിൽ പരക്കുന്നു. സ്റ്റേജിൻെറ ഒരു വശത്തു' ഒരു ബെഞ്ചും ഇട്ടിരിക്കുന്നു.]

യാക്കോ:- എവിടുന്നാ വരുന്നെ?

ഏസാ:- വയലീന്നു'.

യാക്കോ:- വിശേഷിച്ചു' എന്തൊക്കെയുണ്ടു'?

ഏസാ:- ഏയ്', ഒന്നുമില്ല.

യാക്കോ:- കൃഷിയൊക്കെ നല്ലതാണോ?

ഏസാ:- ഉം. ഒരുവിധമൊക്കെ. (ഏസാവ്' സ്റ്റേജിൽ ഇരിക്കുന്നു)

യാക്കോ:- ഈയിടെയായി പിതാവുമായി വല്യ ലോഹ്യത്തിലാ, അല്ലേ?

ഏസാ:- അതിനെന്താ?

യാക്കോ:- ഓ, ഒന്നുമില്ല.

ഏസാ:- ഞാനിപ്പോ നിൻെറ ഈ നാട്യം കാണാനല്ല ഇവിടെ ഇരിക്കുന്നതു'. നീ എന്താ ഈ ഉണ്ടാക്കുന്നെ ?

യാക്കോ:- ഞാൻ എന്തൊക്കെ ഉണ്ടാക്കിയാലും നിങ്ങക്കെന്താ?

ഏസാ:- എനിക്കു' നന്നായി വിശക്കുന്നുണ്ടു'. എന്തെങ്കിലും കിട്ടിയാൽ മതിയായിരുന്നു.

യാക്കോ:- എന്തെങ്കിലുമെന്നു പറഞ്ഞാ വല്ല പുല്ലോ വൈക്കോലോ കിട്ടിയാൽ മതിയോ?

ഏസാ:- നീ എന്താ പറഞ്ഞെ? പുല്ലോ വൈക്കോലോ തിന്നാനോ?

യാക്കോ:- അല്ല; എന്തെങ്കിലും കിട്ടിയാൽ മതി എന്നു പറഞ്ഞതുകൊണ്ടു ഞാൻ പറഞ്ഞുവെന്നേ ഉള്ളു.

ഏസാ:- നിൻെറ തമാശൊക്കേ പിന്നെ എടുക്കാം. ഇപ്പോ വിശക്കുന്നതിനു് വല്ലതും ഉണ്ടെങ്കിൽ താ.

യാക്കോ:- അതാ പിന്നെയും പറയുന്നു. വല്ലതും തരാൻ. എൻെറ അടുത്തു് കുറെ പായസമല്ലാതെ വേറെ ഒന്നും ഇല്ല.

ഏസാ:- എങ്കിൽ കുറച്ചു താ. എൻെറ ക്ഷീണം ഒന്നു മാറട്ടെ.

യാക്കോ:- ക്ഷീണം ഒക്കെ മാററിത്തരാം. പക്ഷെ അതിനൊരു തടസ്സം ഉണ്ടു്.

ഏസാ:- എന്താ തടസ്സം ?

യാക്കോ:- തടസ്സം മറെറാന്നുമല്ല.

ഏസാ:- ഉം, എന്താണു പറ.

യാക്കോ:- പറയാനൊന്നുമില്ല.

ഏസാ:- പിന്നെ ?

യാക്കോ:- നമ്മൾ ഇരട്ടയായി ജനിച്ചവരാണെങ്കിലും ആദ്യം പുറത്തുവന്നതു് ജ്യേഷ്ഠനാകയാൽ നിങ്ങളാണ് എന്നേക്കാൾ മൂത്തതു്.

ഏസാ:- അല്ല...നീ ഇപ്പോഴെന്തിനാ അതൊക്കെ പറേന്നെ? നിനക്കെന്താ ആവശ്യമെന്നു് പറ.

യാക്കോ:- എനിക്കുവേണ്ടതു് ജ്യേഷ്ഠൻെറ കടിഞ്ഞൂൽ സ്ഥാനമാണ്.

(ഇതുകേട്ടതോടെ ഏസാവു് ഞെട്ടുന്നു. ചിന്താമഗ്നനായി ഇരിക്കുന്നു.)

യാക്കോ:- എന്താണീങ്ങനെ ആലോചിച്ചുകൊണ്ടിരിക്കുന്നതു്? എന്താണ് വേണ്ടതെന്നു് പറ.

ഏസാ:- എൻെറ പൊന്നു സഹോദരാ, ഞാൻ എങ്ങനാ എൻെറ കടിഞ്ഞൂൽസ്ഥാനം തരുന്നെ. വേറെ എന്താവശ്യപ്പെട്ടാലും ഞാൻ തരാം.

യാക്കോ:- വേറെ ഇപ്പോ എന്താ എനിക്കുവേണ്ടെ? എനിക്കു് ഇപ്പോ ഈ കടിഞ്ഞൂൽസ്ഥാനം മാത്രമേ ആവശ്യമുള്ളു.

ഏസാ:- ഈ സ്ഥാനം കിട്ടാതെ നീ ഒന്നും തരില്ല അല്ലേ?

യാക്കോ:-അതിനെന്താ ഇത്ര സംശയം? തരില്ലെന്നു പറഞ്ഞാൽ പിന്നെ തരില്ല.

ഏസാ:- (എന്തോ തീരുമാനത്തോടെ) ഇതാ ഞാൻ മരിക്കാറായിരിക്കുന്നു. ഇനി കടിഞ്ഞൂൽസ്ഥാനംകൊണ്ടു് എനിക്കു് യാതൊരു പ്രയോജനവും ഇല്ല.

യാക്കോ:- അതു തീരുമാനിച്ചെങ്കിൽ സത്യം ചെയ്യു...വേഗമാകട്ടെ. അതു കഴിഞ്ഞു് പായസം തരാം.

(വീണ്ടും ഒരാലോചനക്കുശേഷം ഏസാവ്)

ഏസാ:- സത്യം ഒന്നും ചെയ്യണ്ട. നീ എങ്ങനെയെങ്കിലും കടിഞ്ഞൂൽ സ്ഥാനം എടുത്തോള്ളു. അത്രമാത്രം.

യാക്കോ:- എങ്ങനെയെങ്കില്യം ഒന്നും ആവണ്ട. സത്യം ചെയ്തുതന്നെ ആ സ്ഥാനം തന്നാമതി.

ഏസാ:- (വികാരാവേശത്തോടെ) എങ്കിൽ നീ എന്നെ കൊല്ലു്. എന്നിട്ടാവാം ബാക്കിയൊക്കെ.

യാക്കോ:- ജ്യേഷ്ഠൻ എന്തൊക്കെയാ ഈ പറയുന്നതു് ? സൗകര്യമില്ലെങ്കിൽ വേണ്ട.

(ഏസാവു് ചിന്താനിമഗ്നനായിരിക്കുന്നു. അതിനുശേഷം ദീർഘനിശ്വാസത്തോടെ)

ഏസാ:- എങ്കിൽ എല്ലാം നിൻെറ ഇഷ്ടംപോലെതന്നെ ആകട്ടെ.

യാക്കോ:- ജ്യേഷ്ഠൻ പറഞ്ഞതു സത്യമാണോ ?

ഏസാ:- എന്താ നിനക്കിത്ര സംശയം? നിൻെറ ഇഷ്ടംപോലെയെന്നു് പറഞ്ഞാൽ പിന്നെന്താ ?

യാക്കോ:- എന്നാലിതാ പായസം കുടിച്ചോളൂ.

(പായസം നൽകുന്നു. ഏസാവ് പായസം കുടിക്കുന്നു.)

ഏസാ:- (പ്രയാസത്തോടെ) ഇതാ ഞാൻ എൻെറ കടിഞ്ഞൂല വകാശം വിററും വിശപ്പു മാററി.

യാക്കോ:- അതുകൊണ്ടു് ഇനി ഞാനായിരിക്കും പിതാവി ൻെറ കടിഞ്ഞൂൽ പുത്രൻ.

(ഏസാവ് ഇതു കേട്ടതോടെ ബഞ്ചിൽ ഇരിക്കുന്നു. യാക്കോബ് സ്റ്റേജിൽനിന്നും പിൻവാങ്ങുന്നു.

(കർട്ടൻ)

## രംഗം രണ്ട്

(വൃദ്ധനായ ഇസഹാക്ക് ഒരു കസേരയിൽ ഇരിക്കുന്നു. താടി വളർത്തിയിരിക്കുന്നു. കണ്ണിനു് കാഴ്ചയില്ല. എന്തൊക്കെയോ അസ്പഷ്ടമായി പറഞ്ഞുകൊണ്ടിരിക്കുന്നു. കയ്യിൽ ഒരു വടിയും ഉണ്ട്.)

ഇസഹാക്ക്:- മകനേ.

ഏസാ:- (അണിയറയിൽ നിന്നുകൊണ്ടു്) എന്താണപ്പാ (വേഷം പഴയതുതന്നെ. ഏസാവ് കടന്നുവന്നു് അപ്പൻെറ കയ്യിൽ തലോടുന്നു.)

ഇസ:- എനിക്കു് വയസ്സായെന്നു് നിനക്കറിയാമോ ?

ഏസാ:- എനിക്കറിയാമപ്പാ.

ഇസ:- ഞാൻ എന്നു് മരിക്കുമെന്നു് നിനക്കറിയാമോ ?

ഏസാ:- എനിക്കറിയില്ല. വേറൊരാൾക്കറിയാം.

ഇസ:- ങ്ഹേ......അതു് ഇവിടെ അടുത്തുള്ളവരു വല്ലതും ആണോ മക്കളേ?

ഏസാ:- അതെ, ആ ആള് ഇവിടെത്തന്നെയുണ്ട്.

ഇസ:- അത് ആരാ മകനേ, ഞാൻ ആളിനെ ഒന്നു കാണട്ടെ.

(ഇസഹാക്ക് കസേരയിൽനിന്നു രണ്ടു് കൈകളും ഉയർത്തിക്കൊണ്ട് എഴുന്നേൽക്കുന്നു.)

ഏസാ:- അപ്പാ, ആളിനെ നമുക്ക് കാണാൻ കഴിയുകയില്ല.

ഇസ:- അതെന്താ ഒളിച്ചിരിക്കയാണോ?

ഏസാ:- അല്ല.

ഇസ:- പിന്നെ?

ഏസാ:- അപ്പന്നു് കാണാൻപററില്ല.

ഇസ:- എന്റെ കണ്ണിനു് കാഴ്ചയില്ലാത്തതുകൊണ്ടാണോ?

ഏസാ:- കണ്ണുള്ള എനിക്കും കാണാൻ പാടില്ല.

ഇസ:- ഇപ്പോൾ എനിക്ക് മനസ്സിലായി.

ഏസാ:- മരണം കള്ളൻ വരുംപോലെ വരും. അതായതു് കള്ളൻ വരുന്നതു് എപ്പോഴായിരിക്കുമെന്നു് അറിയാൻ സാദ്ധ്യമല്ല. അതുപോലെയാണു് മരണവും.

ഇസ:- എനിക്കു് കാട്ടിറച്ചി വലിയ ഇഷ്ടമാണെന്നു് നിനക്കറിയാമല്ലോ? ഞാൻ മരിക്കുന്നതിനു് മുമ്പ് കുറെ കാട്ടുമാംസം ഭക്ഷിക്കണമെന്നു് വലിയ ഒരാഗ്രഹമുണ്ട്.

ഏസാ:- അതിനാണോ അപ്പാ പ്രയാസം? അതു് ഞാൻതന്നെ സാധിച്ചുതരാമല്ലോ.

ഇസ:- എങ്കിൽ നീ പോയി വേഗം സാധിച്ചു വരൂ. അതു കഴിഞ്ഞു നിന്നെ ഞാൻ അനുഗ്രഹിക്കാം.

ഏസാ:- എന്നാൽ അങ്ങനെതന്നെയാകട്ടെ.

(ഇസഹാക്കിന്റെ ഭാര്യ സ്റ്റേജിന്റെ ഒരു വശത്തുകൂടി, ഇതെല്ലാം കേൾക്കുന്ന രീതിയിൽ ശ്രദ്ധിച്ചു നിൽക്കുന്നു)

ഇസ:- മകനേ, നീ എന്റെ കടിഞ്ഞൂൽ പുത്രനാണു്.

ഏസാ:- (പരിഭ്രമത്തോടെ) അപ്പ! (എന്നു വിളിച്ചുകൊണ്ടു് രണ്ടുകൈകൾകൊണ്ടും മുഖം മറക്കുന്നു. കരച്ചിലിനോടൊപ്പം ഏങ്ങൽ ശബ്ദവും പുറപ്പെടുത്തുന്നു)

ഇസ:- എന്താണു മോനെ?

(ഇസഹാക്കു് വളരെ പ്രയാസത്തോടുകൂടി കട്ടിലിൽ ഇരുന്നുകൊണ്ടുതന്നെ നാലുപാടും കൈ ഓടിച്ച് വിഷമം പ്രകടിപ്പിക്കുന്നു. ഏസാവു് നിലത്തു് ഇരിക്കുന്നു)

ഏസാ:- ഞാൻ......

ഇസ:- ഉം, ഞാൻ......

ഏസാ- ഞാൻ...... എന്റെ കടിഞ്ഞൂൽ സ്ഥാനം......

ഇസ:- എന്തു്? കടിഞ്ഞൂൽ സ്ഥാനം......?

ഏസാ:- വിററു.

ഇസ:- ങേ. ആർക്കു് (പരിഭ്രമത്തോടെ) വിററു ?

ഏസാ:- യാക്കോബിനു്.

ഇസ:- എടാ മരമണ്ടാനേ, നീ പോയ് ചാകു്.

(ഇസഹാക്കു് കൈയിലിരിക്കുന്ന വടി ഏസാവിനു നേരെ വീശുന്നു. ഏസാവു് ഒഴിഞ്ഞു മാറുന്നു ) നീയൊക്കെ നടക്കുന്നു!! നീ എന്തിനാ കടിഞ്ഞൂൽ സ്ഥാനം വിററതു് ?

ഏസാ:- (സഹതാപത്തോടെ) കുറെ പായസത്തിനു്.

ഇസ:- എന്തു്! പായസത്തിനുവേണ്ടിയോ ?

ഏസാ:- അതേ, വിശപ്പുമാററാൻ കുറെ പായസം വാങ്ങി.

ഇസ:- മകനേ, സാരമില്ല. എല്ലാം ദൈവം നിന്നോടു ക്ഷമിക്കും. നീ പോയ് വരൂ.

(റബേക്കാ സ്വാത്ഥകമായി തലയാട്ടുന്നു)

(കർട്ടൻ)

## രംഗം മൂന്നു്

(ഇസഹാക്കിൻെറ ഭാര്യ റബേക്കാ അടുക്കളയിൽ എന്തോ കറി ഒരുക്കിക്കൊണ്ടിരിക്കുന്നു. യാക്കോബ്യ് സ്റ്റേജിലേയ്ക്കു് കടന്നുവരുന്നു.)

റബേ:- മോനേ....

യാക്കോ:- എന്താ അമ്മേ?

റബേ:- (പുഞ്ചിരിയോടെ) നീ ഏസാവുമായി എന്തോ ഉടമ്പടി ഒക്കെ നടത്തി ഇല്ലേ ?

യാക്കോ:- അതേ; പായസം കൊടുത്തു് കടിഞ്ഞൂൽസ്ഥാനം വാങ്ങി.

റബേ:- നീ അവൻെറ കടിഞ്ഞൂൽ സ്ഥാനം തട്ടിയെടുത്തു അല്ലേ ? പക്ഷെ അതുകൊണ്ടൊന്നും യായൊരു പ്രയോജനവും ഇല്ല.

യാക്കോ:- അതെന്താമ്മേ ?

റബേ:- അതെന്തായാലും നിൻെറ അപ്പനു് കൂടുതൽ സ്നേഹം നിൻെറ ജ്യേഷ്ഠനോടാണെന്നു് ഞാൻ മനസ്സിലാക്കി.

യാക്കോ:- അതെങ്ങനെയാ അമ്മ മനസ്സിലാക്കിയതു് ?

റബേ:- അതു് ഞാൻ പറയാം.

(യാക്കോബ് റബേക്കയുടെ അടുത്തേക്കു് മാറി നില്ക്കുന്നു)

റബേ:- അപ്പൻ ഏസാവിനെ അടുത്തു വിളിച്ച് ചിലതെല്ലാം പറയുന്നതു കേട്ടു.

യാക്കോ:- അതുകൊണ്ടു് ജ്യേഷ്ഠനോടു് സ്നേഹമാണെന്നു പറയാൻ പററുമോ?

റബേ:- അതിപ്പോൾതന്നെ നീ കാണാൻ പോകയാണു്. നിൻെറ ചേട്ടൻ കൊണ്ടുവരുന്ന നായാട്ടുമാംസം ഭക്ഷിച്ച് അവനെ അനുഗ്രഹിക്കാൻ ഒരുങ്ങിയിരിക്കുന്നു.

യാക്കോ:- എന്തു്! അനുഗ്രഹമോ?

റബേ:- അതേ! അനുഗ്രഹം തന്നെ. നിൻെറ അപ്പൻ പ്രായംചെന്നിരിക്കയാണു്. അദ്ദേഹത്തിനു് നായാട്ടു മാംസംകൊടുത്തു ജ്യേഷ്ഠൻ അനുഗ്രഹം തട്ടിക്കൊണ്ടുപോകും.

യാക്കോ:- ഒരനുഗ്രഹത്തിനെന്താണമ്മേ ഇത്ര പ്രയാസപ്പെടുന്നതു്?

റബേ:- അനുഗ്രഹംകൊണ്ടു് വളരെ പ്രയോജനം ഉണ്ടു്. അതെന്താണെന്നും അതിൻെറ വിലയെന്താണെന്നും നിനക്കറിയില്ല. അതാണു് നീ ഇങ്ങനെയൊക്കെ പറയുന്നതു്.

യാക്കോ:- അങ്ങിനെയെങ്കിൽ ഞാനെന്താണമ്മേ ചെയ്യേണ്ടതു്?

റബേ:- നീ നായാട്ടിനു പോവുകയും ഒന്നും വേണ്ട. അതൊക്കെ ഞാൻ ശരിയാക്കാം.

യാക്കോ:- അമ്മേ, ഞാൻ ഇങ്ങനെ ചെയ്താൽ, ജ്യേഷ്ഠനു് അനുഗ്രഹം വേണ്ടാതാണോ?

റബേ:- അതൊന്നും സാരമില്ല മോനേ. ആദ്യം അദ്ദേഹത്തിനു് ആരു് മാംസം പാകപ്പെടുത്തി കൊടുക്കുന്നുവോ അവൾക്കായിരിക്കും അനുഗ്രഹം കിട്ടുന്നതു്.

യാക്കോ:- എങ്കിൽ വേഗമാകട്ടമ്മേ.

റബേ:- നീ ചെന്നു് നമ്മുടെ ആട്ടിൻ കൂട്ടത്തിൽനിന്നു് നന്നേ കൊഴുത്തു തടിച്ച രണ്ടു് ആട്ടിൻ കുട്ടികളെ കൊണ്ടുവരൂ.

യാക്കോ:- (സംശയത്തോടെ) അതിനു മുമ്പായി ജ്യേഷ്ഠൻ വന്നാൽ എന്തുചെയ്യും?

റബേ:- (ലാളനയോടുകൂടി) ഇല്ല മകനേ, നീ പോയി വരൂ.

യാക്കോ:- അമ്മേ, ജ്യേഷ്ഠൻ രോമമുള്ളവനും ഞാൻരോമമില്ലാത്തവനും അല്ലേ? അതെങ്ങനെയാണ് ശരിയാകുന്നെ?

റബേ:- എന്താ ഇത്ര ഭയപ്പെടാനിരിക്കുന്നത്? അതൊക്കെ ഞാൻ ശരിയാക്കിത്തരാം.

യാക്കോ:- ഭയപ്പാടൊന്നുമില്ല.

റബേ:- എങ്കിൽ നീ പോയി പറഞ്ഞ സാധനം കൊണ്ടുവാ.

യാക്കോ:- എന്നാൽ പോവട്ടെയമ്മേ?

റബേ:- ശരി, അങ്ങനെ തന്നെ.

(യാക്കോബ് പോകുന്നു.)

(കർട്ടൻ)

## രംഗം നാല്

(കമ്പിളി വസ്ത്രങ്ങൾകൊണ്ട് യാക്കോബിന്റെ ശരീരഭാഗങ്ങൾ പൊതിഞ്ഞിരിക്കുന്നു. ഏസാവിന്റെ വകയായ ഭംഗിയുള്ള വസ്ത്രങ്ങൾ യാക്കോബിനെ ധരിപ്പിച്ച് പാകംചെയ്ത ആഹാര സാധനവുമായി ഇസഹാക്കിന്റെ അടുക്കലേക്ക് പറഞ്ഞയക്കുന്നു ഇസഹാക്ക് സ്റ്റേജിൽ ഒരു കട്ടിലിൽ ഇരിക്കുന്നു. ഒരു പുതപ്പ് പുതച്ചിരിക്കുന്നു.)

യാക്കോ:- അപ്പാ!

ഇസ:- എന്താ മോനേ, യാക്കോബാണോ? ഏസാവാണോ? (ഇത്രയും കേട്ടപ്പോഴേക്കും യാക്കോബിന്റെ കയ്യിൽ ചുററിയിരുന്ന കമ്പിളി അഴിഞ്ഞു തുടങ്ങുന്നു. യാക്കോബ് വീണ്ടും കെട്ടിവെയ്ക്കുന്നു. യാക്കോബ് വീണ്ടും പരിഭ്രമത്തോടെ)

യാക്കോ:- ഞാൻ അപ്പന്റെ മൂത്ത പുത്രനായ ഏസാവാണ്.

ഇസ:- നീ ഇത്രവേഗം എത്തിയോ?

യാക്കോ:- എത്തി. അങ്ങ് ഈ നായാട്ടുമാംസം ഭക്ഷിച്ച് എന്നെ അനുഗ്രഹിച്ചാലും.

ഇസ:- നിനക്ക് ഈ നായാട്ടുമാംസം ഇത്ര വേഗത്തിൽ എവിടുന്നു കിട്ടി?

യാക്കോ:- എല്ലാം ദൈവത്തിന്റെ ഇഷ്ടംപോലെ സംഭവിച്ചു.

ഇസ:- മകനേ, നീ ഇങ്ങ് അടുത്തു വരൂ. നീ യഥാർത്ഥത്തിൽ എന്റെ മകൻ ഏസാവാണോ എന്നു നോക്കട്ടെ. യാക്കോബ് പരിഭ്രമത്തോടെ അടുത്തു ചെല്ലുന്നു. അനുഗ്രഹത്തിനു പകരം ശാപം കിട്ടുമോ എന്ന ഭീതി മനസ്സിലുണ്ട്. കയ്യിലിരുന്ന സാധനങ്ങൾ താഴ്ത്തിവയ്ക്കുന്നു. നാലുപാടും നോക്കുന്നു. അടുത്തു ചെല്ലുന്നു. ഇസഹാക്ക് തപ്പിനോക്കുന്നു)

ഇസ:- സ്വരം യാക്കോബിന്റേതുതന്നെ. പക്ഷേ, കൈകൾ ഏസോവിന്റേതാണല്ലോ.

(രോമാവൃതമായ കൈകളിൽ വീണ്ടും തടവി നോക്കുന്നു)

ഇസ:- മകനേ നീ ഉണ്ടാക്കിയ മാംസം എവിടെ? അതു് ഇങ്ങോട്ടു കൊണ്ടുവന്നേ. ഞാൻ ഒന്നു തിന്നു നോക്കട്ടെ. യാക്കോബ് മാംസം പിതാവിനു് നല്കുന്നു. അദ്ദേഹത്തിന്റെ കൈകൾ കഴുകിച്ചു ശേഷം പാത്രത്തിലേക്ക് ഇസഹാക്കിന്റെ കൈകൾ കൃത്യമായി വെച്ചുകൊടുക്കുന്നു.)

യാക്കോ:- അപ്പാ ഇതു് നല്ല കാട്ടിറച്ചിയാണ്. വളരെ ബുദ്ധിമുട്ടിയിട്ടാണ് എനിക്കിതു കിട്ടിതു്.

ഇസ:- മകനേ ഇതു് വളരെ നന്നായിട്ടുണ്ട്.

(ഇസഹാക്ക് ഭക്ഷണം കഴിക്കൽ നിർത്തിയശേഷം കൈകൾ കഴുകുന്നു.)

ഇസ:- മകനേ, അടുത്തുവന്നു് എന്നെ ഒന്നു് ചുംബിക്കു്.

(യാക്കോബ് വളരെ പരിഭ്രമത്തോടെ അടുത്തുചെന്നു് ഇസഹാക്കിനെ ചുംബിക്കുന്നു. ഇസഹാക്കു് യാക്കോബിന്റെ തലയിൽ കൈവെച്ച് അനുഗ്രഹിക്കുന്നു.)

ഇസ:- കർത്താവു് ആകാശത്തിൽനിന്നുള്ള മഞ്ഞും ഭൂമിയുടെ പുഷ്ടിമയും ധാരാളം ധാന്യവും നിനക്കു് നൽകട്ടെ. ജാതികൾ നിന്നെ സേവിക്കട്ടെ. ജനങ്ങൾ നിന്നെ ശുശ്രൂഷിക്കുകയും നിന്റെ അമ്മയുടെ പുത്രന്മാർ നിന്നെ കുമ്പിടുകയും ചെയ്യും. നിന്നെ ശപിക്കുന്നവൻ ശപിക്കപ്പെട്ടവനും നിന്നെ അനുഗ്രഹിക്കുന്നവൻ അനുഗ്രഹിക്കപ്പെട്ടവനും ആയിരിക്കും.

(യാക്കോബ് ധൃതിപ്പെട്ടു് നടന്നകലുന്നു.)

(സ്റ്റേജിന്റെ മറുവശത്തുകൂടി ഏസാവ്ു് പ്രവേശിക്കുന്നു. പാകപ്പെടുത്തിയ നായാട്ടുമാംസവും കയ്യിലുണ്ടു്.)

ഏസാ:- അപ്പാ, എഴുന്നേററു് ഈ നായാട്ടു മാംസം ഭക്ഷിച്ചു് എന്നെ അനുഗ്രഹിച്ചാലും.

ഇസ:- നീ ആരാണു്?

ഏസാ:- ഞാൻ അങ്ങയുടെ മകനായ ഏസാവാണു്.

ഇസ:- (പരിഭ്രമത്തോടെ) നീതന്നെയല്ലേ ഇപ്പോൾ നായാട്ടു മാംസം എനിക്കു് തന്നതു് ?

ഏസാ:- എന്തു്! നായാട്ടു മാംസമോ ? ആരു തന്നു?

ഇസ:- ഞാൻ ആ നായാട്ടു മാംസം സുഖമായി ഭക്ഷിച്ചു. അവനെ അനുഗ്രഹിച്ചു. അവൻ എന്നും അനുഗ്രഹീതനായിരിക്കയും ചെയ്യും.

(ഏസാവ്ു് ബോധംകെട്ടു് പുറകോട്ടു് മറിയുന്നു. അപ്പാ, അപ്പാ എന്നു് വിളിക്കുന്നു.)

ഇസ:- (ശാന്തനായി) നിൻെറ സഹോദരൻ വന്നു് നിനക്കു ള്ള അനുഗ്രഹം ചതിവായി കൈക്കലാക്കി. അതു് ഞാൻ ഇപ്പോഴാണു് മനസ്സിലാക്കിയതു്. നീ ഒട്ടും ത ന്നെ വിഷമിക്കേണ്ട. (ഏസാവു് വിഷമത്തോടെ അ വൻ എൻെറ അനുഗ്രഹവും ചതിവോടെ കൈക്കലാക്കി യിരിക്കുന്നു എന്നു് പറഞ്ഞുകൊണ്ടു് വാവിട്ടു കരയുന്നു.)

ഇസ:- നിനക്കു് നിൻെറ വാളായിരിക്കും ജീവൻ നല്കുന്നതു്. നിൻെറ സഹോദരൻെറ നുകം കഴുത്തിൽനിന്നു് നീ ക്കിക്കളയുന്ന ഒരു ദിവസം വരും.

ഏസാ:- ഉം (പ്രയാസത്തോടും പ്രതികാരാവേശത്തോടുംകൂടി) എൻെറ പിതാവിനെക്കുറിച്ചുള്ള വിലാപ ദിവസങ്ങൾ വരും. അന്നു് ഞാൻ എൻെറ സഹോദരനോടു് പക വീട്ടും.

ഇസ:- മകനേ, നീ സമാധാനത്തോടെ ഇരിക്കു. ഇനി ഏതാ യാലും അനുഗ്രഹം നിനക്കു് കിട്ടില്ല. ഞാൻ യാക്കോ ബിനെ അനുഗ്രഹിച്ചു കഴിഞ്ഞു.

ഏസാ:- അപ്പൻ പറയുന്നതു് ശരിതന്നെ. പക്ഷെ അവനോ ടുള്ള എൻെറ പ്രതികാരം ഞാൻ വീട്ടും.

ഇസ:- മകനേ......

ഏസാ:- അപ്പാ...ഒരു ദിവസം (പ്രതികാരത്തോടെ) ഞാൻ എൻെറ സഹോദരനെ വധിക്കും.

ഇസ:- മകനേ, നീ തെററു ചെയ്യരുതു്. ദൈവം ശിക്ഷിക്കും.

(കർട്ടൻ)

## രംഗം അഞ്ചു്

(യാക്കോബ് ബെഞ്ചിൽ ഇരിക്കുന്നു. റബേക്കാ പ്രവേശിക്കുന്നു )

റബേ:- മകനേ നിൻെറ സഹോദരൻ നിന്നോട്ട് പക വീട്ടുന്നതിന്നു് ഒരുങ്ങിയിരിക്കയാണു്.

യാക്കോ:- എന്തു്? പകവീട്ടാനോ!

റബേ:- അതേ.

യാക്കോ:- എന്തുചെയ്യാം. ഏതായാലും ഞാൻ എൻെറ സഹോദരനു് എതിരായി പ്രവത്തിച്ചു.

റബേ:- മകനേ, എന്താണ് നീ അവനെതിരായി പ്രവത്തിച്ചതു് ?

യാക്കോ:- ആദ്യം ഞാൻ ഏസാവിൻെറ കടിഞ്ഞൂൽ സ്ഥാനം കരസ്ഥമാക്കി.

റബേ:- പിന്നെ എന്താ നീ ചെയ്തതു് ?

യാക്കോ:- പിന്നെ അനുഗ്രഹവും കരസ്ഥമാക്കി. അങ്ങനെ ജ്യേഷ്ഠനെ കബളിപ്പിച്ചു.

റബേ:-ജ്യേഷ്ഠനു് കിട്ടേണ്ട അനുഗ്രഹമല്ല നിനക്കു കിട്ടിയതു്.

യാക്കോ:- പിന്നേ...?

റബേ:- നിനക്കെന്താ ഇത്ര പ്രയാസം ? നിൻെറ സഹോദരനു് കരുതിയിരുന്ന അനുഗ്രഹം നിനക്കു കിട്ടി. അത്ര തന്നെ.

യാക്കോ:- അമ്മേ, ജ്യേഷ്ഠൻ എന്നോട്ട് എപ്പോഴാണ് പക വീട്ടുന്നതെന്നു് അറിയില്ല. അതുകൊണ്ടു് ഞാൻ എന്താണ് ചെയ്യേണ്ടതു് ?

റബേ:- നീ സമാധാനത്തോടെ ഇരിക്കു.

യാക്കോ:- സമാധാനത്തോടെ ഇരുന്നാൽമാത്രം മതിയോ ?

റബേ:- പോരാ. നീ എൻെറ സഹോദരനായ ലാബാൻെറ അടുത്തേക്ക് പോകുക.

യാക്കോ: ഞാൻ എൻെറ സഹോദരനിൽനിന്നു് മറഞ്ഞു് എത്രനാളാ അവിടെ താമസിക്കുന്നേ ?

റബേ:- നിൻെറ സഹോദരൻെറ കോപം നീങ്ങുന്നതുവരെ.

യാക്കോ:- അതു് എങ്ങനെയാ ഞാൻ അറിയുന്നതു് ?

റബേ:- നിനക്കു് ഞാൻ ആളെ അയക്കാം.

യാക്കോ:- ആളെ അയച്ചാൽ......

റബേ:- നീ അവനോടു ചെയ്തതു് മറന്നുവെന്നു് കരുതിക്കോണം.

യാക്കോ:- (വളരെ പ്രയാസത്തോടെ) എന്തുചെയ്യാം. എല്ലാം സംഭവിച്ചു.

(ഒരു വടിയുമൂന്നി ഇസഹാക്കു് പ്രവേശിക്കുന്നു. വടി അലക്ഷ്യമായി കുത്തുന്നു. കസേരയിൽ ഇരിക്കുന്നു. യാക്കോബ് വളരെ വിഷമത്തോടെ സ്റ്റേജിൽകൂടി അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു.)

ഇസ:- മകനേ, നീ എവിടെയാണ്?

യാക്കോ:- ഞാൻ ഇവിടെത്തന്നെയുണ്ട്.

ഇസ:- മകനേ, നീ സിറിയായിലെ മെസപ്പെട്ടോമിയായിലേക്കു് പോവുക. അവിടെ നിൻെറ മാതുലനായ ലാബാൻെറ കൂടെ താമസിച്ചു് അവൻെറ പുത്രിമാരിൽ ഒരാളെ ഭാര്യയായി സ്വീകരിക്കുക.

യാക്കോ:- അതെങ്ങനെ സാധിക്കും ?

ഇസ:- സർവ്വശക്തനായ യഹോവ നിനക്കു്, ഇതൊക്കെ സാധിച്ചുതരും. നീ വർദ്ധിച്ചുപെരുകി പല ജാതികളായി തീരത്തക്കവിധം അവിടുന്നു് നിന്നെ അനുഗ്രഹിക്കും.

യാക്കോ:— അങ്ങനെയെങ്കിൽ എല്ലാം അങ്ങേ ഇഷ്ടംപോലെ നടക്കട്ടെ.

(റബേക്ക പിൻവാങ്ങുന്നു.)

യാക്കോ:— ഒരു ഭാണ്ഡവും എടുത്ത് ലാബാൻെറ അടുത്തേയ്ക്ക് യാത്രയാവുന്നു. (സ്റ്റേജിൻെറ ഒരു വശത്തുകൂടി പുറത്തേക്കു പോകാൻ ഭാവിക്കുന്നു. ഏതോ ഒരു ശബ്ദം കേട്ട് യാക്കോബ് അപ്പാ എന്നു വിളിക്കുന്നു.)

യാക്കോ:— ഇതാ ഏസാവ് വരുന്നു.

ഇസ:— ഇല്ല മകനേ, നിനക്കു തോന്നിയതാണ്.

യാക്കോ:— അല്ലപ്പാ.

ഇസ:— മകനേ, നീ ഭയപ്പെടാതെ നിന്നോട് പറഞ്ഞവഴിക്ക് നീ പോകു.

(യാക്കോബ് വീണ്ടും യാത്രയാവുന്നു.)

(കർട്ടൻ)

## രംഗം ആറ്

(സമയം രാത്രി. സ്റ്റേജ് മുഴവൻ ഇരുട്ട് വ്യാപിച്ചിരിക്കുന്നു. യാക്കോബ് നിലത്തു കിടക്കുന്നു. തലക്കുകീഴെ ഒരു വലിയ കല്ല് കാണാം. സമീപത്തായി ഒരു നീളംകൂടിയ കോവണി. അതിൻെറ ഓരോ പടികളിലും മാലാഖാമാരുടെ വേഷം ധരിച്ച കുട്ടികൾ നില്ക്കുന്നു. മുകളിൽനിന്നും യാക്കോബിൻെറ മുഖത്തും കോവണിയിലും പ്രകാശം തട്ടത്തക്കവിധം ലൈററ് പ്രകാശിപ്പിക്കുന്നു. അതോടൊപ്പം പിന്നണിയിൽ നിന്നു് യഹോവയുടെ ശബ്ദവും. "യാക്കോബ്", നിൻെറ പിതാക്കന്മാരായ അബ്രാഹത്തിൻെറയും ഇസഹാക്കിൻെറയും

ദൈവമാണ് ഞാൻ. നിൻെറ സന്തതികൾ ഭൂമിയിലെ മൺ പൊടിപോലെ വദ്ധിക്കും. നീ പോകുന്നിടത്തെല്ലാം ഞാൻ നിനക്ക് കൂട്ട നില്ക്കുകയും അവസാനം നിന്നെ ഞാൻ ഈ നാട്ടിലേയ്ക്കു് തിരികെ കൊണ്ടുവരികയും ചെയ്യും'')

(യാക്കോബ് നിദ്രയിൽനിന്നുണന്ന് ഇപ്രകാരം പറയുന്നു:)

യാക്കോ:- ഈ സ്ഥലം പരിശുദ്ധമാണ്.

യഹോവയുടെ ശബ്ദം:- അതേ, നീ പറഞ്ഞതു ശരിതന്നെ.

യാക്കോ:- തീർച്ചയായും കത്താവു് ഈ സ്ഥലത്തുണ്ട്. അതു് ഞാനറിഞ്ഞിരുന്നില്ല.

യഹോ.ശബ്ദം:- ഇപ്പോൾ നീ അതു് അറിഞ്ഞിരിക്കുന്നു.

യാക്കോ:- ഈ സ്ഥലം തീർച്ചയായും ദൈവത്തിൻെറ ആലയവും സ്വർഗ്ഗത്തിൻെറ കവാടവുമല്ലാതെ മറെറാന്നുമല്ല (യാക്കോബ് തലക്കുകീഴെ വച്ചിരുന്ന കല്ല് തട്ടിമാററുന്നു. ആ കല്ല് അവിടെത്തന്നെ നാട്ടിവയ്ക്കുന്നു. അതിനുശേഷം കല്ലിനുമുകളിൽ എണ്ണ ഒഴിച്ച് കത്തിക്കുന്നു.)

യാക്കോ:- ഞാൻ എൻെറ മാതാപിതാക്കളുടെ ഇഷ്ടപ്രകാരം പ്രവത്തിച്ചിരിക്കുന്നു. അതു് എനിക്കു് നന്മയായിത്തീരുകയും ചെയ്തിരിക്കുന്നു.

യഹോബ.ശബ്ദം:- നീ എല്ലാം നന്നായി ചെയ്തിരിക്കുന്നു. അതുകൊണ്ടു് നീ എന്നേക്കും പ്രകീത്തിക്കപ്പെടും. നിൻെറ ജനത ഈ ലോകം മുഴവൻ അറിയപ്പെടുകയും ചെയ്യും.

യാക്കോ:- സ്മാരകമായി ഞാൻ സ്ഥാപിച്ച ഈ കല്ല് ദൈവത്തിൻെറ ഭവനമായിരിക്കും. എനിക്കു് അങ്ങുതരുന്നതിൻെറയെല്ലാം ദശാംശം അങ്ങേക്കു ഞാൻ തരുകയും ചെയ്യും.

യഹോ. ശബ്ദം:- അബ്രാഹത്തിൻേറയും ഇസഹാക്കിൻേറയും ദൈവമായ,കത്താവായ ഞാൻ നിനക്കു വേണ്ടതെല്ലാം

തന്നിരിക്കുന്നു. നീ സഞ്ചരിക്കുന്ന മാർഗ്ഗം ശുദ്ധമായിരിക്കണം. നിനക്കു വേണ്ടതെല്ലാം ഞാൻ, ആവശ്യപ്പെട്ടുന്ന സമയത്തുതന്നെ നിനക്കു തരും.

യാക്കോ:- അങ്ങു പറയുന്നതൊക്കെ സത്യമെന്നു് ഞാൻ വിശ്വസിക്കുന്നു.

യഹോ:- നിന്റെ വിശ്വാസം നിന്നെ രക്ഷിക്കും. ഞാൻ നിന്നോടു പറഞ്ഞിട്ടുള്ളതുപോലെതന്നെ നീ ചെയ്യുക.

യാക്കോ:- (തല കുനിച്ചു് കൈകൾ കൂപ്പിക്കൊണ്ടു്) നമ്മുടെ പിതാവായ യഹോവ എന്നേക്കും അനുഗ്രഹിക്കപ്പെട്ടവനാണ്.)

(കർട്ടൻ)

# ഗെദയോൻ

## ഏകാങ്കം

(വി. കെ. കൊച്ചുമേരി, ക്കുരാച്ചുണ്ട്)

കഥാപാത്രങ്ങളെപ്പററി:—

1. ഗെദയോൻ—38 വയസ്സ് - യോദ്ധാവിനിണങ്ങുന്ന ശരീരപ്രകൃതി-വേഷവിധാനം-ജോവാസിൻെറ മകൻ.
2. ജോവാസ്—60 വയസ്സ് - ഗെദയോൻെറ പിതാവ്-ശാന്തഗംഭീരഭാവം-താടി വളത്തിയിരിക്കുന്നു.
3. അബിമലെക്ക് } ഗെദയോൻെറ മക്കൾ-
4. ജതറിൻ } യുവാക്കൾ.
5. ദൈവദൂതൻ—വെള്ളയങ്കി വേഷം.
6. ഫാറൻ—ഭൃത്യൻ—28 വയസ്സ്.
7. രണ്ടു നഗരവാസികൾ.
8. സേബ്യ്, സൽമാൻ—മെദിയാന്യ രാജാക്കന്മാർ.

### രംഗം ഒന്നു്

(അണിയറയിൽ)

(പശ്ചാത്താപസ്വരത്തിൽ:—കാരുണ്യവാനായ യഹോവായേ! അങ്ങയുടെ മക്കളായ ഞങ്ങൾ അങ്ങയെ ഉപേക്ഷി

ച്ചു. ബാൽ വിഗ്രഹത്തെ സേവിച്ചു. അനവധി തിന്മകൾ പ്രവത്തിച്ചു. ഞങ്ങളുടെ ബലഹീനത ഞങ്ങൾ മനസ്സിലാക്കുന്നു. കാരുണ്യവാനായ ദൈവമെ! ഞങ്ങളോടു കരുണ തോന്നണമേ......)

യഹോവ:-(സ്വരം) ഞാൻ നിങ്ങളെ ഈജിപ്തിൽനിന്നു പുറപ്പെടുവിച്ചു. അടിമത്വത്തിൽനിന്നു നിങ്ങളെ കൊണ്ടുവന്നു. നിങ്ങളെ പീഡിപ്പിച്ച എല്ലാവരുടേയും കയ്യിൽനിന്നു് നിങ്ങളെ രക്ഷിച്ചു—അവരുടെ ദേശം നിങ്ങൾക്കുതന്നു. യഹോവയായ ഞാൻ നിങ്ങളുടെ ദൈവമാകുന്നുവെന്നും, നിങ്ങൾ പാക്കുന്ന ദേശത്തുള്ള അമോര്യരുടെ ദേവന്മാരെ ഭജിക്കരുതെന്നും ഞാൻ നിങ്ങളോടു കല്പിച്ചു. നിങ്ങളോ എൻെറ വാക്കു ശ്രവിച്ചില്ല. ഇപ്പോൾ നിങ്ങളുടെ പശ്ചാത്താപം ഞാനറിയുന്നു. നിങ്ങളെ ശത്രുക്കളിൽനിന്നു രക്ഷിക്കുവാൻ ഒരു പ്രവാചകനെ അയക്കുന്നു.

(കർട്ടൻ പൊങ്ങുന്നു)

(ഗെദയോൻ ഒരു കൃഷിക്കാരൻെറ വേഷത്തിൽ കരുവേലമരത്തിൻെറ ചുവട്ടിലിരുന്നു് ഗോതമ്പു പാററിക്കൊണ്ടിരിക്കുന്നു. രംഗത്തു് ഒരുവശത്തു് അല്പം പാറ ഉയന്നു നില്ക്കുന്നുണ്ടു്. ശത്രുക്കൾ വരുന്നുണ്ടോ എന്നു് ചുററും ഭയചകിതനായി കണ്ണോടിക്കുന്നു. ഇടയ്ക്കു പ്രാർത്ഥിക്കുന്നു.)

ഗെദയോൻ:- കരുണാനിധിയായ കത്താവെ! അങ്ങയുടെ മക്കൾ ചെയ്ത തിന്മയുടെ ദുരന്തഫലമാണല്ലൊ എല്ലാവരും അനുഭവിക്കുന്നതു്. (ചുററും നോക്കി) ശത്രുക്കളുടെ കണ്ണിൽപ്പെടാതിരുന്നു് ഈ ഗോതമ്പു് പാററിയെടുക്കുന്നതുവരെ ശത്രുക്കളെ ഇങ്ങോട്ടു് ആനയിക്കരുതെ. എൻെറ കത്താവെ! ഞങ്ങളോടു കരുണ തോന്നണമെ. ശത്രു

ക്കളെ ഞങ്ങളിൽനിന്നും വേഗം അകററണമെ. (ചു
ററും നോക്കി നെട്ടവീർപ്പിടുന്നു. ഒരു ദൈവദൂതൻ
പ്രത്യക്ഷനാകുന്നു. ഗെദയോൻ കാണുന്നില്ല. ധൃതിയിൽ
മുറത്തിലോട്ടു നോക്കിക്കൊണ്ടു ഗോതമ്പു പാററുന്നു.)

ദൂതൻ:– ധീര യോദ്ധാവെ! കത്താവു് നിന്നോടുകൂടെയുണ്ടു്.

ഗെ:– (ഞെട്ടിപ്പിടഞ്ഞെഴുന്നേററു് കൈകൾ കൂപ്പി) പ്രഭോ! അങ്ങാരാണു് ?

ദൂത:- ഞാൻ കത്താവിൻെറ ദൂതനാണു്. ശത്രുക്കളിൽനിന്നു ള്ള രക്ഷ നിൻെറ കരങ്ങളിലാണു്. അതറിയിക്കാൻ യഹോവ എന്നെ അയച്ചിരിക്കയാണു്.

ഗെ:- പ്രഭോ, അങ്ങയോടൊന്നുണത്തിച്ചുകൊള്ളട്ടെ. കത്താവു് ഞങ്ങളോടുകൂടെയുണ്ടെങ്കിൽ ഞങ്ങൾക്കു് ഈ കഷ്ടതകൾ വന്നുകൂടിയതെങ്ങനെ ? അവിടുന്നു് ഞങ്ങളെ ഈജിപ്തിൽനിന്നു കൊണ്ടുവന്നുവെന്നു് ഞങ്ങളുടെ പിതാക്കന്മാർ പറയുന്നുണ്ടു്. അന്നു് അവിടുന്നു് ചെയ്തതായി വണ്ണിക്കുന്ന അത്ഭുതങ്ങൾ ഇപ്പോഴെവിടെ ? ഇപ്പോൾ കത്താവു് ഞങ്ങളെ ഉപേക്ഷിക്കയും, ശത്രുക്കളുടെ കയ്യിൽ ഏല്പിക്കയും ചെയ്തിരിക്കുന്നുവല്ലൊ ?

ദൂത:- കത്താവു് ജനങ്ങളുടെ പാപങ്ങളെ എല്ലാം ക്ഷമിച്ചിരിക്കുന്നു. ഗെദയോനെ! നിൻെറ ശക്തിയോടുകൂടി നീ പുറപ്പെടുക. ശത്രുകരങ്ങളിൽനിന്നു് ഇസ്രായേലിനെ നീ മോചിപ്പിക്കും. സവ്വശക്തനായ കത്താവാണു് നിന്നെ അയക്കുന്നതു്.

ഗെദ:– എൻെറ പ്രഭോ, ഈ എളിയവനും, അശക്തനുമായ ഞാൻ എങ്ങിനെ ഇസ്രായേലിനെ രക്ഷിക്കും! മനിസ്സെയുടെ വംശത്തിൽ എൻെറ കുടുംബം ഏററം താഴ്ന്നതും, എൻെറ പിതാവിൻെറ കുടുംബത്തിൽ ഞാൻ ഏററവും ചെറിയവനുമല്ലയോ ?

ദൂത:- കത്താവു് നിന്നോടുകൂടിയുണ്ടായിരിക്കും. നീ മെദിയാന്യയിൽ അവസാനത്തെ മനുഷ്യരെവരെ പരാജയപ്പെടുത്തും.

ഗെ:- പ്രഭോ! ഞാൻ കത്താവിൻെറ മുമ്പിൽ കാരുണ്യം കണ്ടെത്തിയെങ്കിൽ — കത്താവിൻെറ നാമത്തിലാണു് അങ്ങു് എന്നോടു് സംസാരിക്കുന്നെങ്കിൽ അതിനു് ഒരു ലക്ഷ്യം തന്നാലും. ഞാൻ പോയി ഒരു കാഴ്ച കൊണ്ടുവന്നു അങ്ങേയ്ക്കു് സമർപ്പിക്കുന്നതുവരെ അങ്ങു് ഇവിടെ നിന്നു പോകരുതേ.

ദൂതൻ:- നിൻെറ തിരിച്ചുവരവു് വരെ ഞാൻ കാത്തിരിക്കും... നീ വേഗം പോയി വരൂ.

(ദൈവദൂതൻ രംഗത്തുതന്നെ നില്ക്കുന്നു. സ്വല്പം കഴിഞ്ഞു് ഗെദയോൻ ഒരു പാത്രത്തിൽ ആട്ടിറച്ചിക്കറിയും വേറൊരു പാത്രത്തിൽ പുളിപ്പില്ലാത്ത അപ്പവുമായി പ്രവേശിക്കുന്നു. കരുവേല മരത്തിൻെറ ചുവട്ടിൽകൊണ്ടുപോയി ദൈവദൂതനു് സമർപ്പിക്കുന്നു.)

ഗെ:- (സ്വഗതം) എൻെറ കത്താവേ! അങ്ങു് ഈ എളിയ ദാസനോടു കോപിക്കരുതെ. അങ്ങു് എന്നോടു കല്പിക്കുന്നതു വിശ്വാസയോഗ്യമാണെങ്കിൽ എന്തെങ്കിലും ഒരു അടയാളം കാണിച്ചു തരേണമെ. (മുട്ടുകുത്തി കൈകൾ കൂപ്പി തല കുനിച്ചു നില്ക്കുന്നു. സ്വല്പം കഴിഞ്ഞു്)

ദൂതൻ:- മാംസവും പുളിപ്പില്ലാത്ത അപ്പവുമെടുത്തു് പാറപ്പുറത്തു് വെയ്ക്കുക. അവയുടെമേൽ ആ ചാറും ഒഴിക്കുക. (ഗെദയോൻ അപ്രകാരം ചെയ്യുന്നു) ദൂതൻ തൻെറ കയ്യിലുള്ള വടിയുടെ അഗ്രംകൊണ്ടു് മാംസവും അപ്പവും തൊടുന്നു. ആ സമയം പാറയിൽനിന്നു് അഗ്നി പുറപ്പെട്ടു് അപ്പവും മാംസവും ദഹിപ്പിച്ചു കളയുന്നു. ദൂതൻ അപ്രത്യക്ഷനാകുന്നു.)

ഗെ:- (ഗെദയോൻ മുട്ടുകുത്തി നില്ക്കുന്നു.) ഓ! എന്റെ കർത്താവേ! എന്നോടു് സംസാരിച്ച ദിവ്യൻ അങ്ങയുടെ ദൂതനാണെന്നു് ഞാൻ മനസ്സിലാക്കിയിരിക്കുന്നു. എന്റെ ദൈവമായ കർത്താവേ! ഞാൻ കർത്താവിന്റെ ദൂതനെ അഭിമുഖമായി കണ്ടിരിക്കുന്നു.

'പാട്ടു്'

('വാർതിങ്കൾ തോണിയോ' എന്നമട്ടു്)

ശാന്തി പതാകയേന്തി ശാന്തനായ് വന്ന ദിവ്യ
സ്നേഹത്തിൻ ദൂതനാണല്ലോ......
നീ...വിശ്വ...സ്നേഹത്തിൻ ഗായകനല്ലോ...?
സ്നേഹമാം കർത്താവെ ഞങ്ങൾ
വന്നു നിന്റെ പാദേയിന്നു്
ദുഃഖ സുഖങ്ങളെല്ലാം കാഴ്ചവെക്കാം
നിൻ തിരുപാണികൊണ്ടി...നിൻ തി-
രു ചാരെ നില്ക്കും നിൻ ചെറുമ-
ക്കളെ നീ അനുഗ്രഹിക്കു......എന്നും
അഭയം നൽകു......(ശാന്തിപതാക)
(മുട്ടുകുത്തിനിന്നുതന്നെ മൌനമ യി പ്രാൎത്ഥിക്കുന്നു )

അശരീരി:- നിനക്കു സമാധാനം...നീ ഭയപ്പെടേണ്ട. നീ മരിക്കയില്ല.......നിന്റെ പിതാവിന്റെ ഏഴു വയസ്സുള്ള ഒരു കാളയെ എടുക്കുക. ബാലിനു വേണ്ടി നിന്റെ പിതാവു് നിൎമ്മിച്ച ബലിപീഠം നീ നശിപ്പിക്കയും, അതിനു ചുററുമുള്ള മരക്കാവു് വെട്ടിമാററുകയും ചെയ്യുക. ആ സ്ഥാനത്തു് കർത്താവിനുവേണ്ടി ഒരു ബലിപീഠം ഉണ്ടാക്കുക. പിന്നീടു് വെട്ടിയെടുത്ത വിറകിന്മേൽവെച്ചു് കാളയെ ബലിയർപ്പിക്കുക. ആ ബലിപീഠത്തിനു് കർത്താവിന്റെ സമാധാനം എന്നൎത്ഥമുള്ള 'യഹോവ ശലോം' എന്നു് പേരിടുക.

ഗെ:- (മുകളിലോട്ടു കണ്ണുകളുയൎത്തി) എന്റെ കൎത്താവേ! അങ്ങയുടെ ആജ്ഞപ്രകാരം എല്ലാം ചെയ്യാം. ഇന്നു രാത്രി തന്നെ അങ്ങയുടെ തിരുവിഷ്ടം നിറവേററാം. (എഴുന്നേല്ക്കുന്നു. ചുററും നോക്കുന്നു. ആത്മഗതം) എന്റെ പിതാവും നഗരവാസികളും എന്നോടു കോപിക്കാതിരിക്കട്ടെ.......

(കൎട്ടൻ)

## രംഗം രണ്ടു്

(നഗരവീഥി. രണ്ടുപേർ സംസാരിച്ചുകൊണ്ടു നില്ക്കുന്നു)

1-ാമൻ:- കേട്ടില്ലേ വിശേഷം? ഇന്നലെ രാത്രി ആരൊ നമ്മുടെ ദേവനായ ബാലിയുടെ ബലിപീഠം തല്ലിത്തകൎത്തു് ആ സ്ഥാനത്തു് വേറൊരു ബലിപീഠം പണിതിരിക്കുന്നു. അവിടത്തെ മരക്കാവെല്ലാം വെട്ടിനശിപ്പിച്ചിരിക്കുന്നു.

2-ാമൻ:- നേരൊ ? ഞാൻ ഇന്നലെ രാത്രി ഒൻപതുമണി സമയത്തു് അതിലെയാണല്ലൊ വന്നതു്. അപ്പോൾ ഒന്നും സംഭവിച്ചതായി ഞാൻ കണ്ടില്ലല്ലൊ.

1-ാമൻ:- അതിനുശേഷമായിരിക്കാം സംഭവം നടന്നതു്. നീ ഞാൻ പറഞ്ഞതു് വിശ്വസിക്കയില്ല. അല്ലേ? ആളുകളെല്ലാം ഇതേപ്പററിയാണല്ലൊ സംസാരം. നീ എവിടെയായിരുന്നു? സ്വൎഗ്ഗലോകത്തെങ്ങാനും പോയോ ?

2-ാമൻ:- എടാ, പച്ചനുണയാ, നിന്നെപ്പോലെ വെടിപറഞ്ഞു് മററുള്ളവരെ കബളിപ്പിക്കയല്ല എന്റെ തൊഴിൽ. എനിക്കാരുടേയും നുണയൊന്നും കേൾക്കണ്ട. വേറെ പണിയുണ്ടു്. (പോകാൻ ഭാവിക്കുന്നു.)

1-ാമൻ:- ഓ...ഒരു പുണ്യാളച്ചൻ-എടോ ചങ്ങാതി, ദേഷ്യപ്പെടാതെ. ഇങ്ങിനെയങ്ങു പിണങ്ങിപ്പോയാലൊ? നമുക്കു സംഭവസ്ഥലത്തൊന്നു ചെന്നു നോക്കാം. കണ്ടാലെങ്കിലും നീ വിശ്വസിക്കുമല്ലൊ.

2-ാമൻ:- ഓ...എന്നാൽ അങ്ങിനെയാകട്ടെ. (രണ്ടുപേരും പോകുന്നു. ഗെദയോൻെറ പിതാവായ ജോവാസ് പ്രവേശിക്കുന്നു.)

(ആത്മഗതം) ഇതെന്തൊരത്ഭുതമാണു! ആരോ ഒററ രാത്രികൊണ്ട് ബാലിയുടെ ബലിപീഠം തകൎത്ത് വേറൊരു ബലിപീഠം പണിതിരിക്കുന്നു ആ ബലിപീഠത്തിന്മേൽ 'യഹോവശലോം' എന്നെഴുതിവെച്ചിരിക്കുന്നു. മരക്കാവെല്ലാം വെട്ടിനശിപ്പിച്ച് എൻെറ കാളയെ തന്നെ ബലിയർപ്പിച്ചിരിക്കുന്നു. ഇതെല്ലാം ഒററരാത്രി കൊണ്ടു ചെയ്തുതീൎത്ത ബലവാൻ ആരാണ്? (ഗെദയോൻ പ്രവേശിക്കുന്നു.)

ഗെദ:- അപ്പച്ചാ, സ്വസ്തി.

ജോ:- ഗെദയോനെ, നീയറിഞ്ഞൊ? നമ്മുടെ മരക്കാവെല്ലാം ആരൊ വെട്ടി നശിപ്പിച്ച ബാലിയുടെ ബലിപീഠം തകൎത്ത് വേറൊരു ബലിപീഠം പണിതു് നമ്മുടെ 7 വയസ്സുള്ള കാളയേയും കൊണ്ടുപോയി കൎത്താവിനായി ബലി അർപ്പിച്ചിരിക്കുന്നു-അതും ഒററ രാത്രികൊണ്ടു!

ഗെദ:- കൎത്താവിൻെറ ആജ്ഞപ്രകാരം ഞാനാണ് അപ്പച്ചാ, അതു ചെയ്തതു്. ബാലി കള്ളദേവനാണ്. സാക്ഷാൽ കൎത്താവിനാണ് ബലി അർപ്പിക്കേണ്ടതു്.

ജോ:- (ദേഷ്യത്തോടെ) എടാ, ധിക്കാരി, നീയാണൊ ഇതു് ചെയ്തതു്? നിനക്ക് ഒരു വാക്ക് എന്നോടു ചോദിക്കാമായിരുന്നില്ലേ?

ഗെ:- അപ്പച്ചൻ ഇനിയും ദേഷ്യപ്പെടുകയാണോ? കത്താവിനെതിരായി കള്ളദേവനു് ബലി അർപ്പിച്ചു; തിന്മകൾ പ്രവത്തിച്ചു. അപ്പച്ചനും അതിനു പങ്കില്ലേ ? അതിനാൽ 7 കൊല്ലമായി ഇസ്രായേൽജനം മുഴവൻ കഷ്ടതകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇത്രയൊക്കെയായിട്ടും അപ്പച്ചന്റെ കണ്ണുകൾ തുറന്നില്ലേ ?

ജോ:- നീയാണൊ, എന്ന ഉപദേശിക്കാൻ. നിന്റെ ഈ പ്രവത്തികൊണ്ടു് ഇസ്രായേലിന്റെ കഷ്ടതകളെല്ലാം അവസാനിച്ചോ ? നിന്റെ ഒരക്രമം... നഗരാധിപന്മാരോടു ഞാനെന്തുത്തരം പറയും ? അവരാകെ ക്ഷോഭിച്ചിരിക്കയാണ്. ബലിപീഠം തകത്തവനെ കൊല്ലണമെന്നുപറഞ്ഞാണ് നഗരവാസികൾ മുറവിളി കൂട്ടുന്നതു്.

ഗെദ:- അപ്പച്ചൻ ഇങ്ങിനെ കോപിക്കരുതു്. ക്ഷോഭിക്കുന്നവരോടു് സമാധാനമായി സംസാരിക്കു. അപ്പച്ചൻ കരുണാനിധിയായ കത്താവിൽ ആശ്രയിക്കു. കത്താവു് ശത്രുക്കളിൽനിന്നു് നമ്മുടെ ജനങ്ങളെ രക്ഷപ്പെടുത്താനുള്ള ആദ്യത്തെ ചടങ്ങാണിതു്. ജനങ്ങളിൽ മുക്കാൽ ഭാഗവും പശ്ചാത്തപിച്ചു് കത്താവിന്റെ കരുണക്കായി യാചിച്ചുകൊണ്ടിരിക്കയാണ്. കരുണാനിധിയായ ദൈവം നമ്മുടെ പ്രാത്ഥന കേട്ടിരിക്കുന്നു.

ജോ:- ശരി-നമ്മുടെ ജനത്തെ ശത്രുകരങ്ങളിൽനിന്നു് രക്ഷിക്കുന്നവൻ ആരാണ് ?

ഗെദ:- സവ്വശക്തനായ കത്താവു് എന്റെ കരങ്ങളാലാണ് അതു് നിറവേററാൻ പോകുന്നതു്.

ജോ:- (ആശ്ചര്യപൂവ്വം) എങ്ങിനെ ? നിന്റെ സൈന്യങ്ങളെവിടെ ?

ഗെദ:– അവിടന്നു് ഈ എളിയവനിൽകൂടി അത്ഭുതകരമാം വിധം നമ്മുടെ ജനത്തെ രക്ഷിക്കുമെന്നു് ദൈവദൂതൻ വഴി അരുളിച്ചെയ്തിട്ടുണ്ട്.

ജോ:- (പാശ്ചാത്താപപൂർവ്വം) നേരൊ, കുറച്ചു കാലത്തേക്കു് ഞാൻ സത്യദൈവത്തെ ഉപേക്ഷിച്ച് നഗരാധിപന്മാരോടു ചേർന്നു് തിന്മ പ്രവർത്തിച്ചു. (കൈകൾ കൂപ്പി) കാരുണികനായ ദൈവമെ, ഈ പാപിക്കു മാപ്പു തരേണമെ. ഞാനറിയാതെ ചെയ്തുപോയ തെററുകൾ എന്നോടു ക്ഷമിക്കേണമെ.

(2ാം രംഗത്തിലെ ഒന്നാമനും രണ്ടാമനും പ്രവേശിക്കുന്നു)

1–ാ:-(ജോവാസിനോട്) അങ്ങയുടെ പുത്രനായ ഈ ഗെദയോനാണു് ബലിപീഠം തകർത്തതു്. ഞങ്ങൾ തെളിവു സഹിതം അറിഞ്ഞിരിക്കുന്നു. ഇയാൾക്കു് ഇപ്പോൾ തന്നെ തക്കശിക്ഷ കൊടുക്കണം. നഗരവാസികളിൽ മിക്കവരും ഇളകിയിരിക്കയാണു്. ഈ അക്രമം സഹിക്കാൻ സാദ്ധ്യമല്ല. ഈയാളെ കൊല്ലണം.

ജോ:– ബാലിക്കുവേണ്ടി പോരാടാൻ നിങ്ങളാണോ, അവന്റെ വീരയോദ്ധാക്കൾ – ബാലി ദൈവമാണെങ്കിൽ അവന്റെ ബലിപീഠം തകർത്തവനോട് നാളെ പ്രകാശിക്കുന്നതിനു മുമ്പ് അവൻ തന്നെ പ്രതികാരം ചെയ്യട്ടെ. നിങ്ങളെന്തിനാണിങ്ങനെ ബഹളം കൂട്ടുന്നതു്?

1–ാ:– അതു സാദ്ധ്യമല്ല. ഇപ്പോൾതന്നെ തക്കശിക്ഷ കൊടുക്കണം.

ഗെദ:- ഇതൊക്കെ ദൈവേഷ്ടമാണു്. നിങ്ങൾ ശാന്തരായിരിക്കു. ബാലി കള്ളദേവനാണ്. സത്യദൈവമായ കർത്താവിനുവേണ്ടി ബലിയർപ്പിക്കുക. ചെയ്ത തെററിനെക്കുറിച്ച് പശ്ചാത്തപിക്കുക. കരുണാനിധിയായ

ദൈവത്തോട്ട് മാപ്പിരക്കുക.

2-ാമൻ:- ബാലി കള്ളദേവനാണെന്നു് താങ്കൾ പറയുന്നു. കർത്താവു് സത്യദൈവമാണെന്നു് എങ്ങിനെ അറിയും?

ഗെദ:- അടുത്ത ദിവസംതന്നെ ആരാണു് സത്യദൈവമെന്നു് നിങ്ങൾക്കു മനസ്സിലാകും.

1-ാമൻ:- ശരി, എന്നാൽ അങ്ങിനെയാകട്ടെ. നിങ്ങൾ ഈ പ്രവൎത്തിച്ചതിൻെറ ഫലം നിങ്ങൾതന്നെ അനുഭവിക്കും.

ഗെദ:- അങ്ങിനെയാകട്ടെ. ഞാനനുഭവിച്ചുകൊള്ളാം. ദൈവം നിങ്ങളോടു ക്ഷമിക്കട്ടെയെന്നു് ദയാപരനായ യഹോവായോടു പ്രാൎത്ഥിക്കുകയാണു്.

1-ാമൻ:- താങ്കളുടെ ഒരു പ്രാൎത്ഥന!

2-ാമൻ:- എടോ, അവർ പറയുന്നതു ശരിയായിരിക്കാം. ഓരോരുത്തർ ചെയ്യുന്നതിൻെറ ഫലം അവരവർതന്നെ അനുഭവിച്ചുകൊള്ളും. താനെന്തിനു് ഇങ്ങിനെ കിടന്നു തുള്ളുന്നു. ഇവർ പറയുന്നതുപോലെ ബാലി സത്യദൈവമാണെങ്കിൽ അവൻെറ ശത്രുക്കളെ അവൻതന്നെ നശിപ്പിക്കട്ടെ.

ജോ:- നിങ്ങൾ സമാധാനമായി പോകൂ.

1-ാമൻ:- താങ്കൾ സൂക്ഷിച്ചുകൊള്ളണം. എന്തായാലും ഞങ്ങളിപ്പോൾ പോകുന്നു. (ഗെദയോനോടു്) ബാലിതന്നെ താങ്കളോടു് പ്രതികാരം ചെയ്യട്ടെ. ജെറോബ്ബാൽ......
(രണ്ടുപേരും പോകുന്നു)

ജോ:- മകനെ, നിന്നെ ഞാൻ അനുഗ്രഹിക്കുന്നു. ദൈവതിരുമനസ്സുപോലെ എല്ലാം സംഭവിക്കട്ടെ.

(കർട്ടൻ)

## രംഗം മൂന്നു്

(ഗെദയോൻെറ ഭവനം. ഗെദയോൻ ഒരു കസാലയിൽ ചിന്താവിഷ്ടനായിരിക്കുന്നു. മുൻരംഗത്തിലെ വേഷം)

(ആത്മഗതം):- ശത്രുക്കൾ ജോർദ്ദനാൻനദി കടന്നു് ജെസ്രേലിയൻ താഴ്‌വരകളിൽ കൂടാരമുറപ്പിച്ചിരിക്കുന്നു. അവർ വെട്ടുകിളികളെപ്പോലെ അനവധിയാണ്. ഇന്നുതന്നെ യുദ്ധത്തിനു പുറപ്പെടണം. മനാസ്സെയുടെ ഗോത്രക്കാരുടേയും, സെബുലോണിൻേറയും, ആസേറിൻേറയും മററും പിന്തുണയുണ്ടു്. എന്നാലും സർവ്വശക്തനായ കർത്താവെ, ബലഹീനനായ എനിക്കു് ശക്തിതരേണമെ. (മുട്ടുകുത്തി മൌനമായി പ്രാർത്ഥിക്കുന്നു. ദൈവദൂതൻ പ്രത്യക്ഷപ്പെടുന്നു.)

ദൂത:- ഗെദയോനെ, നിൻെറമേൽ കർത്താവിൻെറ ചൈതന്യം ആവസിച്ചിരിക്കുന്നു. വേഗം പുറപ്പെടുക.

ഗെദ:- അങ്ങു കല്പിച്ചപോലെ എൻെറ കരങ്ങൾ ഇസ്രായേലിനെ രക്ഷിക്കേണമെന്നാണ് അങ്ങയുടെ ആഗ്രഹമെങ്കിൽ രോമമുള്ള ഒരു ആട്ടിൻതോൽ ഞാൻ നിലത്തിടാം. അതിൽമാത്രം മഞ്ഞുവെള്ളം ഉണ്ടായിരിക്കയും ചുററുമുള്ള നിലം ഉണങ്ങിയിരിക്കയും ചെയ്യുന്നപക്ഷം അങ്ങു് അരുളിച്ചെയ്തതുപോലെ എൻെറ കൈകൊണ്ടു ഇസ്രായേലിനെ മോചിപ്പിക്കുമെന്നു് ഞാൻ വിശ്വസിക്കും. (ആട്ടിൻതോൽ നിലത്തിടുന്നു.)

(ദൂതൻ വടിയുടെ അഗ്രംകൊണ്ടു് ആട്ടിൻതോൽ തൊടുന്നു. പറഞ്ഞതുപോലെ സംഭവിക്കുന്നു. ഗെദയോൻ ആട്ടിൻതോൽ പിഴിഞ്ഞു് ഒരു പാത്രത്തിലാക്കുന്നു.)

ഗെദ:- ഒരിക്കൽകൂടി ഈ തോലിൽ അടയാളം ആവശ്യപ്പെടുന്നതുകൊണ്ടു് അങ്ങു് കോപിക്കരുതെ. ഈ തോൽ മാത്രം ഉണങ്ങിയും, നിലം മാത്രം മഞ്ഞുകൊണ്ടു് നനഞ്ഞു

മിരിക്കണമെന്നും ഞാൻ പ്രാർത്ഥിക്കുന്നു. (ആട്ടിൻതോൽ നിലത്തിടുന്നു. പറഞ്ഞതുപോലെ സംഭവിക്കുന്നു.)

ദൂത:— നിന്നോടുകൂടി അനവധി ജനങ്ങൾ ഉണ്ട്. എങ്കിലും ശത്രുക്കളെ അവരുടെ കൈകളിൽ ഏല്പിക്കുകയില്ല. തങ്ങളുടെ ശക്തിയാൽതന്നെ ഞങ്ങൾ രക്ഷിക്കപ്പെട്ടുവെന്ന് ഇസ്രായേൽ കർത്താവിനെതിരായി വീമ്പിളക്കാൻ ഇടയാകരുത്. അതിനാൽ ഭീരുക്കളും ചഞ്ചലമനസ്കരുമായവരെല്ലാം തിരിച്ചുപോകാൻ ജനങ്ങളോടാജ്ഞാപിക്കുക. അപ്പോൾ വളരെപ്പേർ തിരിച്ചുപോകും. ഇപ്പോൾ 32000 പേർ ഉണ്ടല്ലോ. ഇവരിൽ 22000 പേരും തിരിച്ചുപോകും.

ഗെദ:- പ്രഭോ, ബാക്കി 10000 പേരല്ലെ ഉള്ളു?

ദൂത:- നിനക്കിപ്പോഴും അത്യുന്നതൻെറ ശക്തിയിൽ അവിശ്വാസമൊ? ഇനിയും ആളുകൾ അധികമാണ്. അവരെയെല്ലാം വെള്ളത്തിലേക്ക് കൊണ്ടുവരിക. അവിടെ വെച്ച് അവരെ ഞാൻ കർത്താവിൻെറ നാമത്തിൽ പരിശോധിക്കും. 'ഇവർ നിന്നോടുകൂടി പോരട്ടെ' എന്നു ഞാൻ ആരെപ്പററി അഭിപ്രായപ്പെടുന്നുവോ അവർ പോന്നുകൊള്ളട്ടെ.

ഗെദ:- പ്രഭോ, അങ്ങ് കർത്താവിൻെറ നാമത്തിൽ കല്പിക്കുന്നതുപോലെ എല്ലാം സംഭവിക്കട്ടെ.

ദൂത:- ജനങ്ങളെ വെള്ളത്തിലേക്ക് ആനയിക്കുക. നായ്ക്കൾ ചെയ്യുന്നതുപോലെ നാക്കുകൊണ്ട് വെള്ളം നക്കികുടിക്കുന്നവരെ മാററി നിർത്തുക. വെള്ളത്തിൽ മുട്ടുകുത്തിനിന്നു കുടിക്കുന്നവരെ മറുഭാഗത്തും നിർത്തുക.

ഗെദ:- അങ്ങയുടെ തിരുവിഷ്ടംപോലെ.

(കർട്ടൻ)

(രണ്ടു നിമിഷം കഴിഞ്ഞു് കർട്ടൻ പൊങ്ങുന്നു)

ഗെദ:- വെള്ളം നക്കികുടിച്ചവർ 300 പേർ മാത്രമെയുള്ളു.

ദൂത:- വെള്ളം കൈകളിൽ കോരി നക്കികുടിച്ച 300 പേരെക്കൊണ്ടും നിങ്ങളെ രക്ഷിക്കുകയും മെദിയാന്യരെ നിന്റെ കയ്യിൽ ഏല്പിക്കുകയും ചെയ്യും. ആകയാൽ മററുള്ളവർ സ്വദേശത്തേക്കു് മടങ്ങിപൊയ്ക്കൊള്ളട്ടെ.

ഗെദ:- പ്രഭോ, ഇതിന്റെ അർത്ഥം എന്താണ്? 32000 പേർ ഉണ്ടായിരുന്നതു് 300 പേരായി കുറഞ്ഞല്ലൊ?

ദൂത:- ഗെദയോനെ, നീ ഇനിയും ഭയപ്പെടുന്നോ? മഹോന്നതന്റെ ശക്തിയിൽ വിശ്വാസമില്ലെന്നോ! ഈ 300 പേർ ആത്മസംയമനമുള്ളവരും, ആർത്തി കുറഞ്ഞവരുമാണ്. അതറിയുവാനാണ് ഇങ്ങിനെ ഒരു പരീക്ഷണം നടത്തിയതു്.

ഗെദ:- പ്രഭോ, ഇനി ഞാനെന്തു ചെയ്യണം?

ദൂത:- ഈ 300 പേരോടുകൂടി വേഗം സമരത്തിനു പുറപ്പെടുക. നീ ആദ്യം ഏകനായി ശത്രുവിന്റെ കൂടാരത്തിലേക്കു പോകുക. ഏകനായി പോകാൻ ഭയമുണ്ടെങ്കിൽ നിന്റെ ഭൃത്യനായ ഫാറയേയും കൊണ്ടുപോകു. മെദിയാന്യർ പറയുന്നതു കേട്ടുകഴിയുമ്പോൾ നിന്റെ കരങ്ങൾ ബലിഷ്ഠങ്ങളായിത്തീരും. സുരക്ഷിതനായി നീ ശത്രുപാളയത്തിൽനിന്നു് തിരിച്ചുപോരും.

ഗെദ:- അങ്ങയുടെ വാക്കുകൾ എനിക്കു് ധൈര്യം തരുന്നു. അങ്ങയുടെ ശക്തി എന്നെ ബലവാനാക്കുന്നു. പ്രഭോ, എന്നെ ആശീർവ്വദിച്ചാലും. (മുട്ടുകുത്തുന്നു, ദൂതൻ ആശീർവ്വദിക്കുന്നു)

(കർട്ടൻ)

## രംഗം നാല്

(ഗെദയോൻെറ ഭവനം. അബിമെലക്ക് ചിന്താമഗ്ന നായിരുന്നുകൊണ്ട് എന്തോ എഴുതാൻ ഭാവിക്കുന്നു. ഒരു കോളേജുകുമാരൻെറ വേഷം)

ആത്മഗതം) : അപ്പച്ചൻ ശത്രുസംഹാരത്തിന്നിറങ്ങിയിട്ട്
ദിവസമൊന്നുകഴിഞ്ഞു. വിവരമൊന്നുമറിഞ്ഞില്ല.

(ഭൃത്യൻ ഫാറൻ പ്രവേശിക്കുന്നു)

ഫാറ:- കൊച്ചെജമാൻ ഇവിടെ ഇരിക്കയായിരുന്നൊ ?

(അബിമലെക്ക് പെട്ടെന്നെഴുന്നേററു്)

അബി:- ഫാറ, എന്താണ് വിശേഷം ? യുദ്ധം എന്തായി ? അപ്പച്ചനെവിടെ ?

ഫാ:- അതറിയിക്കാനല്ലെ ഞാൻ വന്നതു്. ശത്രുക്കളെയെല്ലാം ഒററരാത്രികൊണ്ട് തുരത്തിവിട്ടില്ലെ ? ഒരു രസം കേൾക്കണൊ? ഞാനും, യജമാനനുംകൂടി രാത്രി പത്തുമണി സമയത്തു് ശത്രുപാളയത്തിലേക്കങ്ങു കടന്നുചെന്നു. മണൽത്തരികൾപോലെയല്ലെ ഒട്ടകങ്ങളും, ഭടന്മാരും അവിടിവിടെയായി കിടക്കുന്നതു്. എനിക്കങ്ങു വല്ലാതെ പേടിയായി. യജമാനൻെറ ധൈര്യംകണ്ട് എനിക്കും ധൈര്യമങ്ങ് വന്നു.

അബി:- ഇതാണൊ, നിൻെറ രസം? നിങ്ങളെ അവർ ഒന്നും ചെയ്തില്ലെ ?

ഫാ:- ആ, അതല്ലെ പറയാൻ പോകുന്നതു്. ഉം... കേൾക്കു്. ഞങ്ങളെ അവർ കണ്ടുവെന്നു് തോന്നുന്നില്ല. ഞങ്ങൾ ചെന്നനേരത്തു് ഒരുവൻ കണ്ട സ്വപ്നം മറെറാരുവനോട് വിവരിക്കയായിരുന്നു–കർത്താവിൻെറ ഒരു അത്ഭുതം.

അബി:- വേഗം പറയെടാ.

ഫാ:— നമുക്കനുകൂലമായ രസകരമായ ഒരു സ്വപ്നം!

അബി:- മതിയെടാ—നിൻെറ മുഖവുര.

ഫാ:- എന്നാൽ കേട്ടോ, ഗോതമ്പുകൊണ്ടുണ്ടാക്കിയ ഒരപ്പം മെദിയാന്യരുടെ കൂടാരങ്ങളിലേക്കു് ഉരുണ്ടുരുണ്ടു കയറുന്നു. അപ്പം കൂടാരത്തിൽ ചെന്നു മുട്ടിയപ്പോൾ കൂടാരം തകൎന്നു് തരിപ്പണമായി. അപ്പോൾ കേട്ടുകൊണ്ടിരിക്കുന്നവൻ പറയുകയാണു്: 'ഇസ്രായേല്യനായ ആ ജോവാസിൻെറ മകൻ ഗെദയോനില്ലേ! അവൻെറ വാളല്ലാതെ മറെറാന്നുമല്ലെന്നു്. മെദിയാന്യരേയും, അവരുടെ എല്ലാ കൂടാരങ്ങളേയും കൎത്താവു് അവൻെറ കയ്യിൽ ഏല്പിച്ചിരിക്കയാണു്. ഇതാണു സ്വപ്നത്തിൻെറ അൎത്ഥം' എന്നു്.

അബി:- ബലേ, ഭേഷ്!

ഫാ:- ഞങ്ങൾക്കിതു കേട്ടപ്പോൾ കൂടുതൽ ധൈര്യമായില്ലേ ? ഉടനെ ഞങ്ങൾ നമ്മുടെ കൂടാരത്തിലേക്കു് തിരിച്ചുചെന്നു് യജമാനൻ കാഹളമൂതി മററുള്ളവരെ ഉണൎത്തി. പന്തങ്ങൾ കൊളുത്താൻ കല്പിച്ചു. "ഗെദയോനും കൎത്താവിനും വേണ്ടി" എന്ന മുദ്രാവാക്യം വിളിച്ചുകൊണ്ടു് ശത്രുകൂടാരങ്ങൾ വളയാൻ കല്പിച്ചു.

അബി:— പിന്നെ, എന്തുണ്ടായി ?

ഫാ:— ജയ്, വിളിച്ചുകൊണ്ടു് ഞങ്ങൾ ശത്രുകൂടാരങ്ങൾ വളഞ്ഞു. ഈ ബഹളങ്ങളെല്ലാം കേട്ടു്, പേപിടിച്ചവരെപ്പോലെ അവർതന്നെ അന്യോന്യം വധിച്ചു. ബാക്കിയുള്ളവർ ബെത്ത്സെദാമിലേക്കും, അബെൽ മാഹലായുടെ അതിൎത്തി പ്രദേശങ്ങളിലേക്കും ഓടിപ്പോയി.

അങ്ങിനെ ബെത്ത്ബാറയും, ജോൎദ്ദനാൻ നദിവരെയുള്ള എല്ലാ പ്രദേശങ്ങളും നമ്മൾ കൈവശപ്പെടുത്തി.

അബി:- നമ്മുടെ ആളുകൾക്കു് നാശമൊന്നും പററിയില്ലെ ?

ഫാ:- കൎത്താവിൻെറ ശക്തമായ കൈകൾ ഒട്ടും നാശം സംഭവിക്കാതെ ശത്രുക്കളിൽനിന്നു നമ്മെ രക്ഷിച്ചു.

അബി:- കാരുണ്യവാനായ ദൈവമെ, അങ്ങേയ്ക്കു് സ്തുതി. അപ്പച്ചനും കൂട്ടകാരും എവിടെ ?

ഫാ:- എന്നോടു തിരിച്ചുപോയി വിവരം അറിയിച്ചേക്കണമെന്നു പറഞ്ഞു്, യജമാനനും കൂട്ടകാരും മെദിയാന്യരാജാക്കന്മാരായ സേബിനേയും, സൽമാനേയും പിന്തുടരുകയാണു്. അവർ യോൎദ്ദനാൻനദി കടന്നാണു് പോയിരിക്കുന്നതു്.

അബി:- എന്നാൽ നീ പോ. (ഫാറൻ പോകുന്നു)

(ജെതറിൻ പ്രവേശിക്കുന്നു. സന്തോഷത്തോടെ തുള്ളിച്ചാടി. നിക്കറും ഷർട്ടും വേഷം.)

ജെത:- കൎത്താവു് നമ്മോടു് കരുണ കാണിച്ചിരിക്കുന്നു. അപ്പച്ചൻ മെദിയാന്യ രാജാക്കന്മാരെ തടവുകാരാക്കി പിടിച്ചു് സസുഖം തിരിച്ചെത്തിയിരിക്കുന്നു.

(സേബിനേയും, സൽമാന്നേയും തടവുകാരാക്കി ഒരു ഭടനാൽ ആനയിച്ചു് ഗെദയോൻ പ്രവേശിക്കുന്നു. ഗെദയോൻ ആസനസ്ഥനാകുന്നു.)

ഗെദ:- മക്കളെ ദൈവം നമ്മെ രക്ഷിച്ചു. (രാജാക്കന്മാരോടു്) താബോറിൽ നിങ്ങളുടെ സൈന്യങ്ങളാൽ വധിക്കപ്പെട്ടവർ ഏതു തരക്കാരായിരുന്നു ?

രാജാ:- അവർ അങ്ങയെപ്പോലെയായിരുന്നു. അവരിലൊരുവൻ ഒരു രാജകുമാരനേപ്പോലെയിരുന്നു.

ഗെദ:- അവർ എൻെറ സഹോദരന്മാരായിരുന്നു. നിങ്ങൾ അവരെ രക്ഷിച്ചിരുന്നുവെങ്കിൽ കത്താവിൻെറ നാമത്തിൽ ഞാൻ നിങ്ങളെ കൊല്ലുകയില്ലായിരുന്നു.

(ജെതറിനു് നേരെ തിരിഞ്ഞു്)

ഗെദ:- ജെതറിൻ, നീ ഇവരെ കൊണ്ടുപോയി കഴുത്തറുത്തു കൊല്ലുക.

ജെത:- അപ്പച്ചാ... എനിക്കതു... പ്രയാസമാണ്.

(സേബും സൽമാനും ഗെദയോൻെറ മുന്നിൽവന്നു് തല കുനിച്ചു്) അങ്ങുതന്നെ ഞങ്ങളെ വധിച്ചാലും. മനുഷ്യൻെറ ശക്തി പ്രായത്തിന്നനുസൃതമാണല്ലൊ.

ഗെദ:- (ഭടനോടു്) നീ ഇവരെകൊണ്ടുപോയി പാറാവിലിടു്. വധത്തിനു് സ്വല്പം കഴിയട്ടെ. (ഭടൻ രാജാക്കന്മാരെ ഉന്തി കൊണ്ടുപോകുന്നു.)

ജെത:- അപ്പച്ചാ, ദൈവത്തിൻെറ കരങ്ങൾ നമ്മെ രക്ഷിച്ചു. ഇനി ആരാണപ്പച്ചാ ഇസ്രായേലിനെ ഭരിക്കുന്നതു് ?

അബി:- ഇനി അപ്പച്ചനാണല്ലൊ, രാജാവാകാൻ അവകാശം? ശത്രുക്കളിൽനിന്നു് ഇസ്രായേലിനെ രക്ഷിച്ചതു് അപ്പച്ചനല്ലേ?

ഗെദ:- ഞാനൊ, നിങ്ങളൊ, നിങ്ങളുടെ സഹോദരന്മാരൊ ഇസ്രായേലിനെ ഭരിക്കയില്ല. കത്താവു് ഇസ്രായേലിനെഭരിക്കും.

(ഒന്നാമനും രണ്ടാമനും പ്രവേശിക്കുന്നു)

1-ാമൻ:- അങ്ങു പറഞ്ഞതു് ഞങ്ങൾ കേട്ടു. താങ്കളും താങ്കളുടെ സന്തതികളും ഞങ്ങളെ ഭരിക്കണം. ശത്രുക്കളുടെ കരങ്ങളിൽനിന്നു് അങ്ങാണ് ഞങ്ങളെ രക്ഷിച്ചതു്.

ഗെദ:- ഞാനൊ, എൻെറ സന്തതികളൊ നിങ്ങളെ ഭരിക്കയില്ല. സവ്വശക്തനായ കത്താവു് നിങ്ങളെ ഭരിക്കും.

ഇപ്പോൾ നിങ്ങൾക്കെല്ലാം മനസ്സിലായല്ലൊ. ഞാൻ ഒരു കാര്യംമാത്രം നിങ്ങളോട് ആവശ്യപ്പെടുന്നു.

2-ാമൻ:- എന്താണങ്ങ് ആവശ്യപ്പെടുന്നത്? എന്തുതന്നെയായാലും ഞങ്ങൾ തരാം.

ഗെദ:- നിങ്ങൾ കൊള്ളചെയ്തുകിട്ടിയ കണ്ണാഭരണങ്ങൾ എനിക്കു തരണം.

1-ാ:- അതു മാത്രമാണൊ അങ്ങാവശ്യപ്പെടുന്നത്? അതു ഞങ്ങൾ ഉടനെ കൊണ്ടുവന്നു തരാമല്ലൊ. (രണ്ടുപേരും പോകുന്നു.)

അബി:- എന്തിനാണപ്പച്ചാ, കണ്ണാഭരണങ്ങൾ?

ജത:- എനിക്കപ്പച്ചൻ ഒരു നല്ല കുതിരയെ വാങ്ങിത്തരണം.

ഗെദ:- തരാമല്ലോ...... ആ സ്വർണ്ണംകൊണ്ട് ഒരു എഫോദ് പണിയിച്ച് എഫ്രായിൽ സ്ഥാപിക്കണം.

അബി:- എന്തിനാണിങ്ങനെ സ്ഥാപിക്കുന്നത്?

ജത:- എനിക്കറിയാം, ശത്രുക്കളിൽനിന്നു് നമ്മുടെ അപ്പച്ചൻ ഇസ്രായേലിനെ രക്ഷിച്ചതിൻെറ ഓർമ്മക്കായിട്ടല്ലെ അപ്പച്ചാ?

ഗെദ:- അതാണു് ശരി, അവനു് ബുദ്ധിയുണ്ടു്.

(കണ്ണാഭരണങ്ങൾ ഒരു പട്ടിൽ പൊതിഞ്ഞുകൊണ്ടു് 1-ാമനും 2-ാമനും പ്രവേശിക്കുന്നു.) പൊതി ഗെദയോൻെറ മുമ്പിൽ വെയ്ക്കുന്നു.)

1-ാമൻ:- ഇതു് 1700 സിങ്കൽ തൂക്കമുണ്ടു്.

2-ാമൻ:- ദൈവം നമ്മെ അനുഗ്രഹിച്ചു. ഞങ്ങൾ പോകുന്നു.

(രണ്ടുപേരും പോകുന്നു)

ഗെദ:- എൻെറ ദൈവമെ! അങ്ങയുടെ കരുണകൊണ്ടും ശക്തികൊണ്ടും എല്ലാം ശുഭമായി അവസാനിച്ചു. ഇസ്രാ

യേൽ ജനത്തെ ഈ അശക്തമായ കൈകൊണ്ട് അത്ഭുത കരമാംവിധം വീണ്ടും രക്ഷിച്ചു.

ജത:- അപ്പച്ചാ, കർത്താവിനു് നമുക്കു് നന്ദി പറയാം.

(എല്ലാവരുംകൂടി കൈകൂപ്പി പാടുന്നു)

(പാവനനാം ആട്ടിടയാ എന്നമട്ട്)

"പാവനമാം പാതയിൽ ഞങ്ങൾ
പാപമേശാതെ നീങ്ങാൻ
ദൈവമെയെന്നും നീ നയിക്കണെ
പാപികളായ നിൻ സുതരെ
പുതുജീവിതത്തിൽ പൂമണം ചാർത്തി
പൂക്കൾ നിന്നു ചിരിക്കുമ്പോൾ
തവസുതർ നിന്നിലർപ്പിപ്പൂ
സുഖദുഃഖങ്ങളെല്ലാമെ. (പാവന......)
നിന്നനന്തമായ സ്നേഹചുംബനം
എന്നെന്നും ഞങ്ങൾക്കേകണെ
പ്രഭോ! നിൻ പൂവനക്കോണിൽ ഞങ്ങളെ
കൈക്കൊൾവാൻ കനിയേണമെ" (പാവന......)

(കർട്ടൻ)



# സാവൂൾ രാജാവ്

(നാടകം)

(ഏ. എം. ജോസുകുട്ടി, കണ്ണോത്ത്)

കഥാപാത്രങ്ങൾ:—

1. സാവൂൾ—25നും, 30നും ഇടയിൽ പ്രായം.
2. ചിസ്സ്—(സാവൂളിന്റെ പിതാവ്. (50)
3. 14 വയസ്സിൽ താഴെയുള്ള രണ്ടു പെൺകുട്ടികൾ.
4. സാമുവൽ—പ്രവാചകൻ (60നു മേൽ)
5. കെലിഃയാൻ—സാവൂളിന്റെ ഭൃത്യൻ. (20 വയസ്സ്)
6. ഒരുകൂട്ടം ആളുകൾ.

## രംഗം ഒന്ന്

(സാവൂളും ഭൃത്യൻ കെലിയോനും എന്തോ അന്വേഷിച്ച നടന്നു ക്ഷീണിച്ചമട്ടിൽ പ്രവേശിക്കുന്നു—വേഷം, നീണ്ട കുപ്പായം.)

സാവൂ:- നാം വീട്ടിൽ നിന്നിറങ്ങിയിട്ട് ഇന്നേക്ക് മൂന്നു ദിവസം കഴിഞ്ഞിരിക്കുന്നു.

കെലി:- അവററകളെ അന്വേഷിക്കുവാൻ ഇനി ഭൂമിയിൽ ഇടമില്ല.

സാവൂ:- എങ്കിലും പിതാവു് ഏല്പിച്ചിരിക്കുന്ന കാര്യം നിറവേററാതെ നാം എങ്ങനെയാണു് തിരിച്ചു ചെല്ലുന്നതു്?

കെലി:- അതെ, കാണാതെ പോയിരിക്കുന്ന കഴുതകളെ കണ്ടുപിടിച്ചു കൊണ്ടുവരുവാൻ നമ്മെ ചുമതലപ്പെട്ടത്തിയിരിക്കുന്നു.

സാവൂ:- സ്വന്തം മകനെയും ഭൃത്യനെയുംകാൾ വിശ്വസ്തരായി വേറെ ആരുണ്ടദ്ദേഹത്തിനു് ?

കെലി:- അതു ശരിതന്നെ. പക്ഷെ നാം ഇനി എന്തുചെയ്യും?

സാവൂ:- നമ്മാൽ കഴിയുന്നത്ര സ്ഥലങ്ങളിൽ നാം അന്വേഷിച്ചിരിക്കുന്നു.

കെലി:- ഒരു സ്ഥലത്തുനിന്നും നമുക്കു് അവയെ കണ്ടുകിട്ടിയില്ല.

സാവൂ:- (വ്യസനത്തോടുകൂടി) അന്വേഷണം നിറുത്തി നമുക്കിനി മടങ്ങിപ്പോകാം.

കെലി:- അതും ശരിയാണു്. ഒരുപക്ഷേ പിതാവു് കഴുതകളുടെ കാര്യം മറന്നു നമ്മെക്കുറിച്ചു ആകുലചിത്തനായെങ്കിലോ ?

സാവൂ:- ഒരഭിപ്രായംകൂടി എന്നിൽ അവശേഷിക്കുന്നു.

കെലി:- എന്താണെന്നു് അവിടുന്നു പറഞ്ഞാലും.

(ആകാംക്ഷയോടുകൂടി ശ്രദ്ധിക്കുന്നു)

സാവൂ:- ഈ നഗരത്തിൽ പ്രശസ്തനായ ഒരു ദിവ്യപുരുഷനുള്ളതായി നീ കേട്ടിട്ടുണ്ടോ ?

കെലി:- ഉണ്ടു്. (സന്തോഷത്തോടുകൂടി) അദ്ദേഹം പ്രവചിക്കുന്നതെന്തും അതുപോലെ തന്നെ സംഭവിക്കുന്നതായും കേട്ടിട്ടുണ്ടു്.

സാവൂ:- നമുക്കും അദ്ദേഹത്തെ ഒന്നു ചെന്നു കണ്ടാലൊ ?

കെലി:- ശരിയാണ്. ഒരുപക്ഷെ നമുക്കു പോകേണ്ട വഴി അദ്ദേഹം പറഞ്ഞുതന്നെന്നും വരാം.

സാവൂ:- (ഉത്സാഹത്തോടുകൂടി) അങ്ങനെയെങ്കിൽ നാം മടങ്ങിപ്പോകുന്നതിനുമുമ്പായി അദ്ദേഹത്തിൻെറ സമീപത്തേയ്ക്കു പോകാം.

കെലി:- (സന്തോഷവാനായി) ശരി, അങ്ങനെതന്നെ.

സാവൂ:- എന്നാൽ അദ്ദേഹത്തിനു പ്രതിഫലം കൊടുക്കുവാൻ നമ്മുടെ കയ്യിൽ ഒന്നുമില്ലല്ലൊ!

കെലി:- (കീശയിൽ തപ്പിനോക്കിക്കൊണ്ടു് ഒരു നാണയം എടുക്കുന്നു) ഇതാ എൻെറ കയ്യിൽ ഒരു സിങ്കൽ വെള്ളിയുടെ $\frac{1}{4}$ ഭാഗമുണ്ടു്.

സാവൂ:- നിൻെറ നിർദ്ദേശങ്ങൾ നല്ലതുതന്നെ. എന്നാൽ നമുക്കു പോകാം. (രണ്ടുപേരും പോകുവാനൊരുങ്ങുന്നു. വെള്ളം കോരുവാനായി കുടങ്ങളുമായി രണ്ടു ബാലികമാർ എതിരേ വരുന്നു. ബാലികമാരോടു്) : നിങ്ങൾ പട്ടണത്തിൽനിന്നാണോ വരുന്നതു് ?

ഒരു ബാലിക:- അതെ, ഞങ്ങൾ പട്ടണത്തിൽനിന്നു തന്നെയാണു് വരുന്നതു്.

സാവൂ:- ദാർശനികൻ ഇന്നു പട്ടണത്തിൽ വന്നിട്ടുണ്ടോ ?

രണ്ടാം ബാലിക:- ഇന്നു് പൂജാഗിരിയിൽ ജനങ്ങളുടെ വക ഒരു യാഗമുള്ളതിനാൽ അദ്ദേഹം പട്ടണത്തിൽ വന്നിട്ടുണ്ടു്.

കെലി: യാഗമുള്ളേടത്തു് അദ്ദേഹം വരണമെന്നു നിർബ്ബന്ധമുണ്ടോ ?

ഒരു ബാലിക:- ഉണ്ടു്. ബലിവസ്തു അദ്ദേഹം ആശീർവ്വദിക്കേണ്ടതിനാൽ അദ്ദേഹം ചെല്ലുന്നതിനുമുമ്പായി ജനങ്ങൾ ഭക്ഷിക്കുകയില്ല.

സാവൂ:- നിങ്ങൾക്കു നന്ദി.

രണ്ടാം ബാലിക:- നിങ്ങൾ വേഗം പോയാൽ അദ്ദേഹത്തെ കാണുവാൻ സാധിക്കും. ഞങ്ങൾ പോകുന്നു.

സാവൂ:- നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ.

(ബാലികമാർ നടന്നു മറഞ്ഞയുടനെ സാമുവൽ പ്രവേശിക്കുന്നു — പ്രായമായ ആൾ — നീണ്ട താടിയും ദീക്ഷയും — അരക്കെട്ടോടു കൂടിയ ളോവ ധരിച്ചിരിക്കുന്നു. — പൂജാഗിരിയിലേയ്ക്കുള്ള വഴിമദ്ധ്യേ — രണ്ടുപേരും തമ്മിൽ) :
ദൈവത്തിനു് സ്തുതി.

സാവൂ:- അങ്ങു് എവിടേയ്ക്കു പോകുന്ന ആളാണു് ?

സാമു:- ഞാൻ പൂജാഗിരിയിലെ യാഗത്തിനു പോകുന്നു. നിങ്ങളോ ?

സാവൂ:- ഞങ്ങൾ രണ്ടുപേരും, പ്രവാചകൻ പൂജാഗിരിയിൽ വരുന്നുണ്ടെന്നറിഞ്ഞു് അദ്ദേഹത്തെ കാണുവാൻ പോകയാണു്.

സാമു:- നിങ്ങൾ ഏതു രാജ്യത്തുനിന്നുമാണു് വരുന്നതു്?

സാവൂ:- ഞങ്ങൾ രണ്ടുപേരും ബഞ്ചമിൻ ദേശത്തുനിന്നും വരുന്നു.

സാമു:- ദൈവത്തിനു മഹത്വമുണ്ടായിരിക്കട്ടെ. (ആത്മഗതം) കർത്താവിൽനിന്നും ഇന്നലെ എനിക്കൊരു വെളിപാടു ലഭിച്ചു. "നാളെ ഈ സമയത്തു് ബഞ്ചമിൻ ദേശക്കാരനായ ഒരാളെ ഞാൻ നിൻെറ അടുക്കലേക്കയക്കും. എൻെറ ജനമായ ഇസ്രായേലിൻെറ ഭരണകർത്താവായി നീ അവനെ അഭിഷേകം ചെയ്യണം. അവൻ എൻെറ ജനങ്ങളെ ഫിലിസ്ത്യരുടെ കയ്യിൽനിന്നും രക്ഷിക്കും. എൻെറ ജനത്തിൻെറ നിലവിളി എൻെറ സന്നിധിയിൽ എത്തിയിരിക്കുന്നതിനാൽ ഞാൻ അവരെ കടാ

ക്ഷിച്ചിരിക്കുന്നു.'' ഇതായിരുന്നു വെളിപാട്. കർത്താവ് അരുളിച്ചെയ്ത ബഞ്ചമിൻ ദേശക്കാരൻ ഇവൻതന്നെ.

സാവൂ:- ഞങ്ങളന്വേഷിക്കുന്ന ദാർശനികൻെറ ഭവനം എവിടെയാണെന്നു കാണിച്ചുതരുവാൻ ദയവുണ്ടാകുമൊ?

സാമു:- നിങ്ങളന്വേഷിക്കുന്ന ദാർശനികൻ ഞാൻ തന്നെയാണ്.

കെലി:- (സാവൂളിനോട്) പ്രഭോ, ദൈവം നമ്മെ നല്ലമാർഗ്ഗത്തിലെത്തിച്ചിരിക്കുന്നു.

സാവൂ:- അവിടുത്തേയ്ക്കു നന്ദി.

സാമു:- നിങ്ങൾ രണ്ടുപേരും ഇന്ന് എന്നോടുകൂടി ഭക്ഷണം കഴിക്കുവാൻ പൂജാഗിരിയിലേയ്ക്കു പോരുക. പ്രഭാതത്തിൽ മടങ്ങിപ്പോകാം.

സാവൂ:- (ആദരവോടുകൂടി) പ്രഭോ, ഞങ്ങൾ ഒരത്യാവശ്യകാര്യത്തിനുവേണ്ടി ഇറങ്ങിയവരാണ്.

സാമു:- ദൈവം നിങ്ങൾക്കു തന്നിരിക്കുന്ന ദാനത്തെ മറന്നു് നിങ്ങൾ സംസാരിക്കാതിരിക്കു.

സാവൂ:- അതു് ഞങ്ങൾക്കറിയാമെന്നു് അവിടുന്നു് ധരിച്ചാലും.

കെലി:- ഞങ്ങൾ അവിടുത്തെ അന്വേഷിച്ചിറങ്ങിയതിൽ നിന്നും അക്കാര്യം അവിടുത്തേയ്ക്കറിയാമല്ലൊ.

സാമു:-നിങ്ങളുടെ ഉള്ളിലുള്ളതെല്ലാം ഞാൻ പറഞ്ഞുതരാം.

കെലി:- അങ്ങയുടെ കഴിവുകളിൽ ഞങ്ങൾ വിശ്വസിക്കുന്നു.

സാമു:- (സാവൂളിനോട്) മൂന്നുദിവസം മുൻപ് കാണാതായ നിൻെറ പിതാവിൻെറ കഴുതകളെക്കുറിച്ച് നീ ആകുലചിത്തനാകേണ്ട. അവയെ കണ്ടുകിട്ടിയിരിക്കുന്നു.

(സാവൂളും ഭൃത്യനും കൂടി) ദൈവതിരുനാമം മഹത്വപ്പെട്ടതാകട്ടെ.)

സാമു:- ഇസ്രായേലിൽ മഹത്വമുള്ളതെല്ലാം നിനക്കും നിന്റെ പിതാവിന്റെ കുടുംബത്തിനുമായിരിക്കും.

സാവൂ:- ഞാൻ ഇസ്രായേലിലെ ഏററവും ചെറിയ ഗോത്രമായ ബഞ്ചമിൻ ഗോത്രത്തിൽ പെട്ടവനാണല്ലൊ.

സാമു:- ഞാനും ആ കാര്യം ഓക്കുന്നു.

സാവൂ:- എന്റെ കുടുംബം ബഞ്ചമിൻ ഗോത്രത്തിലെ ഏററവും ചെറിയ കുടുംബവും ആയിരിക്കെ ഇങ്ങനെ എന്നോടു പറയുവാൻ കാരണമെന്തെന്നു് മനസ്സിലാകുന്നില്ല.

സാമു:- ശരി, ആ കാര്യങ്ങൾ ഞാൻ പിന്നീടു പറയാം. ഇപ്പോൾ വിരുന്നിനു സമയമായിരിക്കുന്നതിനാൽ നമുക്കു യാഗശാലയിലേക്കു പോകാം.

(മൂവരും പോകുന്നു.)

(കർട്ടൻ)

## രംഗം രണ്ടു്

(കർട്ടനുയന്നശേഷം സാമുവലും സാവൂളും പ്രവേശിക്കുന്നു.)

സാമു:- ഇന്നത്തെ പ്രഭാതം വളരെ മനോഹരമായിരിക്കുന്നു.

സാവൂ:- അതെ, ഇന്നത്തെ പ്രഭാതത്തിൽത്തന്നെ ആദിത്യൻ വളരെ വജ്ഞ്രോജ്ജ്വലനായിരിക്കുന്നു.

സാമു:- നിങ്ങളുടെ യാത്ര സുഖപ്രദമാകുന്നതിനു് സർവ്വശക്തൻ അനുഗ്രഹിക്കട്ടെ.

സാവൂ:- (പുറകോട്ടു തിരിഞ്ഞു നോക്കിക്കൊണ്ടു്) കെലിയോൻ, വേഗം വരൂ. നമുക്കല്പംപോലും താമസിക്കേണ്ട.

സാമു:- പുറകെ വരുന്ന നിങ്ങളുടെ ഭൃത്യനെ മുൻപോട്ടു പറഞ്ഞുവിടുക.

സാവൂ:— അവൻ തനിച്ച പോകയില്ലെന്നു് അവിടുന്നു് അറിഞ്ഞാലും.

സാമു:— എനിക്കു നിങ്ങളോടു കർത്താവിൻെറ വചനം അറിയിക്കാനുണ്ടു്. ആയതിനു് നിങ്ങൾ ഭൃത്യനെ പിന്നിൽ നിൽക്കണം.

(കെലിയോൻ കടന്നുവരുന്നു)

സാവൂ:- (ഭൃത്യനോടു്) നിങ്ങൾ മുൻപോട്ടു നടന്നുകൊള്ളു. ഞാൻ പുറകെ വന്നുകൊള്ളാം.

കെലി:- ശരി, ഞാൻ അടുത്ത സത്രത്തിൽ ഇരിക്കാം. (നടന്നു മറയുന്നു.)

സാമു:— (ഒരു ഡപ്പിയിൽനിന്നു് എണ്ണ എടുത്തു് സാവൂളിൻെറ ശിരസ്സിൽ ലേപനം ചെയ്തു് ചുംബിക്കുന്നു.) ഇതാ കർത്താവു് തനിക്കവകാശപ്പെട്ടവരുടെ രാജാവായി താങ്കളെ അഭിഷേകം ചെയ്തിരിക്കുന്നു.

(സാവൂൾ, സാമുവലിനുനേരെ തലകുനിച്ചു് ആചാരം ചെയ്യുന്നു.) ചുററുമുള്ള ശത്രുക്കളുടെ കരങ്ങളിൽനിന്നു് കർത്താവിൻെറ ജനത്തെ താങ്കൾ രക്ഷിക്കും.

സാവൂ:— ദൈവനാമം മഹത്വപ്പെട്ടതാകട്ടെ.

സാമു:- കർത്താവു താങ്കളെ രാജാവായി അഭിഷേകം ചെയ്തുവെന്നതിൻെറ ലക്ഷ്യം ഇതായിരിക്കും. ഇന്നു നിങ്ങൾ ബഞ്ചമിൻ ദേശത്തേക്കു മടങ്ങുകയാണല്ലൊ ?

സാവൂ:- അതെ, ഞാൻ ഇപ്പോൾതന്നെ മടങ്ങുന്നുവെന്നു് അവിടുന്നു് അറിയുന്നുവല്ലൊ.

സാമു:- എന്നാൽ ബഞ്ചമിൻ ദേശാതൃത്തിയിലുള്ള കുഴിമാടം നിങ്ങൾ കണ്ടിട്ടുണ്ടോ ?

സാവൂ:- ഞാൻ കണ്ടിട്ടുണ്ടു്. അതു് റാഹേലിൻെറ ശവകുടീരം ആണെന്നും എനിക്കറിയാം.

സാമു:- ശരി, നിങ്ങൾ മടങ്ങുമ്പോൾ ആ കുഴിമാടത്തിനരികെ രണ്ടാളെ നിങ്ങൾക്കു കാണുവാൻ സാധിക്കും.

സാവൂ:- (അത്ഭുതത്തോടെ) അവരെ ഞാൻ ഭയപ്പെടണമോ ?

സാമു:- വേണ്ട, നിങ്ങൾ ഇനി ആരേയും ഭയപ്പെടേണ്ട. അവർ നിങ്ങളുടെ കഴുതകളെ കണ്ടുകിട്ടിയ വിവരം അറിയിക്കും.

സാവൂ:- പ്രഭോ, അവർ ആരെന്നു് എന്നെ അറിയിച്ചാലും.

സാമു:- അവർ ആരായിരിക്കുമെന്നു് നിങ്ങൾതന്നെ ഊഹിക്കുക. നിങ്ങളുടെ പിതാവു് നിങ്ങളെ ഓർത്തു് ദുഃഖിക്കുന്നുവെന്ന കാര്യവും അവർ നിങ്ങളെ അറിയിക്കും. അവസാനം കർത്താവിന്റെ ചൈതന്യം താങ്കളിൽ ആവസിക്കും.

സാവൂ:- അവിടുന്നു പറയുന്നതു മുഴുവനും എനിക്കു മനസ്സിലാകുന്നില്ല.

സാമു:- താങ്കൾ ധൃതിപ്പെടാതിരിക്കു. നിങ്ങൾ അവരോടുകൂടി പ്രവചിക്കുകയും, മറെറാരു മനുഷ്യനായി രൂപാന്തരപ്പെടുകയും ചെയ്യും.

സാവൂ:- (വളരെ വിനയത്തോടുകൂടി) ദൈവേഷ്ടം അങ്ങനെയെങ്കിൽ അപ്രകാരം നിറവേറട്ടെ.

സാമു:- അവസാനം ഞാൻ താങ്കളുടെ അടുക്കൽവന്നു് എന്താണു് ചെയ്യേണ്ടതെന്നു കാണിച്ചുതരുന്നതുവരെ നിങ്ങൾ ഏഴുദിവസം "ഗാൽഗലിൽ"ത്തന്നെ താമസിക്കണം.

സാവൂ:- സർവ്വശക്തനായിരിക്കുന്ന കർത്താവു് നമ്മെ അനുഗ്രഹിക്കട്ടെ!

സാമു:- അവിടുത്തെ നാമം മഹത്വപ്പെട്ടതാകട്ടെ.

(കർട്ടൻ)

## രംഗം മൂന്ന്

(സാവൂളിൻെറ പിതാവായ "ചിസ്സ്" ഒരു കസേരയിൽ ഇരിക്കുന്നു. അയാളുടെ വീട്. കർട്ടനുയരുമ്പോൾ സാവൂളും ഭൃത്യനും പ്രവേശിക്കുന്നു.)

ചിസ്സ്:- പ്രിയ മകനെ, നിങ്ങളെ രണ്ടുപേരെയും ഓർത്തു ഞാൻ ആകുലചിത്തനായിരിക്കുകയായിരുന്നു.

സാവൂ:- ഞങ്ങൾ രണ്ടുപേരും വളരെ സ്ഥലങ്ങൾ അവററകളെ അന്വേഷിച്ചു നടന്നു.

കെലി:- ഇനി ഭൂമിയിൽ സ്ഥലമില്ല ഞങ്ങളുടെ കാല്പാടുകൾ പതിയാത്തതായിട്ട്.

ചി:- (സന്തോഷത്തോടുകൂടി) അവററകളെ പിറെറ ദിവസം തന്നെ കണ്ടുകിട്ടിയിരിക്കുന്നു. എന്നാൽ നിങ്ങളെ അറിയിക്കുവാൻ എനിക്കു നിർവ്വാഹമില്ലാതായിപ്പോയി.

സാവൂ:- അവയെ കാണായ്കയാൽ ഞങ്ങൾ ദാർശനികൻെറ സമീപത്തു പോയിരുന്നു.

ചി:- അദ്ദേഹം നിങ്ങളോടെന്തു പറഞ്ഞു ?

കെലി:- കഴുതകളെ കണ്ടുകിട്ടിയിരിക്കുന്നുവെന്നും, എന്നാൽ പിതാവ് ഞങ്ങളെ ഓർത്ത് ആകുലചിത്തനായിരിക്കുന്നുവെന്നും അദ്ദേഹം ഞങ്ങളെ അറിയിച്ചു.

(സാമുവലും ഒരു കൂട്ടം ജനങ്ങളും പ്രവേശിക്കുന്നു. എല്ലാവരും ഒരുമിച്ച് "ഇസ്രായേലിൻെറ ദൈവമായ കർത്താവിൻെറ നാമം മഹത്വമുള്ളതാകട്ടെ" എന്നു പറയുന്നു. ജനക്കൂട്ടം നിലത്തിരിക്കുന്നു.)

സാമു:- ഇസ്രായേലിൻെറ ദൈവമായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു:-

"ഞാൻ ഇസ്രായേലിനെ ഈജിപ്തിൽനിന്നു് കൊണ്ടുവന്നു. ഈജിപ്തുകാരുടേയും നിങ്ങളെ പീഡിപ്പിച്ചിരുന്ന സകല രാജാക്കന്മാരുടേയും കൈകളിൽനിന്നു് നിങ്ങളെ ഞാൻ മോചിപ്പിച്ചു. നിങ്ങളുടെ എല്ലാ തിന്മകളിൽനിന്നും ക്ലേശങ്ങളിൽനിന്നും നിങ്ങളെ രക്ഷിച്ച ദൈവത്തെ പരിത്യജിച്ചുകൊണ്ടു് നിങ്ങൾക്കൊരു രാജാവിനെ തരണമെന്നു് നിങ്ങൾ ആവശ്യപ്പെട്ടു."

ജനക്കൂട്ടത്തിൽനിന്നു് ഒരാൾ:— ഇല്ല, ഒരിക്കലുമില്ല. ഞങ്ങൾ ദൈവത്തെ പരിത്യജിച്ചില്ല.

മറെറാരാൾ:- (എഴുന്നേററുനിന്നുകൊണ്ടു്) ഞങ്ങൾക്കൊരു രാജാവു വേണമെന്നു മാത്രമെ ഞങ്ങൾ ആവശ്യപ്പെട്ടുള്ളു. (ഇരിക്കുന്നു.)

സാമു:- "ആകയാൽ നിങ്ങൾ ഇപ്പോൾ കുടുംബം കുടുംബമായി ഇവിടെ ഇരിക്കുവിൻ. ഇവിടെവെച്ചു് നിങ്ങൾക്കൊരു രാജാവിനെ തെരഞ്ഞെടുക്കുവാൻ പോകയാണ്". (കുറിയിടുന്നു. ജനക്കൂട്ടത്തിൽവെച്ചുതന്നെ കുറെപ്പേരുടെ പേരുകൾ കടലാസ്സിൽ എഴുതി ഒരു പാത്രത്തിൽ ഇടുന്നു. എല്ലാവരുടേയും സമ്മതപ്രകാരം സാമുവൽ ഒരെണ്ണം എടുക്കുന്നു. സാവൂളിന്നു കുറി വീഴുന്നു. കടലാസു നിവർത്തു് വായിക്കുന്നു.)

'ബെഞ്ചമിൻ ഗോത്രത്തിൽപ്പെട്ട മെത്രികുടുംബത്തിലെ ചിസ്സിൻെറ മകനായ സാവൂൾ നിങ്ങളുടെ രാജാവായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.'

(സാവൂളിനെ രാജാവായി തിരഞ്ഞെടുത്തതു് ഇഷ്ടപ്പെടാത്ത 'ബലിയാലി' ൻെറ സന്തതികൾ ഉടൻ എഴുന്നേററ് അല്പം മാറി കൂട്ടംകൂടി ഇരിക്കുന്നു.)

DHARMARAM COLLEGE LIBRARY
31981
BANGALORE.

(ബലിയാലിൻെറ സന്തതികൾ ഒഴികെ മററെല്ലാവരും കൂടി) കർത്താവിൻെറ നാമം മഹത്വപ്പെട്ടതാകട്ടെ. (സാവൂളിനെ എഴുന്നേല്പിച്ചു നിറുത്തുന്നു.)

സാമു:- കർത്താവിനാൽ തിരഞ്ഞെടുക്കപ്പെട്ട ഇദ്ദേഹത്തെപ്പോലെ വേറൊരുവനും ജനങ്ങളുടെ ഇടയിലില്ലെന്നു് നിശ്ചയമായും നിങ്ങൾ ഗ്രഹിക്കുവിൻ.

(ബലിയാലിൻെറ സന്തതികൾ ഒഴികെ)

'നമ്മുടെ രാജാവായ സാവൂൾ നീണാൾ വാഴട്ടെ! നീണാൾ വാഴട്ടെ!'

(ബലിയാലിൻെറ സന്തതികൾ ഉടൻ എഴുന്നേല്ക്കുന്നു. അതിൽ ഒരാൾ സാവൂളിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു്) നമ്മെ രക്ഷിക്കാൻ ഇയാൾക്കു കഴിയുമോ?(ഉറക്കെ എല്ലാവരുംകൂടി അമർഷത്തിൽ) ഞങ്ങൾ ഇയാളെ അനുസരിക്കാൻ തയ്യാറല്ല. ഇയാൾ ഞങ്ങളുടെ രാജാവും അല്ല- അല്ല- ഞങ്ങളുടെ രാജാവല്ല.

(കർട്ടൻ)

## രംഗം നാലു്

(സാവൂൾ രാജാവിൻെറ കൊട്ടാരം. രാജാവു് ഇരിക്കുന്നു. ഒരു കൂട്ടം ജനങ്ങൾ രാജാവിനെ അന്വേഷിച്ചു വരുന്നു. എല്ലാവർക്കും ദുഃഖഭാവം. ചിലർ കരയുന്നു.)

സാവൂ:- എന്താണു കാര്യം? നിങ്ങൾക്കെല്ലാവർക്കും വളരെ മനപ്രയാസമുള്ളതായി തോന്നുന്നല്ലോ.

ഒരാൾ:- പ്രഭോ, അമ്മോന്യനായ നാസ് രാജാവു് ഞങ്ങളോടു യുദ്ധത്തിനു വരുന്നു.

സാവൂ:- എന്താണു കാര്യം?

മററൊരാൾ:- ഞങ്ങൾക്കറിഞ്ഞുകൂടാ. (ഭയത്തോടുകൂടി) ഞങ്ങൾ സന്ധിക്കപേക്ഷിച്ചു.

സാവൂ:- എന്നിട്ട്?

മൂന്നാമൻ:— ഞങ്ങളുടെ എല്ലാവരുടേയും ഓരോ കണ്ണ് ചൂഴന്നെടുത്ത് ഇസ്രായേലിൽ ഞങ്ങളെ പരിഹാസപാത്രങ്ങളായികൊണ്ടു നടക്കാൻ സമ്മതിച്ചാൽ അദ്ദേഹം സന്ധിക്കു സമ്മതിക്കും.

നാലാമൻ:- അവിടുന്നു ഞങ്ങളെ ഈ ആപത്തിൽനിന്നു രക്ഷിക്കണം.

സാവൂ:- ശരി, നാളെ വെയിൽ മൂക്കുന്നതിനു മുൻപായി നിങ്ങൾക്കാശ്വാസം ലഭിക്കുമെന്നു്, നമ്മുടെ കർത്താവിൻെറ നാമത്തിൽ ഞാൻ നിങ്ങളോടു പറയുന്നു.

ജനക്കൂട്ടം:— അങ്ങയുടെ ഉദ്ദേശ സാഫല്യത്തിനു് ദൈവം സഹായിക്കട്ടെ.

ഒരാൾ:- നമ്മുടെ രാജാവിനെ അംഗീകരിക്കാൻ സമ്മതിക്കാത്ത ബലിയാലിൻെറ സന്തതികൾ എവിടെ?

മററൊരാൾ:- (ദേഷ്യത്തിൽ) അവരെ ഇന്നു ഞങ്ങൾ വകവരുത്തും.

സാവൂ:- പാടില്ല. കർത്താവ് നമുക്കു് രക്ഷ നൽകിയിരിക്കുന്നതിനാൽ ഇന്നേ ദിവസം ആരേയും കൊല്ലുവാൻ പാടില്ല.

ജനങ്ങൾ:- ശരി, ഞങ്ങൾ അങ്ങയെ അനുസരിക്കുന്നു.

സാവൂ:-നാളത്തെ പ്രഭാതസൂര്യകിരണങ്ങൾക്കു് ശക്തിപ്രാപിക്കുന്നതിനു് മുൻപായി നിങ്ങളുടെ ശത്രുക്കളുടെ വംശവിച്ഛേദനം വരുമെന്നുള്ളതു നിങ്ങളുടെ ഓർമ്മയിലിരിക്കട്ടെ.

ജന:- അങ്ങയെ ദൈവം അനുഗ്രഹിക്കട്ടെ.

സാവൂ:- ശരി, നിങ്ങൾ സമാധാനത്തിൽ പോയ്ക്കൊള്ളുക.

(എല്ലാവരും പോകുന്നു.)

(കർട്ടൻ)

## രംഗം അഞ്ചു്

(കർട്ടൻ ഉയരുമ്പോൾ സാമുവലിൻെറ നേതൃത്വത്തിൽ ഒരു സംഘം ആളുകൾ പ്രവേശിക്കുന്നു. ജനങ്ങൾ ഇരിക്കുന്നു. സാമുവൽ നില്ക്കുന്നു.)

സാമു:- നിങ്ങൾ ആവശ്യപ്പെട്ടതുപോലെയെല്ലാം ഞാൻ ചെയ്തിരിക്കുന്നു.

ഒരാൾ:- എന്താണതു്?

സാമു:- നിങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് ഒരു രാജാവിനെ നിങ്ങൾക്കു വാഴിച്ചു തന്നു. ആ രാജാവു് നിങ്ങളെ നയിക്കുന്നു.

ജന:- ഞങ്ങൾ അതിൽ സന്തോഷിക്കുന്നു.

സാമു:- ഞാൻ ഭരിച്ചിരുന്ന കാലത്തു് ആരേയും ഉപദ്രവിച്ചിട്ടില്ല. ആരോടും കൈക്കൂലി വാങ്ങിയിട്ടില്ല.

ജന:- ഇല്ല. നിങ്ങൾ നല്ലവനായ ഭരണകർത്താവായിരുന്നു.

സാമു:- മൂശയേയും, അഹറോനെയും നിയമിക്കുകയും നമ്മുടെ പിതാക്കന്മാരെ ഈജിപ്തിൽനിന്നും കൊണ്ടുവരുകയും ചെയ്തതു് നമ്മുടെ കർത്താവാണു്.

ജന:- അതു് ഞങ്ങൾ അറിയുന്ന സംഗതിയാണു്. ഞങ്ങൾ അതിൽ വിശ്വസിക്കുകയും ചെയ്യുന്നുവെന്നു് അങ്ങ് അറിയുന്നുവല്ലൊ.

സാമു:- എന്നാൽ അവരുടെ ദൈവമായ കർത്താവിനെ അവർ മറന്നു കളഞ്ഞ ദിവസം ഉണ്ടായി.

ജന:- ഇല്ല. ഒരിക്കലുമില്ല.

സാമു:- ഉണ്ടു്. അന്നു് അവരെ, ഹാസോർ സേനാനായകനായ "സിസേറി"യുടേയും ഫിലിസ്ത്യരുടേയും കൈകളിൽ ഏല്പിച്ചുകൊടുത്തു.

ജന:- ഈശരി, ഇപ്പോൾ ഞങ്ങളോക്കുന്നു. അതിനവർ പരിഹാരം ചെയ്തതും അവിടുത്തേയ്ക്കറിയാമല്ലൊ.

സാ:- അറിയാം. അവരുടെ കുററം അവർ കത്താവിനോട്ട് ഏററുപറഞ്ഞു. അവർ പാപം ചെയ്തുപോയെന്നും, എങ്കിലും അതു ക്ഷമിച്ച് ഇപ്പോൾ ശത്രുക്കളുടെ കയ്യിൽനിന്നും രക്ഷിക്കണമെന്നും അവർ പ്രാത്ഥിച്ചു.

ഒരാൾ:- ഇന്നു ഞങ്ങൾ സുരക്ഷിതരായിരിക്കുന്നു.

സാമു:- എന്നാൽ അമ്മോന്യയിലെ രാജാവായ നാസ് നിങ്ങൾക്കെതിരായിവന്നു.

രണ്ടാമൻ:- ദൈവാനുഗ്രഹത്താൽ ഞങ്ങൾ അവരിൽനിന്നും രക്ഷ പ്രാപിച്ചു.

സാമു:- ശരിതന്നെ. എന്നാൽ നിങ്ങളുടെ ദൈവമായ കത്താവ് നിങ്ങളുടെ രാജാവായിരിക്കുമ്പോൾത്തന്നെ നിങ്ങൾ മറെറാരു രാജാവിനെ ആവശ്യപ്പെട്ടതു് എത്ര വലിയ തെററാണെന്നു് മനസ്സിലാക്കുക.

മൂന്നാമൻ:- അങ്ങെ ദാസന്മാരായ ഞങ്ങൾ ചെയ്തതു തെററുതന്നെ.

ഒന്നാമൻ:- ഞങ്ങളുടെ മറെറല്ലാ തെററുകളോടുംകൂടി ഒരു രാജാവിനെ ആവശ്യപ്പെട്ടുവെന്നുള്ള ഒരു തെററുകൂടി ഞങ്ങൾ ചേത്തിരിക്കുന്നു.

സാമു:- നിങ്ങൾ ഭയപ്പെടാതിരിക്കു. കത്താവ് ക്ഷമയുടെ മൂത്തികരണമാണെന്നു് നിങ്ങൾ മനസ്സിലാക്കുക.

രണ്ടാമൻ:- ഞങ്ങൾ ഞങ്ങളുടെ പിതാക്കന്മാരിൽ നിന്നുതന്നെ അതു മനസ്സിലാക്കിയിരിക്കുന്നുവെന്നു് അവിടുത്തേയ്ക്കറിയാമല്ലൊ.

സാമു:- എന്നാൽ എനിക്കു നിങ്ങളോടുപദേശിക്കുവാനുള്ള തിത്രമാത്രമാണു്. നിങ്ങൾ പൂണ്ണഹൃദയത്തോടുകൂടി കത്താവിനെ സ്നേഹിക്കുവിൻ.

ഒന്നാമൻ:- ഞങ്ങൾ അതു് സന്തോഷത്തോടുകൂടി സ്വീകരിക്കുന്നു.

സാമു:- നിങ്ങളെ രക്ഷിക്കാൻ കഴിവില്ലാത്ത വ്യർത്ഥദേവന്മാരുടെ അടുക്കലേക്കു് നിങ്ങൾ തിരിയരുതു്.

രണ്ടാമൻ:- കർത്താവു് തൻെറ മഹത്വമേറിയ നാമത്തെ പ്രതി തൻെറ ജനതയെ കൈവിടുകയില്ലെന്നു് ഞങ്ങൾ അറിയുന്നു.

സാമു:- ഉത്തമവും ശരിയുമായ മാർഗ്ഗം ഞാൻ നിങ്ങളെ പഠിപ്പിക്കാം.

ഒന്നാമൻ:- ഞങ്ങളെല്ലാവരും കർത്താവിനെ ഭയപ്പെടുകയും, പൂർണ്ണഹൃദയത്തോടുകൂടി അദ്ദേഹത്തെ സേവിക്കയും ചെയ്യും.

സാമു:- നിങ്ങൾ ഇനി തിന്മ തുടരുകയാണെങ്കിൽ നിങ്ങൾ ഒന്നായി നശിക്കും. അങ്ങനെ വരാതിരിക്കുവാൻ എല്ലാററിനുമുപരിയായി ദൈവത്തെ സ്നേഹിക്കുവിൻ.

(എല്ലാവരും ഒരുമിച്ചു്)

'അവിടുത്തെ നാമം മഹത്വപ്പെട്ടതാകട്ടെ.'

(കർട്ടൻ)



# ദേവരാജൻ

(ജോർജ്ജുകുട്ടി, അങ്ങാടിക്കടവ്)

ഇവരെ പരിചയപ്പെടുക:-

1) സാമുവൽ—60നുമേൽ പ്രായം വരുന്ന വൃദ്ധ പുരോഹിതൻ. കടും ചുവപ്പായ ഒററയുടുപ്പും, അരക്കെട്ടും, പിൻഭാഗത്തുമാത്രമുള്ള നീല പുറം കുപ്പായവും. പ്രത്യക്ഷത്തിൽതന്നെ ദൈവജ്ഞനെന്നു വ്യക്തം.

2) സാവൂൾ—അരോഗ ദൃഢഗാത്രനും ഉയരം കൂടിയവനും. വയസ്സ് 40നടുത്ത്. ആദ്യം ആട്ടിടയനു ചേന്ന ലളിത വേഷം, പിന്നീട് രാജാവിനു യോജിച്ച ഇറക്കം കുറഞ്ഞ ഒററയുടുപ്പും, അരപ്പട്ടയും, വാളും.

3) മിനോജ്— സാവൂളിൻെറ സ്നേഹിതൻ. ആദ്യം ഇടയവേഷം. നീളം കൂടിയ വടി, വടിയുടെ അഗ്രത്ത് ഭാണ്ഡക്കെട്ട്. പിന്നീട് മന്ത്രിയാവുന്നു. വയസ്സ് 30.

4) ജൊനാഥാൻ—ആർഭാട പൂർണ്ണനായ രാജകുമാരൻ. ധീരൻ. വയസ്സ് 25.

5) ജനോമി – നിഷ്ക്കളങ്കയെങ്കിലും തൻേറടക്കാരിയായ ഒരു ഇസ്രായേൽ യുവതി. വയസ്സ് 19. വെള്ളനിറത്തിൽ പാദം മൂടുന്ന ഒററയുടുപ്പും നീല ശിരോവസ്ത്രവും.

## രംഗം ഒന്നു്

(വിദൂരതയിൽ ഒരു മണലാരണ്യം. രംഗത്തു് പാറക്കെട്ടുകളുടെ ഇടയിൽകൂടി ഒരു നടപ്പാത. എന്തോ അന്വേഷിക്കുന്നമട്ടിൽ 'മിനോജും സാവൂളും' പിന്നിൽനിന്നു് പ്രവേശിക്കുന്നു. ഒററയങ്കി, അരക്കെട്ടു്, തലപ്പാവു്, നീളംകൂടിയ വടി തുടങ്ങിയ ഇടയന്മാർക്കുചേന്ന വേഷം. മിനോജിൻെറ എളിയിൽ ഒരു ജലസഞ്ചി. സാവൂൾ കഴുതകളുടെ ശബ്ദം പുറപ്പെടുവിക്കുന്നു. പ്രതിധ്വനി കേട്ടു് എല്ലായിടവും നോക്കുന്നു. ഇളിഭ്യനായി, ഒററപ്പെട്ട ഒരു കല്ലിൽ കാലൂന്നി നിന്നിട്ടു്)

സാ:- കഴുതകളെ ഇനി എവിടെയാണു് അന്വേഷിക്കേണ്ടതു് ?

മിനോ:- കഴുതകൾ! കന്തം! (അക്ഷമത നടിച്ചു്) ഇനി അല്പം വിശ്രമിച്ചിട്ടു ബാക്കികാര്യം. (ഇരിക്കാൻ ഒരുങ്ങുന്നു)

സാ:- ശരിതന്നെ. (ഇരിക്കുന്നു) കലശലായ ദാഹം. സഞ്ചിയിൽ വെള്ളമുണ്ടോയെന്നു നോക്കു മിനോജു്.

മിനോ:- (അരയിൽനിന്നും സഞ്ചിയെടുത്തു നോക്കിയിട്ടു്) ഒരു തുള്ളി ബാക്കിയില്ല.

സാ:- ഈ പാറക്കെട്ടിനു സമീപം എവിടെയെങ്കിലും ഉറവ കാണും. ദയവുചെയ്തു് ഒന്നു നോക്കു മിനോജു്. ഞാൻ ഇവിടെത്തന്നെയിരിക്കാം.

(മിനോജ് വടിയുമെടുത്തു് ക്ഷീണിതനായി പുറകോട്ടു മറയുന്നു)

എഫ്രേമിലെ മലവാരവും, സാലിസ, സാലിം, ബഞ്ചമിൻ എല്ലാം കടന്നു് ഇവിടെവരെയെത്തി. ഇനി നാട്ടി

ലേയ്ക്കു മടങ്ങുകതന്നെ. (മിനോജു വരുന്നു. ചിന്തിച്ചിരുന്ന സാവൂൾ ജിജ്ഞാസുവായി) വെള്ളം കിട്ടിയോ മിനോജ് ?

മിനോ:- കിട്ടിയില്ല. കണ്ടു.

സാ:- (ആകാംക്ഷാപൂർവ്വം എഴുന്നേല്ക്കാൻ ശ്രമിച്ചു) എവിടെ? എത്ര അകലെയാണ്?

മിനോ:- (നിസ്സാരഭാവത്തിൽ) അടുത്തുതന്നെ. പക്ഷേ വെള്ളമല്ല.

സാ:- പിന്നെ ?

മിനോ:- വെളുത്ത ഒരു സാധനം.

സാ:- എന്താണത് ?

മിനോ:- ഒരു കല്ല്. ഒന്നാന്തരം വെള്ളാരൻ. (ചോദ്യരൂപത്തിൽ) ഈ മരുഭൂമിയിൽ എവിടെ വെള്ളം കിട്ടാനാണ് ? വെള്ളമിറങ്ങി ചാകാൻ വിധിയില്ല. (നിരാശനായി പാതവക്കത്ത് ഒരു കല്ലിൽ ഇരിക്കുന്നു)

സാ:- മിനോജ്, എനിക്കൊരു ബുദ്ധിതോന്നുന്നു.

മിനോ:- എന്താണാവോ ?

സാ:- കഴുതകളുടെ കാര്യം വിട്ട് നമ്മെ കാണാത്തതിൽ വ്യാകുലപ്പെട്ടിരിക്കുകയാവും പിതാവ്. നാം വീട്ടിലേയ്ക്കു മടങ്ങുക.

മിനോ:- നന്നായി. പക്ഷേ ഈ പരുവത്തിനു് അങ്ങെത്തുന്ന കാര്യമാ സംശയം.

സാ:- സാരമില്ല. ഇതിനടുത്ത് ഒരു പ്രവാചകനുണ്ട്, സാമുവൽ. മടങ്ങുംവഴി നമുക്ക് അദ്ദേഹത്തെ കണ്ട് ഒന്നന്വേഷിക്കുകകൂടി ചെയ്യാം.

മിനോ:- ഓ...ഹോ! വിദചാനേപ്പററി ഞാനും കേട്ടിട്ടൊണ്ടു്. എല്ക്കാനയുടെ പുത്രൻ, സിലോയിലെ പള്ളിവാതുക്കൽ, അമ്മ ഉപേക്ഷിച്ചിട്ട മഹാൻ. (പുച്ഛഭാവം)

സാ:- ഉപേക്ഷിച്ചിട്ടതല്ലെടോ ? അന്ന മച്ചിയായിരുന്നു. ദേവാലയത്തിൽവച്ചു് അവൾ ഒരു പ്രതിജ്ഞ ചെയ്തു, തനിക്കൊരു പുത്രനുണ്ടായാൽ അവനെ ദേവാലയത്തിൽ കാഴ്ചവച്ചുകൊള്ളാമെന്നു്.

മിനോ:- എന്നിട്ടു്?

സാ:- പുത്രനുണ്ടായി. അവൾ പ്രതിജ്ഞയും നിവ്വഹിച്ചു. മഹാപുരോഹിതൻ ഹേലി, ആ കുഞ്ഞിനെ വളത്തി.

മിനോ:- പിടലിയൊടിഞ്ഞു മരിച്ച ഹേലി, അല്ലേ ?

സാ:- അതെ. അദ്ദേഹം അവസാനം എല്ലാ അധികാരങ്ങളും യഹോവയുടെ നിർദ്ദേശപ്രകാരം സാമുവലിനെ ഏല്പിച്ചു. ഇന്നു് ദാൻ മുതൽ ബർസബിവരെ അദ്ദേഹം പ്രസിദ്ധനാണു്. അദ്ദേഹത്തിൻെറ പ്രവചനങ്ങളൊന്നും പൂത്തീകരിക്കപ്പെടാതിരുന്നിട്ടില്ല.

മിനോ:- (ഫലിതരൂപത്തിൽ) പെണ്ണുകെട്ടാനാശയുണ്ടു്. പടവക്കു് വകയില്ല. (സാവൂളിനോടു്) എടോ! പോയി കണ്ടാൽ മതിയോ! കാഴ്ചയെന്തെങ്കിലും കൊടുക്കണ്ടെ?

സാ:- വാസ്തവം. അപ്പം മുഴവൻ തീൻു അല്ലേ !

മിനോ:- താടിക്കു് തീപിടിച്ചോട്ടന്നോനോടാ വഴി ചോദ്യം? ഞാൻ വല്ലതും പറഞ്ഞാലൊണ്ടല്ലോ ?

സാ:- (നിരാശനായി) ഒന്നുമില്ലാതെ അദ്ദേഹത്തോടെങ്ങനെയാ അനുഗ്രഹം യാചിക്കുക?

മിനോ:- സൗകര്യമുണ്ടെങ്കിൽ മതീന്നേ. അല്ലേ? നാം ഇവിടെന്നാ വല്ലോം ഒളിച്ചുവെച്ചിരിക്കുന്നോ ?

സാ:- എന്നാലും (എളിയിൽ തപ്പുന്നു)

മിനോ:- വേണ്ടേ ചക്ക വേരേലും കായ്ക്കും. (കീശയിൽ തപ്പിയിട്ട്) ഞാൻ നോക്കട്ടെ. എന്റെ കയ്യിൽ ബാക്കിയായിട്ട്, ദേ! (കാണിക്കുന്നു) ഈ ഒരു സെക്കൽ നാണയം മാത്രമുണ്ട്. ഉള്ളതുപൊലിപ്പിച്ച് നമുക്കങ്ങോട്ടു കൊടുത്തുകളയാം.

സാ:- മതി. അതു ധാരാളം മതി. (സംശയരൂപത്തിൽ) ഏതു വഴിയാണ് പോകേണ്ടതെന്നു് നിശ്ചയമില്ലല്ലോ!

മിനോ:- (പിന്തിരിഞ്ഞു നോക്കിയിട്ട് സന്തോഷഭാവത്തിൽ) മതി. കിട്ടിപ്പോയി.

സാവൂ:- എന്തു്? വഴിയാണോ?

മിനോ:- പെരുവഴിയായില്ലല്ലോന്നു്. (ശബ്ദിക്കരുതെന്നു് സാവൂളിനെ ആംഗ്യം കാണിച്ചശേഷം തന്റെ വടി പാതയുടെ എതിർവശത്തുള്ള കല്ലിൽകുത്തി വഴിമുടക്കി, നിശ്ചലനായിരിക്കുന്നു.)

(ജനോമി വെള്ളപ്പാത്രവുമായിവന്നു് പുറകിൽ തെല്ലിട നിന്നശേഷം)

ജനോ:- (ഈർഷ്യ) ഹേ: വടിമാററു. എനിക്കു് കടന്നുപോകണം.......നിങ്ങളോടാണ് പറഞ്ഞതു് വടി മാററാൻ. (നാലുപാടും നോക്കി അസ്വസ്ഥത നടിച്ച്) ഇവർ ശബ്ദിക്കുന്നില്ലല്ലൊ! ഹേ മനുഷ്യാ! വഴി തരു. (ജനോമി കുനിഞ്ഞുകടക്കാൻ ശ്രമിക്കുമ്പോൾ മിനോജ് വടി മാററിക്കുത്തി വീണ്ടും തടയുന്നു.) ഇതെന്തൊരു ശല്യമാണ് ദൈവമെ. ഈ വിജനസ്ഥലത്തു് ഞാൻ ഒററക്കേ ഉള്ളല്ലോ?

മിനോ:- (ഹാസ്യസ്വരത്തിൽ) ഹേ......യ്. ഈ ഇരിക്കുന്ന ഞങ്ങളോ?

ജനോ:- (യാചനാരൂപത്തിൽ) വഴി തരു.

മിനോ:– വഴി തരണമെങ്കിലേ ചില നിയമങ്ങളൊക്കെ അനുസരിക്കണം.

ജനോ:-നിയമങ്ങളനുസരിച്ച ജീവിക്കുന്നവളാണല്ലോ ഞാൻ.

മിനോ:- ആ നിയമങ്ങളല്ല. ഇതു വേറെ നിയമം.

ജനോ:- എന്തൊക്കെയാണ് നിങ്ങളുടെ നിയമങ്ങൾ.

മിനോ:- ഒന്നാമതു് കപ്പം കൊടുക്കണം.

ജനോ:- (കുസൃതി നടിച്ച്) ആർക്കു് ?

മിനോ:– ആർക്കെന്നോ ? (ഗൗരവത്തിൽ) രാജാവിനുതന്നെ.

ജനോ:- ഏതു രാജാവു് ?

മിനോ:- ഇസ്രായേൽക്കാരുടെ രാജാവു്.

ജനോ:- നിങ്ങൾ എന്താണീ പറയുന്നതു് ? ഇസ്രായേൽക്കാർക്കു് ന്യായാധിപന്മാരല്ലാതെ രാജാക്കന്മാരില്ലല്ലോ ?

മിനോ:– എന്നാൽ ഈജിപ്തിലെ ചക്രവത്തിക്കു്.

ജനോ:- ഇസ്രായേൽ ജനത ഫറോൻമാരിൽനിന്നും സ്വാതന്ത്ര്യം നേടിയിട്ടും കപ്പം കൊടുക്കാനോ ?

മിനോ:– ഫിലിസ്ത്യർക്കായാലോ ?

ജനോ:– അസംബന്ധം. ഒന്നാമതു് ഫിലിസ്ത്യർ കപ്പം പിരിക്കാൻ ഇസ്രായേൽക്കാരെ ഏല്പിക്കാറില്ല. രണ്ടാമതു് ഞാൻ എബനേസറിൻെറ ഇപ്പുറമാണല്ലോ നില്ക്കുന്നതു്?

സാവൂ:- (എഴുന്നേററു്) എബനേസറോ ? എന്താണ് സഹോദരീ?

ജനോ:- അതെ. എബനേസറിനെപ്പററി അറിയാത്ത ഒററ ഇസ്രായേൽക്കാരൻ പോലും ഉണ്ടാവില്ല.

മിനോ:- (വിനയപൂർവ്വം) ഞങ്ങളേ, ഇസ്രായേൽക്കാരാണെങ്കിലും ലോകവിവരം കുറവാ.

ജനോ:– (പരിഹസിച്ച്) അതു കണ്ടാലറിയാം.

സാ:- എന്താണ് എബനേസർ എന്നു് പറഞ്ഞ തു്.

ജനോ:- (കൈ ചൂണ്ടിയിട്ട്) അതാ, അങ്ങു നോക്കു. ഒരു വെളുത്ത കല്ലു കാണുന്നില്ലേ ! (സാവൂളും മിനോജും നോക്കി, കാണുന്നുണ്ടെന്നു തലയാട്ടുന്നു.) പണ്ട് യഹോവ ഇടിനാദം മുഴക്കി ഫിലിസ്ത്യപ്പടയെ പായിച്ചു. അങ്ങനെ ഇസ്രായേലിനു് വിട്ടുകിട്ടിയ സ്ഥലത്തിൻെറ അതിരായി സ്ഥാപിച്ച കല്ലാണ് എബനേസർ— അഥവാ സഹായ ശില.

സാ:- (പ്രാർത്ഥനാ രൂപത്തിൽ) സത്യദൈവമായ യഹോവ വാഴ്ത്തപ്പെട്ടവൻ.

ജനോ:- (ധൃതികൂട്ടിക്കൊണ്ട്) എനിക്കു വഴി തരു. പോകാൻ ധൃതിയുണ്ട്.

മിനോ:- ഭവതിയുടെ പേരെന്താണെന്നുകൂടി അറിഞ്ഞാൽ....

ജനോ:- അറിഞ്ഞാൽ...?

മിനോ:- (ഗൗരവത്തിൽ) വിടണമോ വേണ്ടയോ എന്നാലോചിക്കാം.

സാ:- മിനോജ് : അപരിചിതയായ സ്ത്രീയെ സഹോദരീയെന്നു വിളിക്കു.

മിനോ:- സഹോദരീന്നു് വിളിച്ചിട്ട് മറിച്ചു വിളിക്കേണ്ടിവന്നാലോ ? ഉം......പേരു് ?

ജനോ:- (നാണം നടിച്ച്) ജനോമി..

മിനോ:- (ആഹ്ലാദത്തിൽ) ഹാ...ഹാ...ഹാ...

സാ:- എന്തെടോ ചിരിക്കുന്നതു് കാര്യം കൂടാതെ?

മിനോ:- ആ പേരിൻെറ മാധുര്യം സാദൃശ്യോം ഓർത്തിട്ടാ.

സാ:- അതിനെന്തിരിക്കുന്നു ഇത്ര ചിരിക്കാൻ?

മിനോ:- (സമാധാന രൂപത്തിൽ) അല്ല, യഹോവ സ്വന്തം സാദൃശ്യത്തിൽ ആദാമിനെ സൃഷ്ടിച്ചു. (മുകളിലേക്ക്

നോക്കി പ്രാർത്ഥിച്ച്) യഹോവേ! അങ്ങ് എന്റെ പേരിന്റെ സ്വന്തം സാദൃശ്യത്തിൽ എന്തിന്ന് ഈ സ്ത്രീയേയും സൃഷ്ടിച്ചു?

സാ:- അവിടുത്തെ മഹിമ വെളിപ്പെടുത്താൻ.

ജനോ:- നിങ്ങൾ എന്നെ കളിയാക്കുകയാണോ? (ദേഷ്യത്തിൽ)

മിനോ:- ഹേ...യ്, ഒരിക്കലുമല്ല. എന്റെ പേരു് മിനോജ്. (ഇരുപാട്ടും കൈമറിച്ചുകൊണ്ടു്) ഭവതിയുടെ പേരു് ജനോമി. മിനോജ്—ജനോമി; ജനോമി—മിനോജ്.

സാ:- (വിഷയം മാററി) സഹോദരി പോരുംവഴി എവിടെയെങ്കിലും കുറെ കഴുതകളെ കണ്ടോ?

ജനോമി:- ഉവ്വ്, രണ്ടു കഴുതകളെ കണ്ടു.

സാ:- (താല്പര്യപൂർവ്വം) ങേ! എത്ര അകലെയാണ്?

ജനോ:- അടുത്തു് (അവരെ കാണിച്ചുകൊണ്ടു്) ഇവിടെത്തന്നെ.

മിനോ:- മൊറത്തിലാണല്ലോ കേറികൊത്തിയതു്. ആകട്ടെ, ഭവതി അന്യയാണോ?

ജനോ:- മനസ്സിലായില്ല ചോദ്യം.

മിനോ:- അന്യസ്ത്രീകളുടെ ഗണത്തിൽ പെടുമോ എന്നു്?

ജനോ:- എന്തിനറിയണം ഇതൊക്കെ.

മിനോ:- അന്യസ്ത്രീകളെ മോഹിക്കരുതെന്നു് മൂശയുടെ ന്യായപ്രമാണം ഉണ്ടു്.

ജനോ:- അന്യയാണ്.

മിനോ:- (നിരാശ നടിച്ച്) ഈയുള്ളവന്റെ ശനിപ്പെഴ!

ജനോ:- (സ്നേഹഭാവത്തിൽ) അല്ലെങ്കിലൊ?

മിനോ:- (സന്തോഷത്രപം) അല്ലെങ്കിൽ ഈ നല്ല ഇടയൻ കാണാതായ ആടിനെ അന്വേഷിച്ചു കണ്ടെത്തി.

സാ:- സഹോദരി ഏതു ഗോത്രജാതയാണു്.

ജനോ:- എഫ്രേം ഗോത്രം.

മിനോ:- (സന്തോഷത്താൽ എഴുന്നേല്ക്കുന്നു.) ഹാ-ഹ-എന്തൊരു യോജിപ്പ്! ഞാനും എഫ്രേംകാരനാ. (വടി മാററിയിട്ട്) കാലേൽ ഒരു മുള്ളുപോലും കൊള്ളിക്കാതെ മുന്നോട്ട കടന്നു പോരു. (ജനോമി കടക്കാൻ ശ്രമിക്കുമ്പോൾ) നില്ക്കു്, വലതുകാല് ആദ്യം വെയ്ക്കു്.

സാ:- ശകുനം നോക്കിയാണല്ലോ പരിപാടി (ഹാസ്യപൂർവ്വം)

മിനോ:- ശകുനം മുടക്കാതെ ചെങ്ങാതി അവിടെ നിന്നാൽ മതി. (ജനോമി നടന്നു മുമ്പിലെത്തുന്നു.) ഭവതിയുടെ കയ്യിൽ ചരടുണ്ടോ കുറച്ചെടുക്കാൻ.

ജനോ:- (നിഷേധ രൂപത്തിൽ) ഉംഹും.

മിനോ:- കയറായാലോ?

ജനോ:- അതും ഇല്ലല്ലോ.

സാ:- ഇപ്പോഴേ കയറും ചരടും ഒന്നും വേണ്ടടോ.

മിനോ:- ശ്ലേയ്, അതിനല്ല; എൻെറ നാക്കിൽ ഒരു കുടിക്കിട്ട് പല്ലുമായി ഒന്നു കെട്ടി നിർത്താന. (ആംഗ്യം കാണിച്ച്)

സാ:- എന്താ നാക്കു വായിൽ കിടക്കുന്നില്ലേ?

മിനോ:- ഇല്ല. ദാഹം മൂത്തു്മൂത്തു് നാക്കു് ഇറങ്ങിപ്പോകുന്നു.

ജനോ:- എൻെറ കയ്യിൽ വെള്ളമുണ്ടു്. ഞാൻ തരാമല്ലോ.

മിനോ:- യഹോവായ്ക്കു് സ്തുതി (കൈക്കുമ്പിളിൽ വെള്ളം വാങ്ങി കുടിച്ച ശേഷം) തനിക്കു വേണമെങ്കിൽ കുറച്ച് അടിച്ചോ. (സാവൂളും വെള്ളം വാങ്ങി കുടിക്കുന്നു) ഞാൻ ദാഹിച്ചു വന്നു, നീ എനിക്കു് കുടിക്കാൻ തന്നു.

സാ:- സഹോദരീ, പ്രവാചകനായ സാമുവലിനെ കാണാൻ ഞങ്ങൾ ഏതു വഴിയാണു് പോകേണ്ടതു്?

ജനോ:- ഇന്നു് പൂജാമലയിൽ അദ്ദേഹം വരുന്നുണ്ട്.

സാ:- എത്രദൂരം നടക്കണം?

ജനോ:- (എതിർവശം ചൂണ്ടി) ഈ വഴി പോയാൽ അടുത്തു് ഒരു പട്ടണം കാണും. അവിടെ അന്വേഷിച്ചാൽ ദാൻ മുതൽ ബർസബിവരെ പ്രസിദ്ധനായ അദ്ദേഹത്തെ ആരും കാണിച്ചു തരും.

സാ:- വളരെ സന്തോഷം. ഞങ്ങൾ ഉടനെ യാത്രയാവുന്നു. വരൂ മിനോജ് (ഇരുവരും നടക്കുന്നു. അല്പം ചെന്നു് തിരിച്ചു വന്ന മിനോജ്)

മിനോ:- ഈ വഴിക്കു തന്നെയാണോ എന്നും വെള്ളത്തിനു പോകുന്നതു്?

ജനോ:- അതെ. ഈ മരുഭൂമിയിൽ ഇവിടെ മാത്രമേ വെള്ളമുള്ളൂ.

മിനോ:- എന്നാൽ ഇനീം കാണാം. (ദയനീയമായി) പോകട്ടെ ജനോമി. (മിനോജ് പോകുന്നതുനോക്കി ജനോമി നില്ക്കുന്നു.)

(കർട്ടൻ)

## രംഗം രണ്ടു്

(സിലോയിലെ ദേവാലയം. മദ്ധ്യത്തിൽ ബലിപീഠം. വൃദ്ധനായ സാമുവൽ ഇരുകൈകളും ഉയർത്തി പ്രാർത്ഥനയിൽ.)

സാമുവൽ:- യഹോവേ! ജനങ്ങൾ ഒരു രാജാവിനുവേണ്ടി ആവശ്യപ്പെടുകയാണു്. വിനീതനായ അവിടുത്തെ ദാസനെ ഉപദേശിച്ചാലും.

(ദൃഢസ്വരത്തിൽ അശരീരി)

"സാമുവൽ! ജനങ്ങളുടെ ആഗ്രഹം സാധിച്ചു കൊടുക്കുക. ഒരു രാജാവിനെ അവർക്കായി നിയമിക്കുക."

സാമു:- പിതാവേ! ആരെയാണ് രാജാവായി അങ്ങ് തിരഞ്ഞെടുക്കുന്നത്?

അശരീരി:- അതോർത്തു നീ വ്യാകുലപ്പെടേണ്ട. ബഞ്ചമിൻ ഗോത്രക്കാരനായ സാവൂളിനെ ഞാൻ നിൻെറ പക്കലേക്ക് അയക്കുന്നു. നീ അവനെ എൻെറ ജനത്തിൻെറ രാജാവായി വാഴിക്കുക. ഫിലിസ്ത്യരുടെ മേൽകോയ്മയിൽനിന്നും അവൻ ഇസ്രായേൽക്കാരെ സ്വതന്ത്രനാക്കും.

സാമു:- ഇസ്രായേലിൻെറ നാഥനും ജീവിക്കുന്ന ദൈവവുമായ യഹോവേ! അങ്ങേയ്ക്കു സ്തോത്രം.

അശരീരി:- എന്നാൽ നിൻെറ എതിർപ്പു നീ രേഖപ്പെടുത്തണം. ഒരു രാജാവിനു വേണ്ട അധികാരങ്ങൾ വിശദമായി അവരെ അറിയിക്കണം. (വശത്തുനിന്നും സാവൂളും മിനോളും പ്രവേശിക്കുന്നു.)

സാ:- (ഭക്തിപൂർവ്വം) ഞങ്ങൾക്കുവേണ്ടി യഹോവയോടു പ്രാത്ഥിക്കേണമേ. (സാമുവൽ കൈകൾ താഴ്ത്തി തിരിഞ്ഞു നില്ക്കുന്നു.)

മിനോ:- പിതാവേ! ഞങ്ങളുടെ കൈവശം ആകെയുള്ളത് ഈ ഒരു സെക്കൽ നാണയം മാത്രമാണ്. അതു ഞങ്ങളിതാ കാഴ്ചവെക്കുന്നു. (നാണയം സാമുവലിൻെറ പാദത്തുങ്കൽ വയ്ക്കുന്നു.)

സാമു:- (കൈ ഉയർത്തി അനുഗ്രഹിച്ചുകൊണ്ട്) നിങ്ങൾ എന്തിനുവേണ്ടി വന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു. (സാവൂളിനോട്) നിൻെറ പിതാവിൻെറ കാണാതായ കഴുതകളെ തിരിച്ചു കിട്ടിയിരിക്കുന്നു.

സാ:- പ്രഭോ! സന്തോഷം. ഞങ്ങളിതാ പിതൃഭവനത്തിലേയ്ക്കു മടങ്ങുകയാണ്. (തിരിയുന്നു.)

സാമു:- സാവൂൾ, സത്യ ദൈവം നിന്നിൽ പ്രസാദിച്ചിരിക്കുന്നു. മരുഭൂമിയിൽകൂടി ഇസ്രായേൽ ജനത്തെ നയിച്ച യഹോവതന്നെയാണ് നിന്നെയും ഇങ്ങോട്ടു വിട്ടതു്. യഹോവ നിന്നെ ചിലകാര്യങ്ങൾ ഭരമേല്പിക്കുന്നു മകനേ!

സാ:- (വണങ്ങിക്കൊണ്ടു്) പ്രഭോ! എന്താണെന്നരുളിച്ചെയ്താലും. വിനീതനായ അവിടുത്തെ ദാസൻ ഇതാ മുമ്പിൽ.

സാമു:- (നിർവ്വികാരനായി) ദൈവജനത്തെ ഫിലിസ്ത്യരുടെ പ്രഭാവത്തിലും കോയ്മയിലും നിന്നും നീ മോചിപ്പിക്കണം.

സാ:- (വിവശനായി) യഹോവേ! അശക്തനായ എന്നെ ഈ ഭാരം അവിടുന്നു എന്തിനേല്പിക്കുന്നു? (സാമുവലിനോടു്) മഹാപ്രഭോ, ഇസ്രായേലിൽ ഏററവും ചെറിയ ബഞ്ചമിൻ ഗോത്രത്തിലെ ഒരുവനാണ് ഞാൻ. ആയുധവിദ്യ അറിയാത്ത ആട്ടിടയൻ അടരാടാനോ ?

മിനോ:- എല്ലാം യഹോവയുടെ കാരുണ്യം. (നമസ്കരിക്കുന്നു)

സാമു:- സാവൂൾ, നിരായുധനായ മോശയ്ക്കു് നിരുപമശക്തി നല്കിയ യഹോവയിൽ നീ സന്ദേഹപ്പെടേണ്ട.

സാ:- യഹോവേ! എന്നോടു ക്ഷമിക്കണമേ. (കൈകളുയർത്തി)

സാമു:- ഞാൻ പറഞ്ഞ കാര്യങ്ങളുടെ സാക്ഷ്യത്തിനായി ഇതാ വീണ്ടും പറയുന്നു, നീ പിതൃഭവനത്തിലേയ്ക്കു മടങ്ങുംവഴി പൂജാമലയിൽ ഫിലിസ്ത്യക്കോട്ടയ്ക്കടുത്തെത്തുമ്പോൾ വാദ്യഘോഷങ്ങളോടെ ഒരു പററം പ്രവാചകർ എതിരെ വരും. യഹോവ തൻെറ ശക്തി നിന്നിൽ ചൊരിയും. നീ ഒരു പുതിയ മനുഷ്യനായി അവരോടൊപ്പം ദീർഘദർശനം നടത്തും.

സാ:- യഹോവേ! ഈ ദാസനെ അനുഗ്രഹിക്കണമെ.

സാമു:- സൈന്യങ്ങളുടെ ദൈവം നിന്നോടുകൂടി ഉണ്ടായിരിക്കട്ടെ. (അനുഗ്രഹിക്കുന്നു)

മിനോ:- (സാവൂളിനെ പിന്നിൽനിന്നു തോണ്ടിയിട്ട്) സാവൂൾ, യഹോവയ്ക്കു ബലി അർപ്പിക്കുവാൻ ഒരു പുരോഹിതനെക്കൂടി തരണമെന്ന് അദ്ദേഹത്തോടപേക്ഷിക്കു.

സാ:- പ്രഭോ, കൃത്യനിർവ്വഹണത്തിൽ ഇടർച്ച പററാതെ സൂക്ഷിക്കാൻ അങ്ങുകൂടി എന്നോടൊത്തുണ്ടായിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു.

സാമു:- സാവൂൾ! നീ ധന്യനാണ്. വയോധികനായ ഞാൻ ഇവിടെ വിശ്രമിക്കട്ടെ. ആവശ്യസന്ദർഭത്തിൽ ഞാൻ നിന്നെ കാണും.

സാ:- പ്രഭോ...... (അപേക്ഷാസ്വരത്തിൽ)

സാമു:- ഇസ്രായേൽ പ്രമാണിമാർ പുറത്തു കാത്തുനില്ക്കുന്നു. ഞാൻ അവരോടു സംസാരിക്കട്ടെ. (ഒരു വശത്തേയ്ക്കു നീങ്ങി പുറത്തേയ്ക്കായി സംസാരിക്കുന്നു)
ഇസ്രായേൽ ഗോത്രപ്രമാണികളെ, നിങ്ങൾക്കൊരു രാജാവിനെ വേണം അല്ലെ? (പുറത്തുനിന്നു ശബ്ദം കേൾക്കുന്നു)

ജനം:- വേണം. രാജാവിനെ വേണം.

സാമു:- എന്നാൽ നിങ്ങളെ ഭരിക്കാനും നയിക്കാനും ഒരു രാജാവുണ്ടായാൽ രാജാവിനടുത്ത എല്ലാ അധികാരങ്ങൾക്കും അവൻ അർഹനായിരിക്കും.

ജനം:- ഞങ്ങൾ സമ്മതിക്കുന്നു. (പുറത്തുനിന്ന്)

സാമു:- (ഉറച്ച സ്വരത്തിൽ) അവൻെറ സൈന്യത്തിൽ സേവനമനുഷ്ഠിക്കുന്നതിനും, അവനു പണിക്കാരായും, വണ്ടിക്കാരായും, നിങ്ങളുടെ മക്കളെ നിങ്ങളിൽനിന്നു് എടുക്ക

പ്പെട്ടം. (നേരിയ പെരുമ്പറശബ്ദം പിന്നണിയിൽ) അവന്നു സുഗന്ധതൈലം പൂശുന്നതും, അടുക്കളവേല ചെയ്യുന്നതും നിങ്ങളുടെ ഓമനപുത്രിമാർ ആയിരിക്കും. (പെരുമ്പറശബ്ദം ഉയരുന്നു) നിങ്ങളിൽ ഭാരിച്ച നികുതി ചുമത്തപ്പെട്ടും (ഉയന്ന ശബ്ദം) നിങ്ങൾക്കുള്ളതെന്തും നിങ്ങളും അവന്നു് അടിമപ്പെട്ടും (ഉഗ്രമായ ശബ്ദം)

ജനം:- എല്ലാം ഞങ്ങൾ സമ്മതിച്ചിരിക്കുന്നു. ഞങ്ങൾക്കു് രാജാവു് മതി. (പുറത്തു നിന്നു്)

സാമു:- നിങ്ങൾ ആവശ്യപ്പെട്ട വാങ്ങുന്ന രാജാവായതിനാൽ അവനെതിരായി യഹോവയോടു പരാതിപ്പെടാൻ ഇനി ഒരിക്കലും നിങ്ങൾക്കവകാശമുണ്ടായിരിക്കയില്ല. (അത്യുഗ്ര ശബ്ദം)

ഒരാൾ:- ഞങ്ങൾക്കും മററുള്ളവരെപ്പോലെ ആയാൽ മതി.

സാമു:- എല്ലാവരും നിശ്ശബ്ദരാകുവിൻ.

ഒരാൾ:- ഇസ്രായേലിൻെറ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ.

സാമു:- നിങ്ങൾക്കു രാജാവു് നിങ്ങളിൽനിന്നുതന്നെ. (രംഗത്തേയ്ക്കു തിരിച്ചുവന്നു്) ചിസ്സിൻെറ പുത്രനായ സാവൂളിനെ നിങ്ങൾക്കു രാജാവായി നല്കുന്നു.

ജനം:- (ഏകസ്വരത്തിൽ പുറത്തുനിന്നു്) ഇസ്രായേൽ രാജൻ സാവൂൾ ചിരകാലം വാഴട്ടെ!

സാമു:- അഭിഷേകകർമ്മം ഉടനെ നടക്കുന്നതാണു്. (സാവൂളിനോടു്) സാവൂൾ രാജാവിനു നന്മയുണ്ടാവട്ടെ. യഹോവയുടെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിൻെറ രാജാവായി അങ്ങയെ ഞാൻ വാഴിക്കുന്നു. നിൻെറ അജഗണത്തെ ശത്രുക്കളിൽനിന്നു് നീ കാത്തുരക്ഷിക്കണം. (ബലിപീഠത്തിൽനിന്നും ഒരു പാത്രത്തിൽ തൈലം എടുത്തു്) ഇസ്രായേൽ പ്രമാണിമാരുടെ സാന്നിദ്ധ്യത്തിൽ, രാജാക്ക

ളുടെ രാജാവായ യഹോവയുടെ നാമത്തിൽ നിന്നെ ഞാൻ വിശുദ്ധതൈലം പൂശിക്കൊണ്ട് ഇസ്രായേലിൻെറ ആദ്യരാജാവായി അഭിഷേകം ചെയ്യുന്നു. (തൈലം പൂശിയശേഷം ഇരുകരങ്ങളും ശിരസ്സിൽവച്ച് അനുഗ്രഹിച്ചുകൊണ്ട്) ഏകദൈവമായ യഹോവയുടെ അധികാരങ്ങളും അനുഗ്രഹങ്ങളും നിന്നിൽ വർഷിക്കട്ടെ.

(പുറത്ത് "സാവൂൾ രാജൻ, ഞങ്ങളുടെ രാജൻ" എന്നുള്ള വിജയാരവം, സാവൂൾ തിരിഞ്ഞു ഗൗരവത്തിൽ) നിൽ്ത്തു നിങ്ങളുടെ വിജയാട്ടഹാസം. നിങ്ങളും നിങ്ങളുടെ രാജാവും യഹോവയെ അനുസരിക്കുന്നവരും അവനു വിധേയരും ആയിരിക്കണം. മറിച്ച് നിങ്ങൾ കല്പനകൾ ലംഘിച്ചാൽ, അവൻെറ ഉഗ്രമായ കോപത്തിൻെറ കരം നിങ്ങളുടേയും നിങ്ങളുടെ വംശത്തിൻെറയുംമേൽ പതിക്കും. ഞാൻ ഈ പറഞ്ഞതിനു സാക്ഷ്യമായി ഇപ്പോൾ നിങ്ങളുടെ മുമ്പിൽ അവൻെറ അത്ഭുതങ്ങൾ നടക്കും. വിളവെടുപ്പിൻേറതായ ഈ വേനൽക്കാലത്ത് ഭയങ്കരമായ ഇടിയും മിന്നലും നിങ്ങൾ വിശ്വസിക്കേണ്ടതിനായി അവൻ അയക്കും. (സാമുവൽ കരങ്ങളുയർത്തി പ്രാർത്ഥനാനിരതനാകുന്നു. വെളിച്ചം കുറയുന്നു. അണിയറയിൽ ഇടിമുഴക്കവും രംഗത്ത് മിന്നൽപിണറും അനുഭവപ്പെടുന്നു.)

(കർട്ടൻ)

## രംഗം മൂന്ന്

(മരുഭൂമി. രംഗത്ത് സാമാന്യം വലുപ്പമുള്ള ഒരു കല്ലു മാത്രം. മിനോജും ജനോമിയും ഉല്ലാസപൂർവ്വം കടന്നു വരുന്നു.)

ജനോ:- ഇന്നത്തെ ദിവസം ഇസ്രായേലിനു് അനുഗ്രഹിക്കപ്പെട്ടതാണു്.

മിനോ:- പ്രത്യേകിച്ചു് നമുക്കു് എന്നുകൂടി പറയൂ.

ജനോ:- ശരിയാണു്. ജനങ്ങളെല്ലാം സന്തോഷത്താൽ മതി മറന്നിരിക്കുന്നു.

മിനോ:- ജനോമി ഓക്കുന്നുണ്ടോ അന്നു മലമുകളിൽവച്ചു് ആദ്യം കണ്ടുമുട്ടിയ സന്ദർഭം?

ജനോ:- (ചിരിച്ചു്) പിന്നെ, മറക്കാനോ? ഞാൻ വിചാരിച്ചു ഏതോ കൊള്ളക്കാരായിരിക്കുമെന്നു്.

മിനോ:- കൊള്ളക്കാരല്ലെങ്കിലും കൊള്ളയടിച്ചു.

ജനോ:- എന്തു് (ആകാംക്ഷപൂർവ്വം)

മിനോ:- (ചിരിച്ചുകൊണ്ടു്) എൻെറ ജനോമിയെ.

ജനോ:- (പരിഹസിച്ചു്) എന്നാൽ മോശയുടെ ന്യായപ്രമാണം ലംഘിച്ചല്ലോ.

മിനോ:- എങ്ങിനെ ?

ജനോ:- (നാണം നടിച്ചു്) മനസ്സിലായില്ലായിരിക്കും.

മിനോ:- മനസ്സിലായി. അതിനു ജനോമി ഇന്നു് അന്യയല്ലല്ലോ ?

ജനോ:- സമയം വളരെയായി. വീട്ടിൽ പോകാം.

മിനോ:- (തടഞ്ഞു്) പോകണമെങ്കിൽ കപ്പം കൊടുക്കണം.

ജനോ:- ആർക്കു് ?

മിനോ:- രാജാവിനുതന്നെ.

ജനോ:- ഈജിപ്തിലെ ചക്രവത്തിക്കോ അമ്മോണിലെ അജാജിനോ ?

മിനോ:- അല്ല. സമസ്ത ഇസ്രായേലിൻേറയും രാജാവായ രാജമാന്യ സാവൂളിനു തന്നെ.

ജനോ:- അതിനു ചോദിക്കാൻ നിങ്ങളാരാണു്?

മിനോ:– (അഭിമാനപൂർവ്വം) സാവൂൾ രാജാവിൻെറ വിശ്വസ്ത സേവകനും മന്ത്രിസത്തമനുമായ സാക്ഷാൽ മിനോജ്.

ജനോ:– (പരിഹസിച്ച്) മന്ത്രിസത്തമൻ! കഴുതയെ തേടി ഊരു ചുററുന്നവൻ മന്ത്രിയാണുപോലും!

മിനോ:- പരിഹസിക്കുന്നോ? കഴുതയെ തേടി ഊരു ചുററുന്നവനു രാജാവാകാമെങ്കിൽ എനിക്കു മന്ത്രിയായിക്കൂടേ?

ജനോ:- നിങ്ങൾ ആരെയാണു് ഉദ്ദേശിക്കുന്നതു്?

മിനോ:–(വിസ്ഥിച്ചിരിയോടെ) കഥയറിയാതെ ആട്ടം കണ്ടു. സാവൂൾ ആരാണെന്നറിയാമോ ?

ജനോ:– നമ്മുടെ രാജാവു്.

മിനോ:- (കൊഞ്ഞ നടിച്ചു) ചാചാവു്. അന്നു മലമുകളിൽ (ഉറക്കെ) എൻെറ കൂടെ കണ്ട ആളാണു് അറിയാമോ ?

ജനോ:– (ഭയപ്പെട്ടു്) അയ്യോ! അന്നു ഞാൻ ധിക്കാരമായി പെരുമാറി.

മിനോ:- അന്നു രാജാവല്ലല്ലോ (സ്വാന്തനപ്പെടുത്തിയിട്ടു്)

ജനോ:-എല്ലാം യഹോവയുടെ കാരുണ്യം.

മിനോ:- ജനോമിയുടെ സഹായവും.

ജനോ:-(അസഹ്യതയോടെ) തുടങ്ങി പരിഹാസം.

മിനോ:- അല്ല. അന്നു ജനോമിയല്ലേ ഞങ്ങൾക്കു് സാമുവേലിൻെറ അടുത്തേക്കു് വഴി പറഞ്ഞുതന്നതു്.

ജനോ:– അതെ. അതിനു് ?

മിനോ:– ഞങ്ങൾ ചെല്ലുന്നതിനു മുമ്പുതന്നെ സാമുവലിനു് വെളിപാടുണ്ടായി.

ജനോ: - ഇസ്രായേലിൻെറ ഭാഗ്യം.

മിനോ:-അദ്ദേഹം പ്രവചിച്ചവയെല്ലാം സംഭവിച്ചു.

ജനോ:- എന്തുണ്ടായി ?

മിനോ:- ആട്ടിടയനായ സാവൂൾ ഇന്നു് മഹാനായ ഒരു പ്രവാചകനും ഒന്നാംതരം ഒരു യോദ്ധാവുമാണു്.

ജനോ:- ആരോ ഒരാൾ ഇങ്ങോട്ടു വരുന്നതായി തോന്നുന്നു.

മിനോ:- (സൂക്ഷിച്ചുനോക്കിയിട്ടു്) രാജകുമാരൻ ജൊനാഥാനാണല്ലോ. നീ വീട്ടിലേയ്ക്കു പോയ്ക്കൊള്ളു. (ജനോമി പോകുന്നു. ജൊനാഥാൻ വരുന്നു.)

ജൊനാ:- എന്താ ഞാൻ നരകത്തിലെ കട്ടുറുമ്പായി അല്ലെ? (പരിഹസിച്ചു്)

മിനോ:- (നിസ്സാരഭാവത്തിൽ) ഛായ്! ഒന്നുമില്ല. പിന്നെ എന്നും വെട്ടും കുത്തും തന്നെ. ഇന്നു ചുമ്മാ ഒരുല്ലാസം.

ജൊനാ:- ശരിയാണു്. യുദ്ധം തുടങ്ങിയിട്ടു് നാളുകൾ എത്രയായി.

മിനോ:- ശരീരവും മനസ്സും തളർന്നു. ഒന്നു വിശ്രമിക്കാം. (അടുത്തുള്ള കല്ലിൽ ഇരിക്കാൻ ശ്രമിക്കുന്നു. ജൊനാഥാൻ തടഞ്ഞുകൊണ്ടു്)

ജൊനാ:- അരുതു് മിനോജ്. ആ കല്ലിൽ ഇരിക്കരുതു്. അതു് കുരുതിക്കല്ലാണെന്നറിഞ്ഞുകൂടേ ?

മിനോ:- (എണീററശേഷം) കുരുതിക്കല്ലോ ? ആരെ കുരുതി കഴിക്കാൻ ?

ജൊനാ:- തനിക്കോർമ്മയില്ലേ മാസങ്ങൾക്കുമുമ്പു് അമ്മോണിലെ നാസ്സുമായുണ്ടായ യുദ്ധം ?

മിനോ:- ഞാൻ അന്നു സുഖമില്ലാതെ കിടപ്പിലായിരുന്നു.

ജൊനാ:- യുദ്ധം ജയിച്ചു് ജനങ്ങൾ ആടുമാടുകളെ കൊള്ളചെയ്തു. വിശപ്പും ക്ഷീണാധികൃവും നിമിത്തം അവയെ കൊന്നു ഭക്ഷിച്ചു. വിവരം അറിഞ്ഞ പിതാവു് അവരെ ശാസിച്ച ശേഷം ചോരകൂടാത്ത മാംസം കിട്ടുന്നതിനു വേണ്ടി ഉയർച്ചയിൽ നിർമ്മിച്ച കുരുതിക്കല്ലാണിതു്.

മിനോ:- (സന്തോഷപൂർവ്വം) വളരെ നന്നായി. രാജവാഴ്ച ദിവസം സാമുവൽ പ്രത്യേകം പറഞ്ഞതാണ് ദൈവകല്പന അനുസരിക്കണമെന്നു്. (അത്ഭുതരസം) ഹോ ! അന്നുണ്ടായ ഇടിയും മഴയും!

ജൊനാ:- അത്ര ഭയങ്കരമായിരുന്നോ ?

മിനോ:- പറയാനുണ്ടോ ? ഒരര നാഴികനേരം. അത്രം കൊട്ടം വേനല്ലൂ്.

ജൊനാ:- യഹോവ സർവ്വശക്തനല്ലെ! അവിടുത്തേക്കു് അസാദ്ധ്യമായിട്ടെന്തിരിക്കുന്നു ?

മിനോ:- അന്നു തൊടങ്ങിയതല്ലേ ഈ പൊരിഞ്ഞ യുദ്ധം. ഉറച്ചിരുന്നു് ഒരുവാ കഞ്ഞി കഴിച്ചിട്ടില്ല.

ജൊനാ:- മിനോജു്, എനിക്കൊരു ബുദ്ധി തോന്നുന്നു.

മിനോ:- എന്താണു്, കോളുള്ള വല്ലതുമാണോ! കേൾക്കട്ടെ.

ജൊനാ:- ഇന്നലെ രാവും പകലും നടന്ന ഘോരയുദ്ധത്തിൻെറ ക്ഷീണംകൊണ്ടു് ഫിലിസ്ത്യപ്പട ഇന്നു വിശ്രമിക്കുകയാണു്. (വിരൽ വശത്തേയ്ക്കുചൂണ്ടി) അങ്ങു നോക്കു. അതാണവരുടെ കൂടാരം. നാം അടുത്തുള്ള ആ കുന്നിൻ മുകളിൽ വേഷം മാറി ചെന്നെത്തുക. അവിടെ നിന്നു് ഇസ്രായേൽക്കാർ ആക്രമണത്തിനു് വരുന്നേ എന്നു് ഉറക്കെ വിളിച്ചുകൂവുക. അവിചാരിതമായുണ്ടാകുന്ന തത്രപ്പാടിൽ നമുക്കവരെ വകവരുത്താം.

മിനോ:- (തലയാട്ടി സമ്മതിച്ചുകൊണ്ടു്) പററിയ പരിപാടി. ഞാൻ ചെന്നു് എല്ലാവരേയും അറിയിക്കട്ടെ. (തിരിയുന്നു.)

ജൊനാ:- വേണ്ട, മിനോജു് (മിനോജു് തിരിഞ്ഞു്)

മിനോ:- എന്നാൽ രാജാവിനോടു് പറയാം (വീണ്ടും തിരിയുന്നു)

ജൊനാ:- വേണ്ട. ആരോടും പിതാവിനോടുപോലും പറയണ്ട.

മിനോ:- (പരുങ്ങിക്കൊണ്ട്) എന്നാലും എങ്ങനെയാ...

ജൊനാ:- എന്താ! തനിയ്ക്കു പേടിയുണ്ടോ എന്നോടൊപ്പം നില്ക്കാൻ?

മിനോ:- പേടിയൊന്നുമില്ല. (നിസ്സാരഭാവത്തിൽ-വീണ്ടും പരുങ്ങിയിട്ട്) ഒരു കുഞ്ഞിക്കാലുപോലും കണ്ടില്ലല്ലോ ന്നു് ഓർക്കുമ്പം.......

ജൊനാ:- തനിയ്ക്കു മടിയാണെങ്കിൽ വേണ്ട, ഞാനൊററയ്ക്കു പോകാം.

മിനോ:- അല്പം ഭയമുണ്ടെങ്കിലും മടിയില്ല.

ജൊനാ:- എന്നാൽ സമയം കളയണ്ട. പുറപ്പെടാം.

മിനോ:- സാവൂൾരാജാവിൻെറ വീരപുത്രൻ അടുത്തുള്ളപ്പോൾ എനിക്കു പേടിയല്ലാതെ ഭയമില്ല. (ധൈര്യം നടിച്ച്) ഉടൻ പുറപ്പെടാം. (ഇരുവരും പുറപ്പെടുന്നു)

ജൊനാ:- (പോകുന്നവഴി) യഹോവേ! എല്ലാം നിനക്കു വേണ്ടി.

(കർട്ടൻ)

## രംഗം നാലു്

(മുൻരംഗം തന്നെ. സമയം സന്ധ്യയോടടുത്തിരിക്കുന്നു. സാവൂൾ, ജൊനാഥാൻ, മിനോജ് എന്നിവർ സംസാരിക്കുന്നു.)

സാ:- പ്രിയമുള്ളവരെ, ഇന്നു പകൽമുഴുവൻ നാം അജാജിനോടു ധീരമായി പോരാടി. നമ്മുടെ മുന്നേററത്തിൽ ശത്രുക്കൾ ചിന്നിച്ചിതറി.

ജൊനാ:- നമ്മുടെ സൈന്യം മുഴുവൻ ഇന്നു പട്ടിണിയാണു്.

മിനോ:- ഒരുപക്ഷെ നാം ചെയ്ത ശപഥമായിരിക്കാം വിജയ ത്തിലേയ്ക്കു നമ്മെ നയിച്ചതു്.

സാ:- വാസ്തവം. ഇന്നു പടക്കളത്തിലിറങ്ങിയപ്പോഴേ നാം ശപഥം ചെയ്തു സന്ധ്യയ്ക്കുമുമ്പു് ഒററയൊരാളും ഭക്ഷ്യപാ നീയങ്ങൾ തൊടുകയില്ലെന്നു്. യഹോവയുടെ അനുഗ്ര ഹത്താൽ അജാജും പടയും പലായനം ചെയ്തു.

ജൊനാ:- പ്രഭോ, ക്ഷീണിതരായ സൈന്യത്തെ ഭക്ഷണം ക ഴിക്കാൻ അനുവദിച്ചാലും.

മിനോ:- നാം കൊള്ളയടിച്ചുകൊണ്ടുവന്ന ആടുമാടുകളുണ്ടല്ലോ അവക്കു വിരുന്നിനായി. (ആടിൻേറയും മൂരിക്കുട്ടന്മാരു ടേയും ശബ്ദം അണിയറയിൽ)

സാ:- വളരെ ശരിതന്നെ. ഇന്നത്തെ വിജയത്തിൻേറ പേ രിൽ, നാം പിടിച്ചെടുത്ത കൊഴുത്ത മൂരിക്കുട്ടന്മാരെ അറു ത്തു് സമൂഹവിരുന്നിനൊരുക്കാൻ നാം ആജ്ഞാപി ക്കുന്നു.

ജൊനാ:- പ്രഭോ, നാളേയ്ക്കുള്ള നമ്മുടെ പരിപാടി ഇന്നുതന്നെ തീരുമാനിക്കണം. അല്ലെങ്കിൽ സൈന്യം മുഴുവൻ വി ജയലഹരിയിൽ ഉന്മത്തരാവും.

സാ:- പലായനം ചെയ്ത ശത്രുവിനെ പിന്തുടരണമോ വേണ്ട യോ എന്നു് സത്യദൈവമായ യഹോവയോടു തന്നെ ആലോചിക്കാം. (എല്ലാവരും പ്രാർത്ഥനാനിരതരായി ഇരുകരങ്ങളും ഉയർത്തി നില്ക്കുന്നു)

സ:- ഇസ്രായേലിൻേറ ദൈവമായ യഹോവേ, അവിടുത്തെ അനുഗ്രഹത്താൽ ശത്രുക്കളെ ഞങ്ങൾ ആട്ടിപ്പായിച്ചിരി ക്കുന്നു. അങ്ങയുടെ സഹായവും സാമിപ്യവും മേലിലും ഞങ്ങൾക്കുണ്ടാകണമെന്നു് ഞങ്ങൾ അപേക്ഷിക്കുന്നു. പലായനം ചെയ്ത അജാജിനെ പിന്തുടന്നു് നദി കടക്ക ണമോ വേണ്ടയോ എന്നു് ഞങ്ങൾക്കു വെളിപ്പെടുത്തേ

ണമേ. (വെളിപാട്ട് പ്രതീക്ഷിച്ച് കുറച്ചുസമയം കാത്തിരുന്നശേഷം) യഹോവേ, അവിടുത്തെ വെളിപാടിനു വേണ്ടി ഞങ്ങൾ കാത്തുനില്ക്കുന്നു. (വീണ്ടും പ്രതീക്ഷ. നിരാശനായി ഉയർന്നശബ്ദത്തിൽ കൈകൾ വിറപ്പിച്ച് യാചനാരൂപത്തിൽ)

സാ-: അങ്ങയോടു ഞങ്ങൾ യാചിക്കുന്നു. (പ്രതീക്ഷയും മൗനവും, സാവൂൾ ഉഗ്രനായിക്കൊണ്ട്) പ്രിയമുള്ളവരെ, എന്താണിത്? യഹോവ നിശ്ശബ്ദത പാലിക്കുന്നു.

മിനോ:- നമ്മിൽ ആരെങ്കിലും പാപം ചെയ്തിട്ടുണ്ടാവും.

സാ:- യഹോവേ, അവിടുത്തെ ദാസനോടു ക്ഷമിക്കണമേ. ഞങ്ങൾക്കു നേർവഴി കാട്ടിത്തരണമേ. (പ്രാർത്ഥനക്കു വീണ്ടും നിശ്ശബ്ദത) ഇസ്രായേലിൽ ആരോ പാപം ചെയ്തിരിക്കുന്നു. (ഉഗ്രസ്വരത്തിൽ) നിങ്ങളിൽ ആരെങ്കിലും നമ്മുടെ ശപഥം ലംഘിച്ചുവോ? (ആരും ശബ്ദിക്കുന്നില്ല.) യഹോവ കോപിച്ചിരിക്കുന്നു. ആരാണ് പകൽ ഭക്ഷണം കഴിച്ചത്? (മിനോജും ജൊനാഥാനും പരസ്പരം നോക്കുന്നു. സാവൂൾ അലറിക്കൊണ്ട്) നിങ്ങളിൽ ആരും ശബ്ദിക്കുന്നില്ല. യഹോവയുടെ നാമത്തിൽ ഞാനിതാ പ്രതിജ്ഞ ചെയ്യുന്നു. ഇന്നു പകൽ ഭക്ഷണം കഴിച്ചുകൊണ്ട് കല്പന ലംഘിച്ചവൻ ആരുതന്നെയായാലും, നമ്മുടെ പ്രിയപുത്രൻ ജൊനാഥാനായാലും അവൻെറ തല (അരയിലുള്ള വാൾ തട്ടിക്കൊണ്ട്) ഈ വാളിനരിഞ്ഞ് ഈ കുരുതിക്കല്ലിൽ യഹോവക്കു കാഴ്ചവെയ്ക്കും. (ഇടിമുഴക്കത്തിൻെറ പെരുമ്പറ ശബ്ദം)

മിനോ:- (മുന്നോട്ട് നീങ്ങി വായ് പൊത്തി യാചനാ രൂപത്തിൽ) പ്രഭോ, കുമാരനോടു ക്ഷമിക്കണമേ. (സാവൂൾ മിനോജിനെ ഉഗ്രമായി നോക്കുന്നു)

ജൊനാ:- (വിനയരൂപത്തിൽ) പിതാവേ! ഞാൻ കല്പന ലംഘിച്ച് പാപം ചെയ്തുപോയി. (ശിരസ്സ് കുനിച്ചു നില്ക്കുന്നു.)

സാ:- (അലറിക്കൊണ്ടു) ഞാൻ എന്താണ് ഈ കേൾക്കുന്നതു്.

ജൊനാ:- അങ്ങ് ശപഥം ചെയ്തിരുന്ന വിവരം ഞാൻ അറിഞ്ഞില്ല. താഴ്‌വരയിൽ കണ്ട ഒരു തേനീച്ചക്കൂട്ടിൽ നിന്നും അല്പം തേൻ ഭക്ഷിച്ചുപോയി!

മിനോ:- ഞാൻ കുമാരനോടു് അപ്പഴേ പറഞ്ഞതാണ് വേണ്ടന്നു്.

സാ:- (വേദനയോടെ) എങ്കിലും ഈ പിതാവിനോടിതു വേണ്ടായിരുന്നു മകനേ.

ജൊനാ:- പിതാവേ, എന്നോടു ക്ഷമിച്ചാലും.

സാ:- (ദൃഢസ്വരത്തിൽ) ഇല്ല, തെററു ചെയ്തതു് ആരുതന്നെയായാലും ഞാൻ എൻെറ പ്രതിജ്ഞ നിറവേററും.

ജൊനാ:- (കുരുതിക്കല്ലിൽ സ്വയം തലവെച്ചുകൊണ്ട്) അവിടുത്തെ ശപഥം നിർവ്വഹിച്ചാലും. (സാവൂൾ വാളൂരി ജൊനാഥാൻെറ തലവെട്ടാൻ ഭാവിക്കുന്നു. മുഖത്തു് പ്രയാസം)

മിനോ:- (യാചനാരൂപത്തിൽ) പ്രഭോ, അരുതു്. കൊടും പാതകം ചെയ്യരുതു്. അറിയാതെ ചെയ്ത തെററിനു് യഹോവയോടു ക്ഷമ ചോദിക്കാം.

സാ:- തെററുചെയ്തവൻ ശിക്ഷിക്കപ്പെടേണ്ടതു രാജനീതി.

മിനോ:- ഇന്നത്തെ യുദ്ധത്തിൽ കുമാരൻ വഹിച്ച പങ്ക് അങ്ങു് ഓർമ്മിക്കണം.

സാ:- (ഓങ്ങിയ വാളോടെ) നീങ്ങൾ എന്നെ ധർമ്മസങ്കടത്തിലാക്കുന്നു. (ദൃഢത നടിച്ച്) ഇസ്രായേലിൻെറ രാജാവു് പ്രതിജ്ഞാലംഘകനാകാൻ പാടില്ല. (ഓങ്ങുന്നു)

മിനോ:- പ്രഭോ! ഒരാട്ടിൻ കുട്ടിയെ കുമാരനു പകരം ബലി അർപ്പിച്ച് ക്ഷമ ചോദിക്കാം. പിതാവായ അബ്രാഹമിനോട്ട് ദൈവം ക്ഷമിച്ചതുപോലെ............

(സാമുവൽ ക്രുദ്ധനായി കടന്നു വരുന്നു)

സാമു:- സാവൂൾ, നിൽക്കു. നിൻെറ വാൾ പിൻവലിക്കു.

(എല്ലാവരും സ്തബ്ധരാകുന്നു. ജൊനാഥാൻ എണീററു് സാമുവലിനെ വണങ്ങിക്കൊണ്ടു്)

ജൊനാ:- ദൈവദാസൻ സാമുവൽ അനുഗ്രഹീതനാകുന്നു.

സാ:- (സാമുവലിൻെറ പാദം സ്പർശിച്ചു) എന്നോടു ക്ഷമിക്കണമേ.

സാമു:- (പിൻവാങ്ങിയശേഷം) വേണ്ട. മാറി നില്ക്കു. നീ പാപം ചെയ്തു. (ദൃഢസ്വരത്തിൽ) പാപം ചെയ്ത നിൻെറ ബലി യഹോവയ്ക്കു വേണ്ട.

സാ:- പിതാവേ, എൻെറ പ്രിയപുത്രൻ അറിയാതെ ചെയ്തുപോയ തെററിനു അവൻെറ പേരിൽ ഞാൻ ക്ഷമ ചോദിക്കുന്നു.

സാമു:- ജൊനാഥാൻ ലംഘിച്ചതു നിൻെറ കല്പന. നീ യഹോവയുടെ കല്പനക്കെതിരായി പ്രവർത്തിച്ചു.

സാ:- ഇല്ല. ഒരിക്കലുമില്ല. യഹോവയുടെ കല്പന ഞാൻ പൂർത്തിയാക്കി. അജാജിനെ തോല്പിച്ച് ദൈവജനത്തെ സ്വതന്ത്രരാക്കി. (ആടിൻേറയും മൂരിയുടേയും ശബ്ദം)

സാമു:- (ആജ്ഞാരൂപത്തിൽ) സാവൂൾ, എന്താണു് ആ കേൾക്കുന്ന ശബ്ദം. ആടിൻെറ കരച്ചിൽ, മൂരിയുടെ ഗർജ്ജനം.

സാ:- നമ്മുടെ സൈന്യം ഏററവും നല്ലവ നോക്കി പിടിച്ചെടുത്തവയാണു്.

സാമു:- (അവജ്ഞാപൂർവ്വം) ഏററവും നല്ലവ! അമാലക്കിലെ പാപികളേയും അവരുടെ സകല വസ്തുവകകളേയും നശിപ്പിക്കാൻ നിയമിക്കപ്പെട്ട നീ കല്പന ലംഘിച്ചു.

സാ:- (ഞെട്ടലോടെ) യഹോവക്കു ബലിയർപ്പിക്കാൻ കൊണ്ടുവന്നതാണു്.

സാമു:- (പുച്ഛരസത്തിൽ) സാവൂൾ, കൊള്ളവസ്തുക്കൾകൊണ്ടു ബലിയർപ്പിക്കുകയോ? നശിപ്പിക്കാനല്ലേ യഹോവ അരുളിചെയ്തതു്, ബലിയർപ്പിക്കാനല്ലല്ലോ. യഹോവയുടെ കല്പന അനുസരിക്കാതെ ബലിയർപ്പണംകൊണ്ടു് ദൈവ പ്രീതി നേടാമെന്നു വിചാരിക്കുന്നോ? യഹോവ നിന്നെ വെറുക്കുന്നു. (പെരുമ്പറ ശബ്ദം)

സാ:- (കരഞ്ഞുകൊണ്ടു) അയ്യോ! പിതാവേ, ഞാൻ പാപം ചെയ്തു. കല്പന ലംഘിച്ച പാപിയാണു് ഞാൻ. സൈന്യത്തിൻെറ നിർബന്ധത്തിനു് വഴങ്ങിപ്പോയതാണു്. എന്നോടു ക്ഷമിക്കണമേ.

സാമു:-(വെറുപ്പോടെ) ഇല്ല. യഹോവ എല്ലാററിലും അധികം അനുസരണം ആഗ്രഹിക്കുന്നു. നീ കല്പന നിരസിച്ചു. നാം തമ്മിൽ ഇനി മേലിൽ ബന്ധമില്ല. (തിരിഞ്ഞു നടക്കാൻ ശ്രമിക്കുന്നു. സാവൂൾ പിതാവേ എന്നു് വിളിച്ച് ക്ഷമായാചന രൂപത്തിൽ സാമുവലിൻെറ പുറംകുപ്പായത്തിൻെറ അഗ്രഭാഗത്തു് പിടിക്കുന്നു. അതിൻെറ ഒരു ഭാഗം കീറി സാവൂളിൻെറ കയ്യിൽ കിട്ടുന്നു. സാമുവൽ തിരിഞ്ഞു് ദൃഢസ്വരത്തിൽ) ഈ നിമിഷം ഇസ്രായേലിൻെറ രാജപദവി നിന്നിൽനിന്നും വെട്ടിമാററപ്പെട്ടിരിക്കുന്നു. (പെരുമ്പറ ശബ്ദം) യഹോവക്കും ഇസ്രായേലിനും വേണ്ടി പോരാടാൻ മറെറാരു രാജാവിനെ...........


മിനോ:- പിതാവേ! പുതിയ രാജാവായി ജൊനാഥാനെ തരണമേ.

സാമു:- സാദ്ധ്യമല്ല. രാജാധികാരം സാവൂളിൻെറ കുടുംബത്തിൽനിന്നും എടുത്തു മാററപ്പെട്ടും. ഇസ്രായേലിൽ പുതിയ രാജാവുണ്ടാകും. (ധൃതിയിൽ പുറത്തേയ്ക്കു പോകുന്നു. ശപിക്കപ്പെട്ട സാവൂൾ എന്നു പറഞ്ഞു് സാവൂൾ വിലപിക്കുന്നു.)

(കർട്ടൻ)

ശുഭം

DC Library
*00031981*
T62 V43



# സ്നേഹം

43

T62
V43